ശ്രീരാമവർമ്മഗ്രന്ഥാവലി

ചാണക്യസൂത്രം

കിളിപ്പാട്ട്.

കൊച്ചിമലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
ഒരു ലഘുവ്യാഖ്യാനത്തോടും പ്രസ്താവനയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

ശ്രീരാമവർമ്മഗ്രന്ഥാവലി

ചാണക്യസൂത്രം

കിളിപ്പാട്ട്.

കൊച്ചിമലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
ഒരു ലഘുവ്യാഖ്യാനത്തോടും പ്രസ്താവനയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നത്.



കൊച്ചി — 500.

Printed at

THE RAMANUJA PRINTING HOUSE LTD., TRICHUR.

വില അണ ൧൨.

പ്രസ്താവന.

ജനങ്ങളുടെ നിത്യപാരായണത്തിന്നുപയുക്തങ്ങളായ വിഷയങ്ങളാണു പുരാണഗ്രന്ഥങ്ങൾ. പണ്ഡിതപാമരസാധാരണമായ ലോകത്തിന്നു പൊതുവെ രസപ്രദമായ ഒരു കലയാണു സംഗീതം. ഈ രണ്ടുസംഗതികളുംകൂടി ആലോചിച്ചിട്ടായിരിക്കാം ബുദ്ധിമാനായ എഴുത്തച്ഛൻ പുരാണഗ്രന്ഥങ്ങളെ കിളിപ്പാട്ടാക്കുവാൻ നിശ്ചയിച്ചതു്. താളമേളങ്ങളൊന്നും കൂടാതെ അല്പം സംഗീതരീതിയോടുകൂടി വായിപ്പാൻ വളരെ പാകത്തിലുള്ള കിളിപ്പാട്ടുരീതി വായനക്കാരെയും ശ്രോതാക്കളെയും രസിപ്പിക്കയും ലയിപ്പിക്കയും ചെയ്യുന്നതാണല്ലൊ.

മനുഷ്യർ കിളി (തത്ത)കളെ പിടിച്ചിണക്കി സംസാരിപ്പാൻ പഠിപ്പിച്ചാൽ അവ പഠിപ്പിച്ചപോലെ സംസാരിക്കും; എന്നാൽ അതു്, അവ ചിലക്കുന്ന ശബ്ദംപോലെയല്ലാതെ മനുഷ്യർ സംസാരിക്കുന്നപോലെ വർണ്ണവ്യക്തിയോടുകൂടിയായിരിക്കയില്ല; മനുഷ്യർ തങ്ങളുടെ ഉള്ളിലുദിക്കുന്ന വിചാരങ്ങളെ വിവക്ഷാനുസാരമായി അന്യന്മാരെ ഗ്രഹിപ്പിപ്പാൻ ഉപകരണമായ ഭാഷയും അതിന്നില്ല; എന്നാൽ അതിനെ പഠിപ്പിച്ചപോലെയുള്ള ചില സംഗതികളെ അതു ശബ്ദിക്കുമ്പോൾ, ശിശുക്കളുടെ 'അവ്യക്തവർണ്ണരമണീയ'ങ്ങളായ 'വചഃപ്രവൃത്തി'കളെ കേൾക്കുമ്പോൾ അവരുടെ അച്ഛനമ്മമാർ 'അച്ഛ, അമ്മ, കാക്ക, പൂച്ച' എന്നൊക്കെയാണു് ആ ശിശുക്കൾ പറയുന്നതു് എന്നു തങ്ങളുടെ ഇച്ഛാധീനമായി സങ്കല്പിച്ചു രസിക്കുന്നതു

പോലെ കിളികളുടെ ശബ്ദങ്ങളിലും മനുഷ്യർ സങ്കല്പശക്തികൊണ്ടു രസിക്കുന്നു. അതുപോലെ പൂർവ്വകവികളായ വാല്മീകി, വ്യാസൻ മുതലായവർ അവരുടെ ഭാഷയിൽ (സംസ്കൃതത്തിൽ) ഉണ്ടാക്കിയിട്ടുള്ള പുരാണങ്ങളെ ഒരു മലയാളിയായ താൻ തന്റെ ഭാഷയിൽ പാടുന്നു. ഇക്കാൎയ്യത്തിൽ തനിക്കുള്ള ചുമതല ഒരു തത്തക്കുള്ളതുപോലെ മാത്രമേയുള്ളു. ശ്രോതാക്കൾക്കാകട്ടെ തത്ത സംസാരിക്കുന്നതു കേൾക്കുമ്പോൾ എന്നപോലെ തന്റെ ഈ നൂതനപ്രയോഗത്തിലും, അപൂർവ്വത എന്ന ഗുണം നിമിത്തം ഒരു കൌതുകമുണ്ടാവാനവകാശമുണ്ടല്ലോ. ഈ യുക്തിയോടുകൂടിയായിരിക്കാം ബുദ്ധിമാനും വിദ്വാനും സരസനുമായ ആ മഹാകവി പുരാണകഥകളെ കിളിപ്പാട്ടാക്കിയതു്.

അല്ലെങ്കിൽ, ആദികവിയായ ശ്രീവാല്മീകിമഹർഷി തന്റെ ആദികാവ്യമായ രാമായണത്തെ സ്വശിഷ്യന്മാരായ കുശലവന്മാരെക്കൊണ്ടു ശ്രീരാമന്റെ അശ്വമേധയാഗത്തിൽ കൂടിയിരുന്ന മഹാന്മാരുടെ സദസ്സിൽ മനോഹരമായി ഗാനം ചെയ്യിച്ചുകൊണ്ടാണു ലോകത്തിൽ പ്രകാശിപ്പിച്ചതു് എന്നു രാമായണത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു തന്റെ ആദ്യകൃതിയായ 'അധ്യാത്മരാമായണ'ത്തെയും ഗാനരീതിയിൽതന്നെ പ്രകാശിപ്പിക്കുന്നതു് ഉചിതമായിരിക്കും എന്നു കല്പിച്ചു് അങ്ങനെ ചെയ്തു; അതിനെ ജനങ്ങൾ അത്യാദരപൂർവ്വം സ്വീകരിച്ചു പാടി നടപ്പാക്കിയതിനാൽ കൃതാൎത്ഥനായ കവി, ഭാരതം, ഭാഗവതം എന്ന ഇതിഹാസപുരാണഗ്രന്ഥങ്ങളെ രാമായണത്തെക്കാൾ അധികം ഗാനരീതിവൈചിത്ര്യത്തോടുകൂടി നാട്ടുകാരുടെ പാട്ടിലാക്കിത്തീൎത്തു എന്നും വിചാരിക്കാം. അതു് എങ്ങനെയെങ്കിലും ഇരിക്കട്ടെ.

'എഴുത്തച്ഛൻപാട്ടു' നടപ്പിൽ വന്നതിനുശേഷം ഏതു കഥയും കിളിപ്പാട്ടുരീതിയിലാക്കുവാൻ കേരളീയകവികൾക്കു്

ക്കൌത്സുക്യം വൎദ്ധിച്ചു. ആ ഔത്സുക്യത്തിന്റെ ഫലമായിട്ട് ആ ഇനത്തിൽ അനേകം സന്തതികളുണ്ടായിട്ടുണ്ടെങ്കിലും, അതിലൊന്നിനും ആ അച്ഛന്റെ അച്ചിന്റെ ഗുണം കാണുന്നില്ല. ഇത്തരത്തിലൊന്നാണ് 'ചാണക്യസൂത്രം' കിളിപ്പാട്ട്. ഇക്കഥയിൽ, സ്ത്രീലോകത്തിന്റെ പ്രവേശമെന്നല്ല പ്രസംഗംപോലുമില്ലാത്തതിനാൽ, വിദ്യാൎത്ഥികൾക്കു വിരുദ്ധമായ ശൃംഗാരരസത്തിന്റെ സ്പൎശംതന്നെയില്ല; ഇതു നിമിത്തം ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങൾക്കും പാഠ്യപുസ്തകങ്ങളിൽ പലപ്പോഴും ധാരാളം സ്ഥാനം കിട്ടാറുള്ളതുകൊണ്ട് ഇതിനു നല്ല പ്രസിദ്ധിയും പ്രചാരവുമുണ്ടായിട്ടുമുണ്ട്.

'പഞ്ചതന്ത്രം' കിളിപ്പാട്ടും ഏകദേശം ഇതുപോലെ തന്നെയുള്ള മറെറാരു ഗ്രന്ഥമാണ്. ചാണക്യസൂത്രത്തിലെയും, പഞ്ചതന്ത്രത്തിലെയും പ്രമേയം നീതിശാസ്ത്ര (അൎത്ഥശാസ്ത്ര) സിദ്ധാന്തങ്ങളെ പ്രയോഗംകൊണ്ട് അനുഭവപ്പെടുത്തുക എന്ന ഒന്നുതന്നെയാണ്. എങ്കിലും അവയ്ക്കു തമ്മിൽ അല്പം വ്യത്യാസമുണ്ട്. ചാണക്യസൂത്രത്തിലെ കഥ വാസ്തവവും മറേറതു കവികല്പിതവുമാണ്. ഒന്നാമത്തേതിൽ അൎത്ഥശാസ്ത്രപണ്ഡിതനായ ചാണക്യൻ എന്ന ബ്രാഹ്മണൻ, രാജസഗുണസമ്പന്നന്മാരും അധൎമ്മിഷ്ഠന്മാരുമായ കുസുമപുരത്തിലെ ക്ഷത്രിയരാജാക്കന്മാരെ നീതിതന്ത്രനൈപുണ്യംകൊണ്ടും ബുദ്ധിപ്രഭാവംകൊണ്ടും കുലത്തോടെ മുടിച്ച്, ആ സ്ഥാനത്തു ബുദ്ധിമാനും സദ്ഗുണയുക്തനുമായ ഒരു ശൂദ്രനെ വാഴിച്ചു രാജ്യത്തെ നിഷ്കണ്ടകമാക്കി പ്രകൃതികളെയും രാജാവിനെയും രഞ്ജിപ്പിച്ചു എന്നുള്ള കഥയാണു വിഷയം. രണ്ടാമത്തേതിൽ സോമശൎമ്മാവെന്ന ഒരു 'ശാസ്ത്രിബ്രാഹ്മണൻ' പാടലീപുത്രത്തിലെ സുദൎശനരാജാവിന്റെ പുത്രന്മാരെ ആറുമാസംകൊണ്ടു 'സൽകഥാകഥനമെന്നുള്ളൊരു മാൎഗ്ഗത്തൂടെ' നീതിശാസ്ത്രങ്ങളെല്ലാം

പഠിപ്പിച്ചു പ്രകാരത്തെയാണ് വിഷയീകരിച്ചിട്ടുള്ളത്. ചാണക്യസൂത്രത്തിലെ കഥാപാത്രങ്ങളെല്ലാം വാസ്തവമനുഷ്യർതന്നെയാണ്. അവർ നീതിശാസ്ത്രോക്തങ്ങളായ സാമാദ്യുപായങ്ങളെയും സന്ധ്യാദിനയങ്ങളെയും പ്രയോഗിച്ചു കാൎയ്യം നിൎവ്വഹിക്കുന്നു; പഞ്ചതന്ത്രത്തിൽ സിംഹവ്യാഘ്രാദികളും കാകോലൂകാദികളുമായ തിൎയ്യഗ്ജന്തുക്കളിൽ മനുഷ്യധൎമ്മം ആരോപിച്ചു ഫലസിദ്ധി വരുത്തുന്നു. ചാണക്യസൂത്രം വായിക്കുമ്പോൾ, നീതിതന്ത്രനിഷ്ണാതനായ ചാണക്യന്റെ ബുദ്ധികൌശലവും, സചിവായത്തസിദ്ധിയും, ധീരശാന്തനായ ചന്ദ്രഗുപ്തന്റെ ധൈൎയ്യനൈസൎഗ്ഗവിദ്യാദി സ്വാമിഗുണങ്ങളും, യന്ത്രമന്ത്രൌഷധാദികുടിലതന്ത്രങ്ങളുണ്ടെങ്കിലും, ദീൎഘദൎശിത്വം, ഏകദൈവശ്യം, മിത്രസ്നേഹം, സ്ഥിരോത്സാഹം, സൎവ്വാതിശായിയായ സ്വാമിഭക്തി മുതലായ അമാത്യരാക്ഷസന്റെ മന്ത്രിഗുണങ്ങളും, പരാൎത്ഥലോഭം നിമിത്തം അകാൎയ്യം പ്രവൎത്തിച്ച് ഒടുവിൽ അതുകൊണ്ടുതന്നെ ആത്മനാശം അനുഭവിച്ച പൎവ്വതരാജാക്കന്മാരുടെ ബുദ്ധിഹീനതയും, പ്രതിയോഗിയുടെ ശക്തിയറിയാതെ ദുൎബ്ബലനായ മലയകേതുവിനു സഹായിപ്പാൻ പുറപ്പെട്ട് ആപത്തിലകപ്പെട്ട ചിത്രവൎമ്മാദി പഞ്ചരാജാക്കന്മാരുടെ അസ്വാതന്ത്ര്യകാരിത്വവും, തന്റെ സൎവ്വസ്വവും പ്രാണനും നശിച്ചാലും വിശ്വാസ്യതയ്ക്കും മിത്രധൎമ്മത്തിനും ഭംഗം വരുത്തുന്നതല്ലെന്നുള്ള സ്ഥിരനിശ്ചയത്തിൽ നിന്നിളകാത്ത ശ്രേഷ്ഠിപ്രവരനായ ചന്ദനദാസന്റെ ധീരോദാത്തതയും മഹാമനസ്കതയും, ശത്രുപക്ഷത്തിൽ ചെന്നുചേൎന്നു സൎവ്വക്ലേശങ്ങളും സഹിച്ച് അവൎക്കു വിശ്വാസം ജനിപ്പിച്ച് അവരുടെ ഹൃദയം കവൎന്ന് അവസരംനോക്കി ചാണക്യന്റെ ഉപദേശങ്ങളെ പ്രയോഗിച്ചു ശത്രുക്കളെ തമ്മിൽ ഭേദിപ്പിച്ച് അവരുടെ ബലം ക്ഷയിപ്പിച്ചു കാൎയ്യം സാധിപ്പാൻ യത്നിച്ച ഭാഗുരായണൻ, സിദ്ധാൎത്ഥകൻ, നിപുണകൻ, ഉന്ദുരകൻ മുതലായ ചാണക്യചാരന്മാരുടെ ബുദ്ധിവി

ലാസവും, ചാണക്യന്റെ വിജയത്തിന് ആദ്യംമുതൽ അവസാനംവരെ സഹായിച്ച ചാണക്യതുല്യനും ക്ഷപണകവേഷധാരിയുമായ ഇന്ദുശർമ്മാവെന്ന ബ്രാഹ്മണന്റെ കുടിലതന്ത്രങ്ങളും, അതാതവസരത്തിൽ പ്രത്യക്ഷമായി കാണുന്നതുപോലെ നമുക്കനുഭവം വരുന്നു.

എന്നാൽ പഞ്ചതന്ത്രത്തിൽനിന്നാകട്ടെ, കഥാപാത്രങ്ങളുടെ സ്വഭാവം കവിയുടെ കല്പനാശക്തിയാകുന്ന കണ്ണാടിയിൽ പ്രതിഫലിച്ചിട്ട് അതിൽനിന്ന് ഒരു ഛായാഗ്രാഹിയന്ത്രംകൊണ്ടു ഛായയെടുത്തു കാണിക്കുന്നതുപോലെയോ അല്ലെങ്കിൽ അതിൽനിന്ന് ഒരു മറികൂടി മറിഞ്ഞു ബയസ്കോപ്പുകളിലെപ്പോലെയോ ആണു നമുക്കനുഭവം വരുന്നത്.

ചാണക്യസൂത്രത്തിലെ കഥാവസ്തുവിനെ ശ്രീമദ്ഭാഗവതം ദ്വാദശസ്കന്ധം ഒന്നാമധ്യായത്തിൽ കലിയുഗത്തിലെ രാജാക്കന്മാരെ കുറിച്ചു പറയുന്ന ഭാഗത്തു സൂചിപ്പിക്കയും വിഷ്ണുപുരാണത്തിൽ സാമാന്യം വിവരിക്കയും, ഏകദേശം അതുപോലെതന്നെ മത്സ്യം, വായവ്യം, ബ്രഹ്മാണ്ഡം ഈ പുരാണങ്ങളിൽ പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. സോമദേവഭട്ടവിരചിതമായ 'കഥാസരിത്സാഗരം' എന്ന ഗ്രന്ഥത്തിൽ കഥാപീഠലംബകം അഞ്ചാംതരംഗത്തിൽ ൧൦൮ മുതൽ ൧൫൪ വരെയുള്ള ശ്ലോകങ്ങളെക്കൊണ്ടു ഈ കഥ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. വിശാഖ(ദത്ത)ദേവകവിയുടെ കൃതിയായ "മുദ്രാരാക്ഷസം" എന്ന സംസ്കൃതനാടകവും ഈ കഥയെ വിഷയീകരിച്ചുള്ളതാണ്. എന്നാൽ 'ചാണക്യസൂത്രം' കിളിപ്പാട്ടിന്റെ നാലാംപാദം മുതൽക്കുള്ള കഥമാത്രമേ ആ നാടകത്തിലുള്ളൂ. നന്ദമൗര്യന്മാരുടെ ഉത്ഭവവും അവർ തമ്മിലുണ്ടായ വിരോധവും നന്ദന്മാർ മൗര്യന്മാരെ ചതിയായി കല്ലറയിലടച്ചു കൊന്നതും, അച്ഛന്റെയും സോദരന്മാരുടെയും ശാപത്തിൻപ്രകാരം ചന്ദ്ര

ഗുപ്തൻ നന്ദന്മാരോടു പ്രതികാരം ചെയ്വാൻ ശപഥംചെയ്തു ജീവിച്ചിരുന്നതും, ചന്ദ്രഗുപ്തന്നു ചാണക്യസംഗമം ലഭിച്ചതും, നന്ദന്മാരാൽ അവമാനിതനായ ചാണക്യൻ നന്ദവംശവിനാശംചെയ്തു തൽസ്ഥാനത്തു ചന്ദ്രഗുപ്തനെ അഭിഷേകം ചെയ്യുന്നതാണെന്നു പ്രതിജ്ഞചെയ്തതും, ക്ഷപണകാദിചാരന്മാരുടെയും പൎവ്വതകാദിബലവാന്മാരായ ബന്ധുക്കളുടെയും സഹായം സമ്പാദിച്ചു സന്ധിവിഗ്രഹാദിനയങ്ങളും സാമദാനാദ്യുപായങ്ങളും പ്രയോഗിച്ചു നന്ദവംശവിനാശം ചെയ്തു ചാണക്യചന്ദ്രഗുപ്തന്മാർ തീൎണ്ണപ്രതിജ്ഞാൎണ്ണവന്മാരായതും, ചാണക്യസൂത്രത്തിന്റെ ആദ്യത്തെ മൂന്നു പാദങ്ങളിലടങ്ങിയ കഥകളാണ്. അതൊന്നും നാടകത്തിലില്ല. നന്ദന്മാരുടെ പൂൎവ്വമന്ത്രിയും നീതിശാസ്ത്രവിശാരദനുമായ രാക്ഷസാമാത്യൻ നന്ദപുത്രന്മാരുടെ യുദ്ധത്തിൽ മരിക്കാതെ ശേഷിച്ചിരുന്നു; അയാൾ കൌടില്യന്റെ നീതിതന്ത്രത്താൽ സുരക്ഷിതനായ ചന്ദ്രഗുപ്തനെ വധിച്ചു പകവീട്ടുവാൻ തരംനോക്കി പ്രയത്നംതുടങ്ങി ബുദ്ധിമാനും ഗുണജ്ഞനുമായ വിഷ്ണുഗുപ്തനാകട്ടെ ഇത്ര സ്വാമിഭക്തനും നയകോവിദനുമായ ഈയാളെത്തന്നെ ഒററാനായ കാട്ടാനയെപ്പോലെ കേടുതട്ടാതെ പിടിച്ചിണക്കി മന്ത്രിസ്ഥാനത്തു കയററിയെഴുന്നള്ളിച്ചാലേ ചന്ദ്രഗുപ്തൻ ലബ്ധപ്രതിഷ്ഠനാകയുള്ളുവെന്നു നിശ്ചയിച്ച് അതിനുള്ള വഴികളും തയാറാക്കി; ഒടുവിൽ കൌടില്യവിപ്രൻ രാക്ഷസാമാത്യന്റെ സൎവ്വതന്ത്രങ്ങളേയും നിശ്ശേഷം നശിപ്പിച്ച് അടിയറുത്തു തന്റെ വശംവദനാക്കി അനുഗ്രഹത്തെക്കൊണ്ട്, അതുവരെ താൻ വഹിച്ചിരുന്ന ചന്ദ്രഗുപ്തന്റെ മന്ത്രിപദമുദ്രയായ വാളേല്പിച്ച് അന്യോന്യമുണ്ടായിരുന്ന വൈരകാലുഷ്യകളങ്കമെല്ലാം കളഞ്ഞു ഒക്കെ കഴുകുകയും ചെയ്തു. ഇതാണ മുദ്രാരാക്ഷസനാടകത്തിലെ കഥാവസ്തു.

ചാണക്യസൂത്രം കിളിപ്പാട്ടിന്റെ മൂലം മുദ്രാരാക്ഷസനാടകമാണെന്നു നിൎണ്ണയിപ്പാൻ വേറെയും ലക്ഷ്യങ്ങളുണ്ട്.

"ആസ്വാദിതദ്വിരദശോണിതശോണശോഭാം
സന്ധ്യാരുണാമിവകലാം ശശലാഞ്ഛനസ്യ
ജൃംഭാവിദാരിതമുഖസ്യമുഖാൽസ്ഫുരന്തീം
കോഹൎത്തുമിച്ഛതിഹരേഃ പരിഭൂയദംഷ്ട്രാം"

എന്നിത്യാദിയായി ആ നാടകത്തിലുള്ള പല ശ്ലോകങ്ങളുടെയും നേർതൎജ്ജമ.

"ദ്വിരദരുധിരകണനേകശോണാഭയാൽ
തെളിവിനൊടു സന്ധ്യക്കരുണയായ്മിന്നുന്ന
ശിശിരകരമഹിതകലയെന്നപോലെയൊത്ത
സിംഹവദനത്തിലുള്ളൊരു ദംഷ്ട്രയെ
പരിചൊടു പറിച്ചുകൊണ്ടങ്ങുപോന്നീടുവാൻ
പാരതിലേവൻനിനയ്ക്കുന്നതോർക്ക നീ"

ഇങ്ങനെ കിളിപ്പാട്ടിൽ കാണുന്നുണ്ട്. ആകെ മുഴുവൻ വിചാരിച്ചാൽ ഈ പ്രസ്താവന ഗദ്യപദ്യങ്ങളും കിളിപ്പാട്ടും കൂടികലൎന്ന ഒരു മിശ്രനാടകമായിത്തീരും.

'ചാണക്യസൂത്രം' എന്ന് ഈ ഗ്രന്ഥത്തിനു പേരു കല്പിച്ചതാരാണെന്നും എന്തു നിമിത്തമാണെന്നും തിട്ടപ്പെടുത്തുവാൻ വഴി കാണുന്നില്ല. ഗ്രന്ഥകാരൻ ഓരോ പാദങ്ങളുടെ അവസാനത്തിലും "ഇതി മുദ്രാരാക്ഷസേ—നവനന്ദാഭിഷേക- നവനന്ദവധ- രാക്ഷസമലയകേതുസംവാദ-രാക്ഷസവഞ്ചന—നാമഗാനവിശേഷസ്സമാപ്തഃ" എന്നാണു പേർ കൊടുത്തു കാണുന്നതു. 'സൂത്രം' എന്ന പദത്തിനു 'കൗശലം' എന്നു നാട്ടുഭാഷയിൽ പ്രസിദ്ധമായ അൎത്ഥത്തെ പുരസ്കരിച്ചുകൊണ്ട് അൎവ്വാചീനന്മാരായ ഗ്രന്ഥമെഴുത്തുകാരോ അച്ചടിക്കാരോ തട്ടിവിട്ടതായിരിക്കാം ഈ പേര്.

അല്ലെങ്കിൽ ജ്യോതിഷം, വ്യാകരണം മുതലായ ശാസ്ത്രങ്ങൾക്കു 'ജൈമിനി,' 'പാണിനി' മുതലായവരുടെ സൂത്രഗ്രന്ഥങ്ങളുള്ളതുപോലെ, പ്രസിദ്ധമായ ചാണക്യന്റെ അൎത്ഥശാസ്ത്രത്തെ നീതിസൂത്രം എന്നു ചില

പണ്ഡിതന്മാർ വ്യവഹരിച്ചുവരാറുള്ളതുകൊണ്ട്, പക്ഷേ ആ ഗ്രന്ഥം ഇതാണെന്നു ഭ്രമിച്ചു വേറെ ചിലർ ചാണക്യസൂത്രം എന്നു പേർ പറഞ്ഞു തുടങ്ങിയതോ എന്നും ശങ്കിപ്പാൻ അവകാശമില്ലായ്കയില്ല. "അല്പാക്ഷരമസന്ദിഗ്ദ്ധം സാരവദ്വിശ്വതോമുഖം, അസ്തോഭമനവദ്യം ച സൂത്രം സൂത്രവിദോ വിദുഃ" എന്ന അഭിധാനപ്രകാരമുള്ള ലക്ഷണങ്ങളെക്കൊണ്ടു ചാണക്യന്റെ അർത്ഥശാസ്ത്രത്തിനു 'നീതിസൂത്രം' എന്ന പേർ കൊടുക്കുന്നതിൽ ഒട്ടും അസാംഗത്യമില്ലെങ്കിലും, നമ്മുടെ പ്രകൃതഗ്രന്ഥത്തിനു 'മുദ്രാരാക്ഷസം' എന്നു കവി കല്പിച്ചിട്ടുള്ള പേർതന്നെയാണു യുക്തമായി തോന്നുന്നതു്. പുസ്തകപ്രചാരത്തിനു വൈഷമ്യം നേരിട്ടെങ്കിലോ എന്നു ശങ്കിച്ചു്, തൽക്കാലം പഴയ പേരിനു യാതൊരു മാററവും ചെയ്യുന്നില്ല.

ചാണക്യചന്ദ്രഗുപ്തന്മാരുടെ കാലത്തെപ്പററി നമ്മുടെ പ്രമാണഗ്രന്ഥങ്ങളിൽ സ്പഷ്ടമായിട്ടൊന്നും പറഞ്ഞു കാണുന്നില്ല. എന്നാൽ വരാഹമിഹിരന്റെ 'ബൃഹജ്ജാതകം' എന്ന ഹോരാശാസ്ത്രത്തിൽ ആയുർദ്ദായാദ്ധ്യായത്തിൽ 'ആയുർദ്ദായം വിഷ്ണുഗുപ്തോഽപി ചൈവം ദേവസ്വാമീ സിദ്ധസേനശ്ച ചക്രേ' എന്ന പദ്യംകൊണ്ടു വിഷ്ണുഗുപ്തൻ (ചാണക്യൻ) ജ്യോതിഷതന്ത്രത്തിൽ ഒരു പൂർവ്വാചാര്യനായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നതിനാൽ, വിഷ്ണുഗുപ്തൻ വരാഹമിഹിരനേക്കാൾ പ്രാചീനനാണെന്നു സ്പഷ്ടമാണല്ലോ. ഇനിയൊരു രണ്ടാംതരം തെളിവുംകൂടിയുണ്ടു്.

"അലകാമതിവാഹ്യൈവ വസതിം വസുസമ്പദാം
സ്വർഗ്ഗാ"ഭിഷ്യന്ദവമനം" കൃത്വേ"വോപനിവേശിതം."

(കുമാരസംഭവം സർഗ്ഗം 6. ശ്ലോകം 37)

മേലെഴുതിയ ശ്ലോകത്തിൽ ഉദ്ധരണചിഹ്നമിട്ടു കാണിച്ചിരിക്കുന്ന പദങ്ങൾ കൌടില്യന്റെ നീതിശാസ്ത്രത്തിൽ

ഉത്തപൂൎവ്വാഉത്തപൂൎവ്വം വാ ജനപദം പരദേശോപചാരത്വേ സ്വാൎത്ഥശാലിഷ്യന്ദവമനേന വാ നിൎവചനീയം.” എന്നു സൂത്രത്തിലും കാണുന്നു. ഇവിടെ ശാസ്ത്രകാരവചനത്തെ കവി സംഗ്രഹിച്ചതോ കവിപ്രയോഗത്തെ ശാസ്ത്രകാരൻ അനുവദിച്ചതോ എന്നു് ‘ബീജാങ്കുരന്യായേന’ ഒരു വാദത്തിനുവകാശമുണ്ടെങ്കിലും ശാസ്ത്രപ്രസിദ്ധമായ സാങ്കേതികപദത്തെ കവി പ്രയോഗിച്ചതാകണമെന്നു വിധിപ്പാനാണു് അധികം ന്യായം കാണുന്നതു്. അങ്ങനെയാണെങ്കിൽ, കൗടില്യൻ കാളിദാസനേക്കാൾ പ്രാചീനനാണെന്നു സിദ്ധമാകുന്നു.

കാളിദാസനെയും വരാഹമിഹിരനെയും “ധന്വന്തരിക്ഷപണക” ഇത്യാദി പദ്യംകൊണ്ടു വിക്രമാദിത്യസദസ്യന്മാരായി ഗണിച്ചിട്ടുള്ളതു ശരിയാണെങ്കിലുമല്ലെങ്കിലും, ചാണക്യനു് ഇവരിലെല്ലാരിലും കാരണവസ്ഥാനമുണ്ടെന്നു തെളിയിക്കാൻ മേലെഴുതിയ ഹോരാകുമാരസംഭവശ്ലോകങ്ങൾ, മതിയാകുമെന്നുതോന്നുന്നു. ഹോരകളിൽ പ്രാചീനചരിത്രാന്വേഷണം ചെയ്യുന്ന പണ്ഡിതന്മാരുടെ നഷ്ടജാതകനിൎമ്മാണക്രിയയെത്തന്നെ ശരണം പ്രാപിക്കേണ്ടിവരും.

ഇനി ചാണക്യസൂത്രം കിളിപ്പാട്ടിന്റെ കൎത്താവിനെക്കുറിച്ചാണു് ആലോചിക്കേണ്ടതു്. ഭാഷാചരിത്രത്തിൽ ചാണക്യസൂത്രവും, പഞ്ചതന്ത്രവും, കുഞ്ചൻനമ്പ്യാരുടെ പേരിൽ രജിസ്റ്റർചെയ്കയും, ഗതാനുഗതികന്മാരായ പലരും അതിനെ കണ്ണടച്ചു വിശ്വസിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ നമ്പ്യാരുടെ പഞ്ചതന്ത്രം, നളചരിതം മുതലായ കിളിപ്പാട്ടുകളും ചാണക്യസൂത്രവും തമ്മിൽ താരതമ്യപ്പെടുത്തേണമെന്നുള്ള വിചാരത്തോടുകൂടി അവയുടെ രചനാഗുണങ്ങളെയും, കവിയുടെ മനോധൎമ്മപ്രകടനങ്ങളെയും, സൂക്ഷ്മം പരിശോധിക്കുന്ന ഒരു ഭാഷാസാഹിത്യരസികനു് ചാണക്യസൂത്രവും പഞ്ചതന്ത്രവും സഹോദരങ്ങളാണെന്നു പറവാൻ ധൈൎയ്യമുണ്ടാകുമെന്നു തോന്നുന്നില്ല. രണ്ടു

ഗ്രന്ഥങ്ങളുടെയും ആരംഭം, 'പാടലീപുത്ര'മെന്ന പുരത്തെ കുറിച്ചുള്ള പ്രസ്താവനയിൽനിന്നു തന്നെയാണ്. പഞ്ചതന്ത്രത്തിലെ 'പാടലീപുത്രമാം കേളിസഭാഗൃഹം' എന്ന ഇരട്ടിയുള്ള പതിനാലു വരികളെക്കൊണ്ടു ചിത്രമെഴുതി വായനക്കാരെ കാണിപ്പിക്കുന്ന പാടലീപുത്രത്തെത്തന്നെ ചാണക്യസൂത്രത്തിൽ "ഏതിലൊന്നാകിനിന്നോടു തീർത്തകം ഇന്ദ്രനഗരതുല്യം പാടലീപുത്രമെന്നു" എന്നു വരികൊണ്ടു ചുരുക്കിക്കാണിക്കുന്നതിനെ, കവിയുടെ വർണ്ണനാശക്തിയില്ലായ്മകൊണ്ടു മാത്രമാണെന്നു പറഞ്ഞാൽ തെറ്റുമായിരിക്കുന്ന വിളിച്ചു പറയുന്നവരായി ഞാനും അക്കൂട്ടത്തിൽ കടന്നാലും ഞങ്ങളൊന്നാണ്. ഓരോ പാത്രങ്ങളുടെ വിചാരം, വികാരം, പ്രവൃത്തി, ഇവയിലുള്ള തന്മയത്വംകൊണ്ടു പഞ്ചതന്ത്രകാരൻ കാള, സിംഹം, കാക്ക, ശ്രമൻ മുതലായ തിര്യക്കുകളെ ലോകയാത്രയ്ക്കു വഴികാട്ടും സദ്ഗുരുക്കന്മാരാക്കി ഉയർത്തി ഒരു കൂട്ടത്തെ ഒരു സ്ഥാനത്തിനു അധികാരികളാക്കിത്തീർത്തിരിക്കുന്നു. നേരെമറിച്ച്, ചാണക്യസൂത്രകാരൻ, അതിമാനുഷരായ കഥാപാത്രങ്ങളെക്കൊണ്ട് സാധാരണ കാര്യങ്ങളെ നിർവഹിപ്പിക്കുന്നു. സർക്കസ്സുകളിലെന്നോ പാവകളെക്കൊണ്ടെന്നോ അവരുടെ ശൃംഗാരം, പരാക്രമം മുതലായ ഉൽക്കൃഷ്ടങ്ങളെക്കൊണ്ടു ചില അത്ഭുതപ്രസംഗങ്ങൾ ചെയ്യിക്കുന്നതിനൊഴികെ വിശേഷമായൊന്നുംതന്നെ ഇല്ല.

ഇനി രണ്ടു കിളികളുടെയും പാട്ടിന്റെ രീതി നോക്കിയാലും വലിയ അന്തരം കാണാം. ഒന്ന് സരസവും, മധുരവും, ലാളിത്യപൂർണ്ണവുമാണ്; മറ്റേതു ക്ലിഷ്ടവും പരുഷവും ആയിരിക്കുന്നു. പഞ്ചതന്ത്രത്തിലെ പ്രാസാനുപ്രാസാദി ശബ്ദാലങ്കാരങ്ങളുടെയും നിർദ്ദോഷമായ സന്ധിയോജനാചാതുരിയുടെയും ഛായപോലും ചാണക്യസൂത്രത്തിൽ ഒരേടത്തും കാണുന്നില്ല. സാധാരണ ഭാഷാശൈലിയും അ ഓണപ്പാട്ട്, വില്ലുപാട്ട്, പള്ളിപ്പാട്ട് മുതലായ പാട്ടുകളെ പാഠ

പൂരണത്തിനും പ്രാസത്തിനും വേണ്ടി പ്രയോഗിക്കാറുള്ള ശു പോലെ ചാണക്യസൂത്രകാരൻ 'കനിഞൊട്' എന്ന പ്രയോഞ്ഞ കനിവില്ലാതെ അധികമായി പ്രയോഗിച്ചിരിക്കുന്നതിന്നു കണക്കില്ല. പഞ്ചതന്ത്രം കിളിപ്പാട്ടിൽ നമ്പ്യാരുടെ തുള്ളലുകളിലുള്ളപോലെതന്നെ ഫലിതപ്രയോഗങ്ങൾ അവിടവിടെ കാണ്മാനുണ്ട്. ചാക്യാർകൂത്തിൽ പൂരകത്തിന്നു പറയുന്ന ഫലിതത്തിൽ പ്രയോഗിക്കാറുള്ള രാജസേവകന്മാരുടെ കപടതന്ത്രങ്ങളും മിക്കതും നമ്പ്യാർ അദ്ദേഹത്തിന്റെ പഞ്ചതന്ത്രത്തിൽ പലേടത്തും സന്ദർഭത്തിന്നു ചേരുംവണ്ണം പ്രയോഗിച്ചിട്ടുണ്ട്. നമ്പ്യാർക്കു സഹജമായ ഈ വക ലോകാനുകരണചാതുര്യം ചാണക്യസൂത്രത്തിൽ കാണ്മാൻപോലുമില്ല. നമ്പ്യാരുടെ കൃതികളിലെല്ലാം സാധാരണമായും, പഞ്ചതന്ത്രത്തിൽ സവിശേഷമായും കാണുന്ന 'ചൊടക്കോട്ടിക' 'കമ്പളിക' 'ഉൾപ്പൂരാമക' മുതലായ ദൈശികളും 'ഹരേതിക്കു' 'ഗോക്കളെ' 'കണ്ണിലുണ്ണിതാരോവാ' 'വാള്ളും' എന്നീ ഗ്രാമ്യഭാഷാപ്രയോഗങ്ങളും ചാണക്യസൂത്രത്തിലില്ല. എന്നാൽ ദേശ്യപ്പെട്ടില്ല ഞങ്ങൾ 'തഞ്ചേ' എന്നു ചിലയിടം സ്ഥലങ്ങളിൽ പ്രയോഗം കാണ്മാനുണ്ട്. ചെട്ടിക്കു 'തഞ്ചേ' എന്നുള്ള വ്യവഹാരം തുള്ളൽപ്പാട്ടുകൾ മുതൽ നാടകമുട്ടുള്ള ദേശ്യകളുടെ പ്രദേശങ്ങളിലേ നടപ്പുള്ളവയെന്നു തോന്നുന്നു. ഇതുപോലെ വേറെയും ഒന്നുരണ്ടു തെളിവുകളുണ്ടാക സന്ദേഹമായ ഈ ഒരൊറ്റത്തെളിവുകൊണ്ടു മാത്രം കിളിപ്പാട്ടു കവിയുടെ ദേശമേതാണെന്നു തീർച്ചപ്പെടുത്തുവാൻ കൈവശം ന്യായമായിരിക്കുന്നതല്ല. എങ്കിലും കണ്ണശ്ശന്മാരുടെ കൃതികളായിട്ടുള്ള ചാണക്യസൂത്രം കിളിപ്പാട്ടിന്റെ ശരി ഇതല്ലെന്നു തീർച്ചയാക്കുവാൻ മതിയായ ന്യായങ്ങളും തെളിവുകളും ചിലപ്പോൾ ഉണ്ടായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്രകാരം കിട്ടുന്ന ചാണക്യസൂത്രം കിളിപ്പാട്ടിന്റെ

പ്രതികൾ പല അച്ചുക്കൂടങ്ങളിൽ അച്ചടിച്ചുവന്നതാകയാൽ അവയുടെ ലിപിവിന്യാസത്തിൽ അന്യോന്യം ചില ഭേദങ്ങളുണ്ട്. ചില വാക്യങ്ങൾക്ക് അർത്ഥം മനസ്സിലാവാൻ വൈഷമ്യം വരത്തക്കവണ്ണമുള്ള പാഠഭേദങ്ങൾതന്നെ ഇല്ലെന്നില്ല. ഈ വ്യാഖ്യാനമെഴുതുവാൻ എനിക്കു കിട്ടിയ പുസ്തകത്തിൽ ഇതുപോലെ ചില സംശയങ്ങൾ സംഭവിച്ചപ്പോഴും വേറെ അച്ചുക്കൂടങ്ങളിലടിച്ച ചില പുസ്തകങ്ങളെസ്സമ്പാദിച്ച് ഒത്തുനോക്കിയപ്പോളാണ് ഈ വ്യത്യാസം വെളിപ്പെട്ടത്. അതിനാൽ അച്ചിൽ പിഴയാണെന്നുറപ്പാവുന്ന ചില സ്ഖലിതങ്ങളെ ഞാൻ തീർത്തിട്ടുണ്ട്. ഇതിലധികം ശ്രമിക്കണമെങ്കിൽ ശുദ്ധിയും പഴക്കവുമുള്ള ചില കയ്യെഴുത്തുഗ്രന്ഥങ്ങൾ കിട്ടണം. അതിനു തരമില്ലാത്തതുകൊണ്ടു ആ ഭാഗം നിർത്തിവെക്കേണ്ടിവന്നു.

ഈ വ്യാഖ്യാനം വിദ്യാർത്ഥികൾക്കുകൂടി ഉപയോഗ്യമായിരിക്കണമെന്നുദ്ദേശിച്ച്, അന്വയിപ്പാൻ പ്രയാസമുള്ള വാക്യങ്ങളുടെ അന്വയക്രമവും, സമസ്തപദങ്ങളുടെ വിഗ്രഹവും സമാസവും ചില പദങ്ങൾക്ക് പര്യായങ്ങളും അഭിധാനങ്ങളും കൊടുത്തിട്ടുണ്ട്. നീതിശാസ്ത്രപ്രയോഗങ്ങൾ കാണിക്കേണ്ടുന്ന ഘട്ടങ്ങളിൽ അവയും കാണിച്ചിട്ടുണ്ട്. മുഖ്യാലങ്കാരങ്ങളും വിട്ടുകളഞ്ഞിട്ടില്ല.

ശുഭമസ്തു.

കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി
ഓഫീസ്, തൃശ്ശിവപേരൂർ.
1100 മീനം 22-ാംനു.

കമ്മറ്റി പണ്ഡിതൻ,
കെ. പരമേശ്വരമേനോൻ.



ചാണക്യസൂത്രം

കിളിപ്പാട്ട്.

ഒന്നാംപാദം.

ചാരുതയൊത്തമൊഴിത്തൂമംശാരികത്തരുണിനി
ചാരുതനീടുംമധുസേവിച്ചാലസ്യംതീൎത്തു 1
രാലെത്തുംമനമതിൽമോദത്തെവളൎത്തുവാൻ
കാലത്തെകളയാതെ ചൊല്ലുകവിശേഷങ്ങൾ 2
ദൂരത്തുനിന്നുപറന്നിങ്ങുപോരുന്നനേരം
ചാരത്തുകണ്ടവിശേഷങ്ങൾനീപറയേണം 3
മോദത്തോടതുനേരംനല്ലപൈങ്കിളിപ്പെണ്ണും
വേദനകളഞ്ഞുചൊല്ലീടിനാൾതെളിവോടെ:— 4
ബുദ്ധിസാമൎത്ഥ്യമില്ലചൊല്ലുവാനിനിക്കേതും
ബുദ്ധിയുണ്ടെന്നാകിലേവാക്കുകൾഫലിച്ചീട്ടു 5
ശക്തിയാകുന്നതെല്ലാംബുദ്ധിയെന്നറിഞ്ഞാലും
ബുദ്ധിതാനൊന്നുതന്നെസൎവ്വംജയിക്കുന്നു 6
ബുദ്ധിയുള്ളവൎകൾക്കസാദ്ധ്യമല്ലാതെയൊന്നും
ഇത്രിലോകത്തിങ്കലില്ലെന്നുനിൎണ്ണയമല്ലോ. 7
ഉത്തമനായുള്ളോരുചാണക്യമഹീസുരൻ
ബുദ്ധിയാകുന്നശക്തികൊണ്ടുചെയ്തവസ്ഥകൾ 8
ഓൎത്തുകാണുമ്പോൾചണകാത്മജപ്രയോഗങ്ങൾ
എത്രയുംചിത്രമത്രെയെന്നതേപറയാവൂ. 9
ഇങ്ങിനെകിളിമകൾചൊന്നതുകേട്ടനേരം
തിങ്ങിനമോദത്തോടെചൊല്ലിനാരെല്ലാവരും 10
എങ്കിലോമുത്തുകലമാലികേപറകെടോ!
മംഗലനായുള്ളോരുചാണക്യൻതന്റെകഥ. 11
എന്നതുകേട്ടുകിളിപ്പൈതലുംകനിവോടെ
വന്ദിച്ചുഗണനാഥൻതന്നെയുംവാണിയെയും 12

തന്നുടെ ഗുരുനാഥന്മാരെയും വന്ദിച്ചഥ
ധന്യശീലയാമവൾ മെല്ലവേ ചൊല്ലീടിനാൾ:— 13
ഈ കഥതന്നിലുള്ള നീതികൾ കേൾക്കുന്നോരം
ചൊൽക്കൊണ്ട നയജ്ഞന്മാരേറ്റവുമാനന്ദിക്കും 14
ആദരവോടു പറഞ്ഞീടുവനെങ്കിൽ കഥ
മോദമാണ്ടെല്ലാവരും കേട്ടുകൊൾകയും വേണം:— 15
എങ്കിലോ മന്ദാകിനീതന്നുടെ തീരത്തിങ്കൽ
തുംഗമായൊരു പുരം പാടലീപുത്രമെന്നു 16
ചൊൽപ്പൊങ്ങും നൃപതികൾക്കിരിപ്പാനായുണ്ടായി
തൽപുരം പുഷ്പപുരമെന്നു ചൊല്ലുന്നു ജനം 17
ചൊന്നതിരവനെന്നപോലെയപ്പുരത്തിങ്കൽ
തിങ്കൾതൻ കുലജാതനാകിയ നന്ദനൃപൻ 18
സങ്കടഹീനമധിവസിച്ചു മഹീതലം
മംഗലകീർത്ത്യാ പരിപാലിച്ചു വാണീടിനാൻ 19
സർവ്വാർത്ഥസിദ്ധിയെന്നുമുണ്ടവനൊരു നാമം
സർവ്വാർത്ഥസിദ്ധിപ്രദനെന്നതും മഹാവീരൻ 20
രാക്ഷസനെന്നു പേരായുണ്ടവനൊരു മന്ത്രി
രാക്ഷസനല്ലമുറവും ത്രക്ഷതപൊരുതല്ലാ 21
നന്ദനാം മഹീപതിതന്നുടെ പത്നികളായ്
സുന്ദരാംഗികളായിരണ്ടുപേരുണ്ടല്ലോന്ന 22
പേരതിലൊരുത്തിക്കു ചൊല്ലപ്പെടും സുനന്ദയെ-
ന്നാരോമൽ മറ്റവൾക്കു പേരതു മുരയെന്നും 23
ഭദ്രയാം സുനന്ദ താൻ ക്ഷത്രിയപുത്രിതന്നെ
ശൂദ്രവംശത്തിലുള്ള സുന്ദരി മുരയല്ലോ 24
നന്ദനന്മാരങ്ങുളവായീലെന്നു നിരൂപിച്ചാ-
നന്ദമുണ്ടായീലല്പം ഭൂപതിതന്നുള്ളിൽ 25
എന്തൊരു കഴിവുള്ളു സന്തതിയുണ്ടാവാനെ-
ന്നന്തരാ വളർന്നീടും ചിന്തയോടിരിക്കുമ്പോൾ 26
എത്രയും തപോബലമുള്ളൊരു മഹാമുനി
തത്ര വന്നിതു നന്ദഭൂപതിതന്നെക്കാണ്മാൻ 27

അഗ്നിസമനായവിപ്രനെക്കണ്ടുനൃപൻ
അർഘ്യപാദ്യാദികളെക്കൊണ്ടുപൂജിച്ചീടിനാൻ 28
മാമുനിപാദംകഴുകിച്ചുനീർകോരിത്തന്റെ
കാമിനിമാരെത്തളിച്ചീടിനാൻഭക്തിയോടെ 29
അന്നേരമൊരുതുള്ളിവെള്ളംപോയ്തെറിച്ചിതു
കന്നൽനേർമിഴിമൂത്തന്നുടെദേഹത്തിന്മേൽ 30
വെത്തുള്ളിസ്സുനന്ദാഖ്യതൻമേലുംവീണു
കമ്പിതശരീരയായ്നിന്നിതന്നേരമവൾ 31
ഭക്തികൈക്കൊണ്ടുധരിച്ചീടിനാൾമൂത്താനം
ഭക്തിയെന്നിയെധരിച്ചീടിനാൾമറ്റവളും 32
ഭൂമിപാലകൻതന്റെഭാര്യമാരുടെഭാവം
മാമുനികണ്ടങ്ങറിഞ്ഞുള്ളത്തിലതുനേരം 33
ഭദ്രയാംമൂത്തന്നിലെത്രയുംമോദംപൂണ്ടാൻ
ക്ഷുദ്രയാംമറ്റവളിൽക്രോധവുംതേടീടിനാൻ 34
പിന്നെയത്തപോനിധിവന്നകാര്യത്താലുടൻ
മന്നവൻതന്നെക്കണ്ടുപറഞ്ഞുപോയീടിനാൻ 35
അക്കാലംതന്വംഗിയായുള്ളൊരുമൂത്തന്നിൽ
ഉൾക്കാമ്പിൽതെളിവോടുഗർഭവുമുണ്ടായ്വന്നു 36
പത്തുമാസവുംതികഞ്ഞുത്തമാംഗിയാമവൾ
ഉത്തമനായുള്ളൊരുപുത്രനെപ്പെറ്റാളല്ലോ 37
വീര്യവാനായുള്ളൊരുപുത്രനെമഹീപതി
മൈത്ര്യനെന്നൊരുപേരുമിട്ടിതുസന്തോഷത്താൽ 38
പുത്രനുവേണ്ടുംകർമ്മമൊക്കവെകഴിച്ചവൻ
അസ്ത്രശസ്ത്രാദികളുമഭ്യസിപ്പിച്ചീടിനാൻ 39
വീര്യവുംവിനയവുംനയവുമേറിവന്ന
വീരനാമവനനുദിനമെന്നറിഞ്ഞാലും 40
ശൂരനായേറ്റമൊരുമൈത്ര്യനെക്കണ്ടുനൃപൻ
ഏറിനമോദംപൂണ്ടങ്ങിരിക്കുംകാലത്തിങ്കൽ 41
നാരിമാർകണ്മണിയാകിയസുനന്ദയ്ക്കും
ഏറിനമോദത്തോടെഗർഭമുണ്ടായല്ലോ 42

പ്രേമമുൾക്കൊണ്ടുചിലരക്ഷകൾചെയ്തീടിനാൻ
മേദിനീപതിയുടെപത്നിക്കനിരന്തരം 43
മാസവുംപത്തുതികഞ്ഞീടിനോരനന്തരം
മാംസപിണ്ഡത്തെപ്രസവിച്ചിതുസുനന്ദയും 44
മന്നവനതുകണ്ടുദുഃഖമുണ്ടായനേരം
തിണ്ണമൊരശരീരിവാക്കതുകേൾക്കായ്വന്നു 45
"ഭൂപതികുലമണിദീപമേ! മനക്കാമ്പിൽ
താപമുണ്ടായീടരുതൊമ്പതുസുതന്മാരാം" 46
വാക്കതുകേട്ടനേരത്തിങ്കലുംനൃപനുള്ളിൽ
ദുഃഖമുണ്ടായതേതുംപോയതുമില്ലതാനും 47
രൂക്ഷമാനസനായരാക്ഷസനതുനേരം
കാൽക്ഷണംനിരൂപിച്ചിട്ടിങ്ങിനെതോന്നിബലാൽ 48
ഒമ്പതുഖണ്ഡിച്ചുടൻമാംസപിണ്ഡത്തെതൈല-
കുംഭങ്ങളുടെയകത്താക്കിരക്ഷിച്ചീടിനാൻ 49
കാലവുംകുറഞ്ഞൊന്നുചെന്നപ്പോളൊരിക്കലേ
തൈലകുംഭങ്ങളൂടൊത്തുണ്ടായികുമാരന്മാർ 50
ജാതകർമ്മാദികളുംചെയ്തിതുനരപതി
ജാതകൗതുകംവളർന്നീടിനോരവർകളും 51
അസ്ത്രശസ്ത്രാദികളുംശിക്ഷിച്ചുപഠിച്ചവർ
ശത്രുസംഹാരത്തിന്നുശക്തരായ്വന്നീടിനാർ 52
യൌവനംവന്നുപരിപൂർണ്ണമായ്ചമഞ്ഞതി-
ഗർവ്വിതന്മാരായുള്ളപുത്രരെക്കണ്ടുനൃപൻ 53
മന്ത്രികളെയുംനിജപുത്രന്മാരെയുംവിളി-
ച്ചന്തികെവരുത്തിക്കൊണ്ടീവണ്ണമുരചെയ്താൻ 54
"ഒമ്പതുതനയന്മാരുണ്ടല്ലോപുനരിനി-
ക്കൊമ്പതിലൊരുവനെഭൂപതിയാക്കിവെച്ചു 55
കാനനംപുക്കുതപംചെയ്തുകൊണ്ടെന്നാലിനം
ഊനമെന്നിയെഗതിവരുത്തീടുകവേണം 56
ഒമ്പതുപേരിലാരെവേണ്ടുവെന്നതിനി
കമ്പമെന്നിയെനിരൂപിച്ചുചൊല്ലേണംനിങ്ങൾ 57

മൌര്യനെസ്സേനാപതിയാക്കിവെക്കേണംതാനും
ശൌര്യമുണ്ടവനതുഭരിപ്പാൻപാത്രമല്ലോ” 58
നന്ദഭൂപതിതന്റെവാക്കതുകേട്ടനേരം
അന്തരാനിരൂപിച്ചുമൌര്യനാംപ്രധാനം 59
എന്തൊരുകഷ്ടംതാതൻദാസ്യകർമ്മത്തിനൊരു
ചിന്തചെയ്യാതെകല്പിച്ചീടുവാൻമൂഢമെന്നോ 60
സ്നേഹമെനിക്കുള്ളതെന്നെകേവലംനിരൂപിച്ചാൽ
മോഹമിന്നധികമായില്ലെനിക്കൊന്നുകൊണ്ടും 61
ശ്രേഷ്ഠത്വമിനിക്കില്ലെന്നാകിലുംനിരൂപിച്ചാൽ
ജ്യേഷ്ഠനായുള്ള പുത്രൻഞാനെന്നതുമല്ലോ 62
ദാസ്യമായുള്ള കർമ്മമൊത്തുകാണുന്നനേരം
ഹാസ്യമാകുമതിനില്ലസംശയമേതും 63
രാജത്വംകിട്ടീടുവാനാഗ്രഹമിനിക്കില്ല
നീചത്വംമമജാതികൊണ്ടെന്നു സിദ്ധമല്ലോ 64
ദാസത്വമനുഭവിച്ചീടുവാനൊരുനാളും
ദോഷത്വമില്ലനൃപബീജത്വമുണ്ടാകയാൽ 65
നാട്ടിലെങ്ങാനുമൊരുദേശമെങ്കിലുംമമ
പാട്ടിലാക്കേണമെന്നുതാതനുതോന്നീലല്ലോ 66
ഇന്നിതുനിരൂപിച്ചാലൊന്നുതോന്നുന്നുതാനും
മന്നവൻതനിക്കിതുതോന്നിയതല്ലനൂനം 67
പുത്രരാംമന്ത്രികളോടൊന്നിതുചൊല്ലീടിനാർ
ധാത്രീപാലകൻതന്നോടില്ലസംശയമേതും 68
ഇക്കൃതിക്കപ്പുനരാരെന്നുഞാൻചെയ്തീടുവൻ
ഇക്കുമാരന്മാർതമ്മിൽപിണക്കമുണ്ടാക്കുവൻ 69
ഇവ്വണ്ണംനിരൂപിച്ചുകല്പിച്ചീടുവൻതാനും
ഭൂപതിവീരൻതന്നോടിങ്ങിനെചൊല്ലീടിനാൻ 70
“എന്തിനുപലതരംചിന്തചെയ്യുന്നുതാതൻ
അന്തരംകൂടാതെകണ്ടാലതിലൊരുവനെ 71
ചന്തമോടരചനായ്വാഴിച്ചുമററുള്ളോരെ
സന്തതമവനോടെതിരാക്കിച്ചീടണം” 72

മന്നവനതുകേട്ടുചൊല്ലിനാനവനോടു
"ചൊന്നതുനന്നല്ലനീവൈഷമ്യമുണ്ടാസ്സുതം" 73
വക്രനാസാഖ്യനാകുംമന്ത്രിതാനതുനേരം
ശുക്രനുതുല്യനവൻമന്നവനോടുചൊന്നാൻ 74
"നന്ദരാജ്യത്തെപ്പകുത്തൊമ്പതായ്വിഭാഗിച്ചു
നന്ദനന്മാൎക്കുകൊടുത്തീടുകമഹീപതേ!" 75
അപ്പൊഴുതുരചെയ്താൻമൌൎയ്യൻ"മെന്നാലിപ്പോൾ
ഇപ്പുരംസപത്ന്യാപുത്രരിലാൎക്കുവേണ്ടു?" 76
ഇത്തരംമൌൎയ്യസുതൻവാക്കുകൾകേട്ടനേരം
ചിത്തതാരിങ്കലിതംചിന്തിച്ചുരാക്ഷസനും 77
എന്തൊരുകഷ്ടംവൃഷലീസുതനാകുമിവൻ
അന്തരമിതുകൊണ്ടുരാജപുത്രന്മാർതമ്മിൽ 78
ദ്വേഷമുണ്ടാകുമതിനില്ലസംശയമേതും
ദോഷമേറുംസാപത്ന്യത്തെപ്പോലെമറ്റൊന്നുമില്ല 79
ഞാനിഹജീവിച്ചിരുന്നീടിനകാലത്തിങ്കൽ
ഊനമിദ്ദാസീപുത്രനായീടുമിവനോടെ 80
കാൎയ്യങ്ങൾഫലിക്കയില്ലെന്നുകല്പിച്ചിട്ടതി
അഷ്ടനായകുമാരന്മാരോടുചൊന്നാനേവം:— 81
"നല്ലതുചൊല്ലീടുവൻനിങ്ങളോടിനിഞാനും
വല്ലതുമച്ഛൻപറഞ്ഞാലതുകേട്ടീടണം 82
ചൊല്ലെഴുംപുഷ്പപുരമാകുമിപ്പുരത്തിനു
തുല്യമായൊട്ടുപുരംതീൎപ്പിച്ചുതരുവൻഞാൻ 83
ധരയുള്ളപദാൎത്ഥങ്ങളൊക്കവെവിഭാഗിച്ചു
ചേരമെന്നിയേതരുംഭൂപതിനിങ്ങൾക്കെല്ലാം 84
ഓരോരോവ്യവസ്ഥകൾവരുത്തേണ്ടതിന്നിനി
പാരാതെപരീക്ഷകൾചെയ്തുകൊള്ളുകയുമാം 85
ഈശപരീക്ഷകൾചെയ്തതിൽവരുംവണ്ണം
ഈശപരമാവമതിക്കെന്നതേയുള്ളൂ." 86
ഇത്തരംമന്ത്രീന്ദ്രനാംരാക്ഷസൻപറഞ്ഞപ്പോൾ
ഉത്തരംമന്ദസ്മിതംചെയ്തുചൊല്ലിനാൻമൌൎയ്യൻ 87

"ഇപ്പുരംപോലെചമച്ചീടുവാനൊരുത്തർക്കും
ക്ഷിതലത്തിൽനിരൂപിച്ചാലാവതുമില്ലയല്ലൊ 88
പാകശാസനൻതന്റെരാജധാനിയുമിതി-
ന്നേകദേശവുമില്ലപാർത്തുകാണുന്നനേരം 89
ഇന്നിതുപോലെചമച്ചീടുവാൻതോന്നുന്നതി-
നൊന്നുമേപറയാവതല്ലല്ലോനിരൂപിച്ചാൽ." 90
അപ്പോഴതുകേട്ടുചൊല്ലിനാർകുമാരന്മാർ
"ഇപ്പുരമിതിക്കല്ലെന്നാകിൽഞാൻവനംപുക്കു 91
കെല്പോടുതപഃചെയ്തുകാനനത്തിന്നുതന്നെ
ശില്പമായ്ഗതിവരുത്തീടുവനെന്നാരവർ" 92
"എങ്കിലൊരാശ്രമത്തിങ്കൽപുത്രന്മാരെല്ലാരെയും
സങ്കടംവരാതെവാഴിക്കെന്നാൻമരുത്സുതൻ" 93
അന്നേരമുരചെയ്തുനല്ലമന്ത്രിതാനും
"അന്യോന്യമപേക്ഷയുണ്ടാകുമതുചെയ്താൽ 94
മന്നിടമിതുബഹുനായകമാകുന്നേരം
എന്നുമിപ്രജകൾക്കുസൗഖ്യവുമുണ്ടായ്വരാ 95
ഓരോരോസ്വതന്ത്രരാമോരോരോതനയന്മാർ
പാരാതെരാജ്യംരക്ഷിച്ചീടുകനല്ലൂനൂനം 96
അല്ലായ്കിൽകലഹമുണ്ടാകുംതമ്മിൽപിന്നെ
വല്ലതുംചൊല്ലിമൂഢരെന്നതോദുഃഖമല്ലൊ" 97
മാനവവീരൻതന്റെവാക്കതുകേട്ടനേരം
മാനസംതെളിഞ്ഞിതുമന്ത്രികൾക്കെല്ലാവർക്കും 98
"മുമ്പിനാൽനാടുരക്ഷിച്ചീടുവാൻതുടങ്ങുന്ന-
തൊമ്പതുപേരിലാരുവേണമതെ"ന്നപ്പോൾമൈത്ര്യൻ 99
രാജപുത്രന്മാരപ്പോൾചൊല്ലിനാരൊരുപോലെ
"രാജത്വംമുമ്പിലിനിക്കില്ലെങ്കിൽപോയീടുവൻ" 100
ഇങ്ങിനെമൈത്ര്യൻതന്റെവാക്കുകേട്ടവർകളും
തിങ്ങിനലോഭംകൊണ്ടുപേപറയുന്നനേരം 101
എത്രയുംകുശലമിതെന്നോർത്തതിനയത്തോടെ
ശക്തനാംരാക്ഷസനവരോടുരചെയ്താൻ 102

"അന്ധനാമിവൻപറയുന്നതുകേട്ടനിങ്ങൾ
അന്ധകാരങ്ങളെല്ലാമകം ചിന്തചെയ്യാതെകണ്ടു 103
ബന്ധുവായുള്ള ജനംചൊന്നതുകേട്ടതന്നെ
സന്തതംപരിപാലിച്ചീടുകരാജ്യമിപ്പോൾ 104
അച്ഛനെന്തിനിമതമായതെന്നറിഞ്ഞുകൊ-
ണ്ടിച്ഛയോടതുതന്നെചെയ്കിലേമതിയാകൂ" 105
രാക്ഷസനായമന്ത്രിസത്തമൻപലതരം
ശിക്ഷിച്ചീവണ്ണംപറഞ്ഞീടിനോരനന്തരം 106
മന്ദമാനസന്മാരായ്മേവീടുന്നോരനാ-
നന്ദനന്മാരുമന്നവരിച്ചാർപണിപ്പെട്ട് 107
നന്ദഭൂപതിതാനുംപ്രീതിപൂണ്ടനന്തരം
നന്ദനന്മാരെയഭിഷേകവുംചെയ്യിപ്പിച്ചു 108
ഭൂചക്രമെല്ലാമനവനായകരാക്കിവെച്ചു
രാജതന്ത്രത്തിന്നായമാക്കാക്കിനാൻകനിവോടെ 109
ചേണാർന്നുപകരിച്ചീടുവാനായിക്കൊണ്ടു
സേനാധിപതിയാക്കിവെച്ചിതുമൌര്യൻതന്നെ 110
നന്ദനന്മാരെതാനിൽതെളിപ്പിച്ചീടുമെന്നു
നന്ദഭൂപതിമുരാപുത്രനെസ്തുതിക്കയാൽ 111
മന്ത്രികളായീടുന്നരാക്ഷസാദികളെയും
മന്ത്രനിശ്ചയത്തിനാലാക്കിനാൻവഴിപോലെ 112
രാജ്യഭാരംതാൻപുത്രന്മാരിലങ്ങാക്കിക്കൊണ്ടു
പ്രാജ്യകീർത്തിയാംനൃപൻകാനനത്തിന്നുപോവാൻ 113
കല്പിച്ചുപുറപ്പെട്ടനേരത്തുപൌരജനം
ആർത്തിച്ചുഴലമിതന്നീടിനാൻപുരത്തിങ്കൽ 114
നാടുപാർത്താൽബാലനായകരെന്നാകിലും
കേടതിനുണ്ടായില്ലമന്ത്രികൾവൈഭവത്താൽ 115
മൌര്യനുമതുകാലംപുത്രന്മാരൊരുപോലെ
വീര്യവാന്മാരായൊരുനൂറുപേരുണ്ടായ്വന്നു 116
പുത്രന്മാരെല്ലാവർക്കുംപ്രീതിപൂണ്ടവൻതാനും
അസ്ത്രശസ്ത്രാദികളുംശിക്ഷിച്ചുപഠിപ്പിച്ചാൻ 117

ചൊല്ലേറുംമൗര്യസുതൻതന്നുടെപുത്രന്മാരിൽ
ഉള്ളതിലഗ്രജനാംചന്ദ്രഗുപ്തനെന്നല്ലൊ 118
നാമമാകുന്നഗുണോൽക്കർഷമോർക്കുന്നനേരം
ഭ്രമയോടെല്ലാവർക്കുംജ്യേഷ്ഠനാസ്സുതമല്ലൊ 119
നാട്ടിലുള്ളവർകളോടേററവുംചേർന്നുകൊണ്ടു
പാട്ടിലാക്കിനാനവൻഭൂമിയെയനുദിനം 120
ഓരോരോസംവത്സരംകഴിയുംനേരത്തിങ്കൽ
പാരാതെരാജത്വത്തിന്നന്തരംവരികയാൽ 121
ഭൂമിയെരക്ഷിപ്പതിനൊട്ടുമേനിരൂപിച്ചാൽ
ഭൂമിപാലകന്മാർക്കുശക്തിയുമില്ലാതയായ് 122
സേനാധിപത്യത്തിന്നനിത്യത്വമുണ്ടാകയാൽ
മാനാദിഗുണമുള്ളപുത്രസമ്പത്തികൊണ്ടും 123
കൌശലംനീതികളിലേറെയുള്ളതുകൊണ്ടും
ആശയത്തിന്നല്പശുദ്ധിയുണ്ടാകകൊണ്ടും 124
ഒക്കവേനന്ദരാജ്യമൊത്തുകാണുന്നനേരം
മിക്കതുംമൌര്യൻതന്റെവശത്തായ്ചമഞ്ഞതേ 125
അക്കാലംനൃപന്മാർക്കുരാക്ഷസാദികൾക്കുമെ-
ല്ലാംകാമ്പിലതുകണ്ടുസഹിയാഞ്ഞതുമൂലം 126
ഗാഢമത്സരംകൊണ്ടുമോഹിതന്മാരാമവർ
ഗൂഢമായ്തമ്മിൽനിരൂപിച്ചിതുപലതരം 127
"എന്താകഷ്ടംനിരൂപിച്ചുകാണുന്നനേരം
സന്തതംനമുക്കനുഭവിപ്പാനുള്ളഭൂമി 128
ജാരന്നുവശയാകുംവാരനാരിയെപ്പോലെ
മൌര്യന്നുവശയായതെത്രയുംവല്ലാകരം 129
പാർത്ഥിവരായുംചിലർമന്ത്രികളായുംചിലർ
പൃഥിവിയെപ്പരിപാലിച്ചിരിക്കുംകാലത്തിങ്കൽ 130
ഭൃത്യനുവശമായിവന്നിതുരാജ്യമെന്ന-
തെത്രയുംനാണക്കേടാമെന്നതേപറയാവൂ 131
പണ്ടിവൻവിശേഷത്തെസ്സൂചിപ്പിച്ചതുനേരം
ക്ഷുദ്രന്മാരായനമുക്കേതുമേതിരിഞ്ഞില 132

ശത്രുവായ്ത്തമിവൻനൃപനിരൂപിച്ചാൽ
പുത്രപൌത്രാദികളുംവധിച്ചീടുവനിപ്പോൾ 133
ഇന്നിവൻതന്നെക്കൊലചെയ്തീലെന്നാകിൽപ്പിന്നെ
നിൎണ്ണയംനമ്മെക്കൊലചെയ്യുമെന്നറിഞ്ഞാലും 134
ലോകരഞ്ജനനായമൌൎയ്യനോടെതിൎത്തെന്നാൽ
ആകവേനശിക്കുംനാമില്ലസംശയമേതും 135
രണ്ടുമൂന്നമാത്യന്മാരുംഭൂമിപാലകന്മാരും
ഉണ്ടായതപ്രകാരംചെയ്കെന്നുവന്നിടുമല്ലോ 136
എന്നതുകൊണ്ടുചതിചെയ്തുകൊല്ലുകയുള്ളൂ
തിണ്ണമാസ്ഥാനമതുവൈകാതിനിയേതും" 137
എന്നുകല്പിച്ചുരാക്ഷസാദികൾചന്ദ്രഭൂമി
തന്നിലങ്ങൊരുമന്ത്രമണ്ഡപംതീൎത്താർ 138
ദീൎഘമായുയൎന്നതായ്പാതാളമപ്പോലതിൻ
മാറ്റാകുന്നതികംവിസ്താരംചെയ്തല്ലോ 139
ഭൂമിയിൽകുഴിച്ചുള്ളിൽചതുരക്കെട്ടിനനായ്
രുമയിൽപണിതീൎത്തമണ്ഡപമതിലുണ്ടു 140
മന്ത്രമണ്ഡപമതിൽമന്ത്രികളോടുംകൂടി
മന്ത്ര്യംതുടങ്ങിനാർസന്തതമവർകളും. 141
മൌൎയ്യനാംപുത്രന്മാരുംമന്ത്രികൾനൃപന്മാരും
കാൎയ്യങ്ങൾനിരൂപിച്ചുചെയ്യുന്നകാലത്തിങ്കൽ 142
ഏകദാമൌൎയ്യൻതന്റെമന്ദിരേകഞ്ചുകീ-
ട്ടേകനായൊരുപുമാനവനോടുരചെയ്താൻ 143
"മന്ത്രമണ്ഡപത്തിങ്കൽമന്നവരെല്ലാവരും
മന്ത്രികളോടുകൂടികാൎയ്യത്തെവിചാരിപ്പാൻ 144
നിന്തിരുവടിയെപാൎത്തിരിക്കുന്നവർകളും
തിണ്ണംനീസ്വതനോടുംചോദിക്കവൈകിടാതെ" 145
എന്നതുകേട്ടുമൌൎയ്യൻസംഭ്രമത്തോടുംകൂടി
തന്നുടെതനയന്മാരുമുടൻപുറപ്പെട്ടാൻ 146
ചെന്നവർനിത്യമതിലിറങ്ങുന്നതുപോലെ
മന്നവരെല്ലാനേരത്തിട്ടിറങ്ങീടിനാരല്ലോ 147

കഷ്ടമരന്നാരംഭദാപ്രദ്യുമങ്ങടച്ചിത്ത
നിഷ്ഠുരന്മാരാമവർപാഷാണങ്ങളെക്കൊണ്ട് 148
പോക്കാരമോവരുവാനുള്ളൊരുപത്തുനിരൂപിച്ചാൽ
നീക്കാമോവിധിയുടെകല്പിതംശിവശിവ! 149
ഇങ്ങിനെയുള്ളൊരാമാർഗ്ഗമടച്ചുകണ്ടനേരം
തിങ്ങിനതാപത്തോടെമൈത്ര്യനാപുത്രന്മാരും 150
ചെന്നവർഗുഹോദരംപുക്കത്തുനേരമതിൽ
മന്നവരാരുമില്ലമന്ത്രികളാരുമില്ല 151
അത്രയുമല്ലചിലവശ്യചിഹ്നങ്ങളുണ്ട്
തത്രവച്ചിരിക്കുന്നുഎന്നതെന്നുരചെയ്യാം 152
ഭോജനംകൊണ്ടുപരിപൂർണ്ണമായിരിക്കുന്ന
ഭാജനംരണ്ടതിൽകാണ്മാനുണ്ടെന്നറിഞ്ഞാലും 153
പ്രത്യേകമോരോരോവില്ലുകളതിൽകൊളുത്തിവെ-
ച്ചത്യന്തമെരിഞ്ഞുകത്തീടുന്നദീപങ്ങളും 154
ചൊല്ലുവാനരുതേതുംപിന്നെയുള്ളവസ്തുകൾ
കൊല്ലുവാനുള്ളോരായുധമിങ്ങിനെയാകുന്നുപോൽ 155
ഇങ്ങിനെകണ്ടനേരമുള്ളസങ്കടമവ-
ർക്കിങ്ങിനെപറയുന്നകണ്ണുനീർതൂകിതൂകി 156
തങ്ങളിലോരോതരംചിന്തിച്ചുപറകയും
തിങ്ങിനശോകത്തോടെതങ്ങളിൽതഴുകയും 157
"ദുഷ്ടരാമമാത്യരുംഭൂമിപാലകന്മാരും
കഷ്ടമാംവണ്ണംനമ്മെച്ചതിച്ചാരല്ലോപാപം 158
ഏതുമേയവകാശമില്ലിതുചെയ്തീടുവാൻ
ഏതുമൊന്നവരോടുചെയ്തതുമില്ലല്ലോനാം 159
വല്ലതുംപ്രവർത്തിച്ചുദിവസംകഴിപ്പാനാ-
യുള്ളതിനല്ലാതെകണ്ടൊന്നിനുംപോയീലല്ലോ 160
മണ്ഡപമവനിയിൽകഴിച്ചുസൃഷ്ടിച്ചതും
ചണ്ഡരാമവരുടെമന്ത്രയോഗവുംപിന്നെ 161
വഞ്ചനമോടുപറഞ്ഞിടിനപൂരുഷനാം
ദുർന്നയമിതൊക്കവേയെന്നറിഞ്ഞില്ലല്ലോനാം 162

ഇഷ്ടമല്ലാത്തതാലിത്ഥം ചതിച്ചുകൊല്ലേണമോ
ദുഷ്ടകല്പിതംതടുക്കാവതുമല്ലപാർത്താൽ 163
എന്തിനിവേണ്ടതെന്നു ധൈര്യമാലംബിച്ചുനാം
ചിന്തചെയ്യണ"മെന്നു ചൊല്ലിനാൻ മുറാസുതൻ 164
പിന്നെയുംക്ഷണമാത്രം മൗനേന നിരൂപിച്ചി-
ട്ടൊന്നു ചെയ്യാനവൻ നന്ദനന്മാരെ നോക്കി 165
"ഒന്നുമേ നിരൂപിച്ചാലാവതല്ലാതെയുള്ള
ഉന്നയമേറുമവർ ചെയ്ത സങ്കടത്തിങ്കൽ 166
ഈശ്വരമതമെന്തെന്നറിഞ്ഞുകൂടായ്കയാൽ
വിശ്വസിച്ചെല്ലാവരും കേൾക്കേണമെന്റെ വാക്യം 167
ഭോജനമിതുതന്നെ കൂട്ടിയങ്ങൊരുമിച്ചു
ഭാജനമൊന്നിലാക്കി ഭക്ഷിച്ചു വഴിപോലെ 168
ദീപവുമൊന്നു കഴിച്ചൊക്കവേ കെട്ടതിതിൽ
ജീവിതം ധരിച്ചിരുന്നീടേണമൊരുവൻ താൻ 169
നൃപേക്ഷണമാനായി വിളമ്പിക്കിടക്കുന്ന
ചോറൊട്ടങ്ങിരുന്നാലും ദൈവത്തിൻ നിയോഗത്താൽ 170
നിർഗ്ഗമിപ്പതിന്നൊരു കഴിവുണ്ടാകിൽ ശത്രു-
വർഗ്ഗത്തെയൊടുക്കുവാൻ യത്നവും ചെയ്തീടേണം" 171
ഇങ്ങിനെ താതൻ ചൊന്ന വാക്കുകേട്ടവർകളും
ഇങ്ങിനെ മറ്റുള്ളവർ മരിക്കുന്നതും കണ്ടു 172
വന്ന സങ്കടമൊക്കെസ്സഹിച്ചങ്ങിരിപ്പാനും
പിന്നെയപ്രതിക്രിയ ചെയ്വാനുമശക്തരായ് 173
ഒന്നുമേ മിണ്ടാതെ കണ്ടിരുന്നാരവർകളും
അന്നേരമെല്ലാവർക്കും തമ്പിയായ്വീടിന 174
ചന്ദ്രനസമനാകും ചന്ദ്രഗുപ്തനായുള്ള
നന്ദനൻ തന്നെത്താതൻ നോക്കിനാൻ ദുഃഖത്തോടെ 175
ബാലനാമവനപ്പോൾ ധീരനായുരചെയ്താൻ
"മാലകതാരിൽ താതനേതുമുണ്ടാകവേണ്ടാ 176
താതനിന്നുരചെയ്തവണ്ണം ഞാൻ ചെയ്തീടുവൻ
ഏതുമില്ലതിനൊരു സംശയമറിഞ്ഞാലും 177

ജീവിതംധരിച്ചതിലിരിക്കുന്നതുമുണ്ടു
പോവതിനൊരുകഴിവുണ്ടാകിൽപ്രതിക്രിയ 178
ധീരതയോടുചെയ്തീടുന്നതുമുണ്ടുപിന്നെ
പാരിതുപരിപാലിച്ചിരിക്കുന്നതുമുണ്ടു" 179
ധൃഷ്ടനാംചന്ദ്രഗുപ്തനിത്തരംപറഞ്ഞപ്പോൾ
തുഷ്ടരായ്ഭൃത്യന്മാരുംപൗരന്മാരുമൊരുപോലെ 180
ബാലനെയെല്ലാവരുംഗാഢമായ്ത്തഴുകിക്കൊ-
ണ്ടാലുന്നനേത്രജലംകൊണ്ടവരവൻതന്റെ 181
മൌലിയിലഭിഷേകംചെയ്തുടനെല്ലാവരും
മേളമോടവൻതന്നിക്കാശിയുംചൊല്ലീടിനാർ 182
"ബാല!നീചിരകാലംജീവിക്കരിപുക്കളെ
തോലാതെജയിക്കായിവരികവിശേഷിച്ചും 183
ആരുമേസഹായമുണ്ടായീലെന്നിരിക്കിലും
വൈരിവർഗ്ഗത്തെയൊടുക്കീടുംനീമഹാമതേ" 184
ധീരതകൈക്കൊണ്ടൊരുചന്ദ്രഗുപ്തനുംപിന്നെ
ചാരുണങ്ങളതിലിണങ്ങീടിനോരനന്തരം 185
മറെറവർചിലദിവസങ്ങൾപോയൊരുശേഷം
തെറെറന്നുമരിച്ചിതുഭക്ഷണമില്ലായ്കയാൽ 186
മൌര്യനെസ്സുതരോടുംകൂടവേചതിച്ചുടൻ
ഘോരമാംവണ്ണംകൊലചെയ്തവൃത്താന്തംകേട്ടു 187
നാട്ടിലുള്ളവരെല്ലാംരാജഭീതിയാലുഴ-
ന്നൊട്ടൊട്ടുകരഞ്ഞിതുസങ്കടമുണ്ടാകയാൽ 188
നന്ദഭൂപാലന്മാരെയൊഴിച്ചുള്ളവർക്കാരാ-
നന്ദമുണ്ടായീലല്ലോമൌര്യനാശത്താലഹോ. 189
അങ്ങിനെമൂന്നുമാസംകഴിഞ്ഞോരനന്തരം
വംഗദേശാധിപതിയാകിയനരാധിപൻ 190
ഘോരനായൊരുസിംഹവീരനെക്കൂട്ടിലിട്ടി-
ട്ടുഗ്രഗർവ്വംചിലരെക്കൊണ്ടെടുപ്പിച്ചു 191
പാടലിപുത്രപുരത്തിങ്കലേക്കയച്ചിതു
പാടവമേറെയുള്ളവംഗദേശാധിപതി 192

"കൂടത്തുപൊളിയ്ക്കാതെസിംഹത്തെപുറത്തിങ്ങു
പേടികൂടാതെകളഞ്ഞീടേണ"മെന്നുണ്ടൊരു 193
സന്ദേശമതുകൊണ്ടുരാജദൂതന്മാർചെന്നു
നന്ദഭൂപന്മാർമുമ്പിൽവെച്ചുവന്ദിച്ചുചൊന്നാർ 194
"വംഗഭൂപതിനിങ്ങൾക്കായിതുകാഴ്ചവെപ്പാൻ
മംഗലകീർത്ത്യാകൊടുത്തയച്ചുവിട്ടീടിനാൻ 195
പഞ്ജരംഭഞ്ജിയാതെസിംഹത്തെദ്രവിപ്പിപ്പാൻ
അഞ്ജസാനിരൂപിച്ചുകൊൾകയുംവേണമല്ലോ" 196
എന്നതുകേട്ടവനന്ദനൃപന്മാരും
ചെന്നുതൻമന്ത്രിവരന്മാരുമായ്നിരൂപിച്ചു 197
കൂടതിൽപഞ്ചാസ്യനെക്കണ്ടതുനേരമവർ
പേടിയായോടിപ്പോമിപ്പുറമെന്നുചിന്തിച്ചീടിനാർ 198
കണ്ടതില്ലുപായങ്ങൾഒന്നിനാലുമേയെന്നു
കണ്ടോരുഴന്നുനിന്നീടിനോരനന്തരം 199
ചൊല്ലിയന്നോരുമൌര്യൻതന്റെബന്ധുവായ
നല്ലനാംമന്ത്രിവിശിഖ്യാതനാംചൊന്നാനപ്പോൾ 200
"നല്ലനാംനമുക്കു ചന്ദ്രഗുപ്തനുണ്ടെങ്കിൽ
വല്ലതുമിതിനൊരുപായമുണ്ടാക്കുമവൻ 201
ശില്പശാസ്ത്രത്തിന്നാചനോത്രുകാണുന്നനേരം
കല്പകവൃക്ഷംതന്നെമൌര്യനന്ദനൻബാലൻ 202
എന്താണുഫലമതു ചിന്തിച്ചാലിനിയിതി-
ന്നെന്തൊരുകഴിവെന്നുകണ്ടതുമില്ലതാനും" 203
എങ്കിലോചന്ദ്രഗുപ്തനിരിക്കുന്നല്ലീയെന്നു
ശങ്കകൊണ്ടതുനേരംനന്ദഭൂപാലന്മാരും 204
ചെന്നുടൻഗൃഹാമുഖംകഴിച്ചുതുടങ്ങിനാർ
പന്നഗാരികൾചെന്നുകഴിക്കുന്നതുപോലെ 205
ദുഷ്ടരാമവന്മാർചന്ദ്രഗുപ്തനെയതിൽ
ശിഷ്ടനായൊളിഞ്ഞിരിക്കുന്നതുകണ്ടിട്ടവർ 206
ഹൃഷ്ടരായതിലിഴിഞ്ഞോടിച്ചെന്നവർകളും
പുഷ്ടകൌതുകംമൌര്യപുത്രനോടുരചെയ്താർ 207

“വത്സ!നീപുറത്തിങ്ങുപോരികവൈകീടാതെ
മത്സരാദികൾനിന്നോടില്ലെന്തങ്ങൾക്കേതുമേ” 208
നിബ്ബന്ധമതുകേട്ടുചന്ദ്രഗുപ്തനപ്പോൾ
നിർഗ്ഗമിപ്പതിന്നേററമാശയുണ്ടെന്നാകിലും 209
കണ്ണുനീർവാർന്നുതൂറയിട്ടുവീണാതണവൻ
മന്നവന്മാരോടേവംചൊല്ലിനാൻ സകോപത്തോടേ 210
“ഇപ്പോഴിന്നിക്കേതുംപോരികനമ്മളതിനി-
യല്പനജ്യേഷ്ഠന്മാരുംകൂടാതെപോന്നീടുവാൻ 211
മുന്നംഞാനവരോടുകൂടിയല്ലയോപോന്നു
പിന്നെയെങ്ങിനെപിരിഞ്ഞങ്ങുഞാൻപോന്നീടുന്നു? 212
ജ്യേഷ്ഠന്മാർജനകനുംപട്ടിണികിടന്നിതിൽ
കഷ്ടമായ്മരിച്ചുപോകുന്നതുംകണ്ടുകണ്ടു 213
പ്രാണനുംപോകാതെകണ്ടിരിക്കെന്നെന്നിങ്ങൾ
നാണയത്തിന്നുവെട്ടിക്കൊല്ലുകയിനിവേണ്ടു” 214
ഇങ്ങിനെപലതരംപറഞ്ഞുകരയുന്ന
മംഗലശീലനായചന്ദ്രഗുപ്തനോടവർ 215
പിന്നെയുംനാണമകലെക്കളഞ്ഞുരചെയ്താർ
“നിന്നുടെതാതാദികൾതങ്ങളെന്നറികനീ 216
ഏറ്റുനീകരഞ്ഞുഴൽതേടുവാനവകാശം
ചിന്തക്കൊണ്ടെന്തുഫലംപോരികകുമാര!നീ 217
പണ്ടുമുണ്ടല്ലോനിന്മൽസ്നേഹമീഞങ്ങൾക്കെല്ലാം
കണ്ടുകൊൾകതിൻഫലമിനിയെന്നറിഞ്ഞാലും” 218
ഇപ്രകാരങ്ങളനുസരിച്ചുപറഞ്ഞിട്ടും
വിപ്രിയംനൃപന്മാർവന്നുപോവതിന്നാൻ 219
നിർഗ്ഗമിച്ചീലപുനരെന്നതുകണ്ടിട്ടവർ
ചിക്കനെമൌര്യൻതനിക്കുള്ളബന്ധുരമെല്ലാം 220
ചന്ദ്രഗുപ്തന്റെമുമ്പിൽകൊണ്ടുപോയ്വെച്ചീടിനാർ
മന്ദമായപ്പോളവൻപുറത്തുപുറപ്പെട്ടാൻ 221
മന്നവജ്യേഷ്ഠന്മാരുംമൌര്യനന്ദനൻതന്നെ
മാനിച്ചുമനംതെളിയിച്ചുടൻവഴിപോലെ 222

പഞ്ജരത്തിങ്കൽകിടന്നൊട്ടന്നാസിംഹത്തെയും
ഞെട്ടുമാറാകംഘോരാകാരത്തെയുംകാട്ടീടിനാർ 223

ചന്ദ്രഗുപ്തനമതുകണ്ടുവിസ്മയംപൂണ്ടു
മന്ദഹാസവുംകലൎന്നിങ്ങിനെനിരൂപിച്ചാൻ 224

പഞ്ചാസ്യമിതുമഹാവിഗ്രഹമെന്നാലിപ്പോൾ
പഞ്ജരത്തിൻെറകഴലിടകളൂടെയെന്നും 225

മോചിപ്പാനെളുതല്ലയെന്നല്ലതുകൊണ്ടുതന്നെ
വ്യാജത്താൽകൃതമിദമില്ലസംശയമേതും 226

സന്തതംസിംഹത്തിൻെറചേഷ്ടകൾസൂക്ഷിക്കുമ്പോൾ
യന്ത്രമുണ്ടിതിന്നുള്ളിലെന്നതോന്നുന്നതാനും 227

വൎണ്ണരാമാദികളുംപാൎത്തുകാണുന്നനേരം
നിൎണ്ണയംശില്പികളാൽകല്പിതംമനോഹരം 228

“ദ്രാവ്യതാം”എന്നങ്ങൊരുവാക്യമെന്നതുകൊണ്ടു
ധാവനംവരേണമെന്നുള്ളതുമില്ലയല്ലോ 229

ദ്രാവണത്തിന്നുയോഗ്യമാസ്ഥമെന്നാലിതു
കേവലംമെഴുകുകൊണ്ടെന്നതേവരുന്നതും 230

നിശ്ചയിച്ചുറത്തുള്ളിലിങ്ങിനെകല്പിച്ചവൻ
ആശ്ചൎയ്യംജനങ്ങൾക്കുകാട്ടുവാനായിക്കൊണ്ടു 231

പഞ്ജരംഉയരത്തുവെപ്പിച്ചിട്ടിരിമ്പുകോ-
ലഞ്ജസാചുട്ടുപഴുപ്പിച്ചുസിംഹത്തിന്മെയ്യിൽ 232

വെച്ചതുനേരമൊലിച്ചാകവേപുറത്തുപോ-
യ്യുച്ചത്തിൽചിരിച്ചിതുഭൂമിരാജാക്കന്മാരും 233

മന്ത്രികൾജനങ്ങളുംകണ്ടുവിസ്മയംപൂണ്ടു
ചന്ദ്രഗുപ്തനെബ്ബഹുമാനിച്ചുനിന്നീടിനാർ 234

രാജപൂജിതന്മാരായ്പ്പോയിതുപിന്നെവംഗ-
രാജദൂതന്മാരൊക്കെച്ചെന്നിതങ്ങറിയിച്ചാർ. 235

രാക്ഷസനതുകാലമുൾക്കാമ്പിൽനിരൂപിച്ചാൻ
“രുക്ഷമാനസനായമൌൎയ്യനന്ദനനിവൻ” 236

എന്തിവൻചെയ്യുന്നതെന്നിങ്ങനെനിരൂപിച്ചു
സന്തതംശങ്കമുഴുത്തിരുന്നാനവൻതാനും 237

നന്ദനന്മാൎക്കുംമൌൎയ്യൻതനിക്കുംശേഷക്രിയ
ചന്ദ്രഗുപ്തനെക്കൊണ്ടുചെയ്യിച്ചാൎത്ഥപന്മാരും 238
ഈവണ്ണമുള്ളവസ്തുസാധികൾകണ്ടുകിളിനി
കേവലംചന്ദ്രഗുപ്തൻനമുക്കണ്ണുകൊണ്ടു 239
ശത്രുതാമുള്ളോർകളിൽശേഷിച്ചോനെന്നാകിലും
പുത്രനെപ്പോലെപരിപാലിച്ചീടുകവേണം 240
അശ്വാദികളിലാധിപത്യമുണ്ടാക്കീടിനാൽ
വിശ്വാസംവരായല്ലോശത്രുതാമുണ്ടാകയാൽ 241
ഒന്നിനുംതക്കീടേണ്ടവനപ്പോയാലുമിവൻ
ഒന്നിനുംപിന്നെയൊരുപാത്രമല്ലാതെവരും 242
രണ്ടുമാവിച്ചീടുന്നീടിലുമറ്റുമൊരു
ബന്ധമാസ്ത്യതമതിനില്ലസംശയമേതും 243
അഗ്രഭോജനത്തിനുവിപ്രന്മാർവരുന്നേരം
യോഗ്യരെക്കണ്ണിപ്പതിനാക്കുകനല്ലൂന്നനം 244
ഈവണ്ണംകല്പിച്ചവരാക്കിനാനവനെയും
ദൈവതിന്നതമാക്കുംതട്ടുകൂടായല്ലോ 245
താതസോദരരുടെനാശവുമന്നാദിനം
ചേതസാനിനച്ചുള്ളഖേദവുമറച്ചവൻ 246
നെഞ്ചകംവെന്തുവെന്തുകോപവുംജ്വലിച്ചുള്ളിൽ
ചഞ്ചലംകൂടാതെകണ്ടഗ്രഭോജനത്തിങ്കൽ 247
വിപ്രരെകല്പിക്കയെന്നുള്ളതിങ്കലേക്കതി-
തല്പരനായിട്ടിരുന്നീടിനാനതുകാലം 248
നല്ലോരുസഹായമാരുള്ളതെന്നന്നദിനം
വല്ലഭമുള്ളമൌൎയ്യനന്ദനൻചിന്തിച്ചുള്ളിൽ 249
തള്ളിവന്നീടുംപടുബുദ്ധിവൈഭവംകൊണ്ടു
വല്ലതെങ്കിലുംതട്ടകാസ്ത്വതമരുന്നനം 250
ബുദ്ധിശക്തിയുംമഹാസൈന്യശക്തിയുംതമ്മിൽ
ബുദ്ധിശക്തിക്കുതുല്യമൊന്നുമില്ലെന്നിട്ടവൻ 251
ബുദ്ധിയുംനയവുമേറീടുന്നവിപ്രന്മാരെ
നിത്യവുമന്വേഷിച്ചുകൊണ്ടുചനിരുന്നാനേ— 252

നല്ലാസത്തോടുപലതോടുമായുരചെയ്തു
നല്ലപൈങ്കിളിമകൾതാനുമന്നടങ്ങിനാൾ. 253

ഇതി ശ്രീരാക്ഷസ നവനന്ദാഭിഷേകനാമ ഗാനവിശേഷം ഒന്നാമതു

രണ്ടാം പാദം

ബാലേ! സുശീലേ! ശുകകലമാലികേ!
കാലേപറകകഥകളിനിയുംനീ 1
പാലുംപഴവുംഭുജിച്ചുതെളിഞ്ഞുടൻ
കാലംവൃഥാകളഞ്ഞീടാതെചൊൽകെടോ 2
നല്ലകഥയിതുകേൾക്കെന്നനേരത്തു
ചൊല്ലാവതല്ലോരാനന്ദമിനിക്കുള്ളിൽ 3
എന്നതുകേട്ടുതെളിഞ്ഞുചൊല്ലീടിനാൾ
മുന്നമുരചെയ്തതിന്നുമേല്പോട്ടവൾ 4
ഏതുകിലൊരുദ്വിജനൊരുദിനം
മംഗലശീലൻകുസുമപുരത്തിങ്കൽ 5
സഞ്ചരിക്കുന്നൊരുനേരത്തുദൂരവേ
തഞ്ചുനാകാന്തികലർന്നൊരുവിപ്രനെ 6
പഥിമദ്ധ്യേവസിച്ചുകൊണ്ടെത്രയും
ക്രുദ്ധനായ്ദ്ദലകത്തിപ്പറിച്ചുടൻ 7
ചൂട്ടതിൻഭസ്മംകലക്കിക്കുടിച്ചതി-
ഹൃഷ്ടനായ്നില്ക്കുന്നതുകണ്ടവൻതാനും 8
ചെന്നടികുമ്പിട്ടുദൂരത്തുവാങ്ങിനി-
ന്നൊന്നുമഹീസുരൻതന്നോടുചോദിച്ചാൻ 9
"ഭൂസുരശ്രേഷ്ഠകുലോത്തംസമേ! വിഭോ!
ഭാസുരകാന്തികലർന്നദയാനിധേ! 10
എന്തിനുപുല്ലുകളിപ്പറിച്ചിഹ
ചന്തമായ്നീരിൽകലക്കിക്കുടിച്ചതും?" 11

അപ്പോളതുകേട്ടുമൌര്യസുതനോടു
കെല്പോടുചൊല്ലിനാൻപൃഥ്വീസുരേന്ദ്രനും 12
"ഇപ്പുല്പപാദതടത്തുഞാൻവീഴ്കയാൽ
ഉൾപ്പൂവിലുണ്ടായകോപംപൊറായ്കയാൽ 13
നാരായവേരോടുകൂടെപ്പറിച്ചുഞാൻ
പാരാതെചുട്ടുകരിക്കെടിച്ചതും." 14
ചന്ദ്രഗുപ്തനതുകേട്ടുചൊല്ലീടിനാൻ
"എന്തുഭവാനിബ്ഭസിതംകടിക്കയാൽ?" 15
എന്നുചോദിച്ചോരുമൌര്യാത്മജനോടു
മന്നിടദേവനാംപാത്തുചൊല്ലീടിനാൻ 16
"ക്രോധാഗ്നിയെന്നുദഹിപ്പിക്കമെല്ലാറ്റി-
ലേതുമതിനൊരുസംശയമില്ലകേൾ" 17
എന്നതുകേട്ടുവന്നുംപറഞ്ഞീടിനാൻ
"ഉന്നതരായുള്ളമന്നവന്മാർചിലർ 18
ഘോരമായുള്ളപരാധങ്ങൾചെയ്കിലോ
ധീരതയോടെന്തുചെയ്യുംഭവാൻപിന്നെ?" 19
ചന്ദ്രഗുപ്തൻതന്റെവാക്കതുകേട്ടപ്പോൾ
മന്ദഹാസംപൂണ്ടവനോടുചൊല്ലിനാൻ:— 20
"ബാലനായുള്ളനീയെന്തറിഞ്ഞൂമമ
ശീലഗുണങ്ങളുംബുദ്ധിവിലാസവും 21
മത്തഗജങ്ങളുമശ്വഗണങ്ങളും
പത്തിവരന്മാരുമൊത്തരഥങ്ങളും 22
ചിത്രമായുള്ളോരുമന്ത്രവിലാസവും
എത്രയുമേറുന്നദൈവാനുകൂല്യവും 23
ഇത്തരമല്ലോനരപാലകന്മാൎക്കു
നിത്യമാകുന്നോരുശക്തിധരിക്കനീ 24
ഇങ്ങിനെയുള്ളതുമെന്നുടെബുദ്ധിയും
തങ്ങളിലെത്രവിശേഷമറിഞ്ഞാലും 25
മാമകമായമതിവൈഭവംകൊണ്ടു
ത്വരയോടെന്തൊന്നസാദ്ധ്യമല്ലാത്തതും?" 26

ഇത്ഥമാകർണ്യമഹീസുരവാക്കുകൾ
ഉത്തമനാകിയമൌൎയ്യതനയനും 27
ഭക്തികൈക്കൊണ്ടുകൂപ്പിത്തൊഴുതുനി-
ന്നുത്തരമായവൻതന്നോടുചൊല്ലിനാൻ—: 28
“ആരെന്നറിഞ്ഞതില്ലല്ലോഭവാനെ ഞാൻ-
ആരെന്നതുംചൊല്ലവേണംമഹാമതേ! 29
എങ്കിലോകേൾക്കഞാനാരെന്നതാശുനീ
ശങ്കാവിഹീനംപറഞ്ഞുതരുവൻഞാൻ 30
ചാണക്യനെന്നുപ്രസിദ്ധനായേററവും
മാനിയായുള്ളോരുഭൂസുരൻഞാനെടോ 31
പേരിനിരണ്ടുണ്ടിനിക്കതുകേൾക്കനീ
പാരിൽപ്രസിദ്ധനാംകൌടില്യനെന്നതും 32
വിഷ്ണുതാൻനിത്യവുംരക്ഷിച്ചുകൊൾകയാൽ
വിഷ്ണുഗുപ്തൻപുനരെന്നതുമുണ്ടെടോ 33
നന്ദാഗ്രഭോജനംകേട്ടിട്ടുഞാനിഹ
നന്നായ്ഭുജിപ്പതിനായിവന്നീടിനേൻ 34
യോഗ്യൻചതന്നവരെക്ഷണിച്ചീടുവാൻ
ഭാഗ്യവാന്മാരായമന്നവരാക്കീട്ടു 35
കേട്ടിതൊരുവൃഷലൻപോലതാകുന്ന
ദുഷ്ടശ്രമിച്ചുകഴിപ്പാനുമിന്നവൻ 36
ഏതൊരുദിക്കിലിരിക്കുന്നതെന്നുനീ
യെത്രയുംവൈകാതെചൊല്ലിത്തരികെടോ” 37
തങ്കഴൽകൂപ്പിത്തൊഴുതവൻചൊല്ലിനാൻ
“എങ്കിൽവൃഷലനവൻഞാനറിഞ്ഞതാലും 38
തല്പാദരേണുക്കൾകൊണ്ടിനിവൈകാതെ
യിപ്പുരംശുദ്ധമാക്കേണംമഹാമതേ! 39
ഇന്നിവിടെബ്ഭവാൻവന്നതുകാരണം
നന്ദവംശമിനിവധിതമാസ്തതം” 40
മൌൎയ്യനീവണ്ണംപറഞ്ഞോരനേരത്തു
ശൌൎയ്യമേറീടുന്നചാണക്യഭൂസുരൻ 41

ലജ്ജിതനായ്മുഖംതാഴ്ത്തിനിന്നനേരം
അച്ഛിരിപൂണ്ടവനന്തരനോടീദംചൊല്ലി 42
“അയ്യോവൃഷലനെന്നിങ്ങിനെ പറഞ്ഞു
പൊള്ളല്ലവിപ്രജാതിസ്വഭാവമെടോ 43
രാജാവുതന്നുടെപൌത്രനല്ലാമവൻ
ആചാരമല്ലാതെ ചൊന്നേനറിയാതെ 44
സജ്ജനങ്ങൾക്കതുകൊണ്ടെന്തുമില്ലെങ്കിൽ
ദുർജ്ജനങ്ങൾക്കതുപൊറായ്കയായ്വരാം 45
ലജ്ജയുണ്ടേററമിനിക്കതുകൊണ്ടിഹ
നിശ്ചയമിന്നതുപൊറുപ്പാനായെപ്പോണ്ട 46
നല്ലവരങ്ങൾതന്നതുമുണ്ടിനി
വല്ലഭമോടതുവാങ്ങീടുകവാൻ 47
എത്രയുംസ്നേഹമാകുന്നിതുനിന്നുടെ
പ്രത്യയംകണ്ടിട്ടിനിക്കെന്നറികനീ” 48
ചാണക്യനിങ്ങനെ പറഞ്ഞുകേട്ടവൻ
താണുകഴലിണകുമ്പിട്ടുചൊല്ലിനാൻ 49
“നിത്യവുമിങ്ങിനെതന്നെവൃഷലനെ-
ന്നെത്രയുമാദരവോടതുംചൊല്ലുമോ 50
മറെറാന്നുമില്ലതിനൊന്നുതരുമിനി
മുററുമിനിക്കെന്നറിക ദയാനിധേ! 51
ത്വൽകൃപകൊണ്ടിനിമറെറാന്നുവേണ്ടുകിൽ
മൽകുടിചിതമായ്വരെഴുന്നള്ളുന്നാം 52
ആശ്രമത്തിനെഴുന്നള്ളുന്നനേരത്തു
വിശ്രമിപ്പാൻതക്കവണ്ണംമതിതാനും” 53
“അങ്ങിനെതന്നെയതെ”ന്നുപറഞ്ഞിതു
തിങ്ങിനമോദംകലർന്നുചാണക്യനും 54
പിന്നെയുംഭൂസുരനാഥനെമൈത്ര്യനും
നന്നായെഴുന്നള്ളിച്ചുകൂട്ടികൊണ്ടുപോയിനാൻ 55
പോകുന്നനേരംവഴിയിന്നുമൈത്ര്യനും
ആകുലരായവൻതാതവിനാശവും 56

സോദരനാശവുംതന്റെവിശേഷവും
മേദിനീപാലകന്മാരുടെവൃത്തവും 57
കേശവചാണക്യനോടുചൊല്ലീടിനാൻ
ഉൾക്കരളിലവനേറിക്കരുണയും 58
ഉത്തമംവരാതമഹീസുരാചാര്യനെ
സ്നാനാദികർമ്മംകഴിപ്പിച്ചിട്ടുമൌര്യനും 59
ഭോജനശാലയുംകാട്ടിക്കൊടുത്തഥ
രാജപൌത്രൻഗൃഹത്തിനുപോയീടിനാൻ. 60
വേഗംകരച്ചഥമൌര്യൻവഴിയിന്നു
പോകുന്നനേരമീവണ്ണംനിരൂപിച്ചാൻ 61
ദൈവബലംകൊണ്ടെനിക്കുമനോരഥം
കൈവന്നിതിപ്പോളതിനില്ലസംശയം 62
ഇപ്പൃഥിവീസുരൻതന്നെയാശ്രയിച്ചുഞാൻ
കെല്പോടുചെയ്യുൻപ്രതിക്രിയനിർണ്ണയം 63
ഉഗ്രനായുള്ളൊരുവിപ്രനവന്തന്നി-
ക്കഗ്രാസനത്തെപ്പോലച്ഛന്മാരവർ 64
എന്നുംകൊടുക്കയില്ലെന്നുംവരുംപിന്നെ
മന്നവന്മാരുമൂലംമുടിഞ്ഞുപോം 65
എന്നാലിനിക്കവരെണ്ണരുംസാധിച്ചി-
തെന്നിങ്ങിനെനിരൂപിച്ചുമൌര്യാത്മജൻ 66
ധന്യശീലൻതെളിഞ്ഞതററമന്നേരം
ചെന്നുനിജപുരംപുക്കമരുവിനാൻ 67
ഭുക്തിശാലാന്തരേചെന്നുചാണക്യനാം
തത്രകനിവോടുനോക്കിയനേരത്തു 68
പൊന്നിൻതളികകളൊമ്പതുതാരപോലെ
മാന്യങ്ങളായിക്കിഴക്കുനോക്കീട്ടുവ 69
ച്ചിരിക്കുന്നിതതിന്നനേരെപിന്നെ
വെച്ചിരിക്കുന്നിതൊരുപൊൻതളികയും 70
വെള്ളത്തിലെന്നപോലേയതിൽച്ചില
വെള്ളിത്തളികകളായിരമുണ്ടല്ലോ 71

ചാണക്യനിങ്ങനെകണ്ടൊരുനേരത്തു
മാനിച്ചുപാചകന്മാരോടുചോദിച്ചാൻ 72
"സ്വച്ഛമതായൊരുപാത്രംവിശേഷിച്ചു
മാന്യസ്ഥലത്തുതെളിവോടുവെച്ചതും 73
പിന്നെയൊരൊമ്പതൊരുപോലെവെച്ചതും
ഇന്നവർക്കെന്നുപറഞ്ഞീടുവിൻനിങ്ങൾ." 74
ഇത്ഥംപറഞ്ഞൊരുവിപ്രനോടന്നേരം
ഉത്തരമായുരചെയ്താരവർകളും. 75
"നന്ദനരാധിപന്മാർക്കിവയൊമ്പതും
പിന്നെയങ്ങെതിരവന്നവിപ്രന്മാരിൽ 76
അഗ്രാസനത്തിന്നുയോഗ്യനായ് പൂജ്യനായ്
ഭാഗ്യവാനായുള്ളവനെന്നറിഞ്ഞാലും 77
വന്നവർക്കൊക്കെവെവ്വേറെയുള്ളവയതിൽ
ഒന്നിങ്കലിപ്പോൾഭവാനുമിരുന്നാലും" 78
എന്നതുകേട്ടോരുകൌടില്യഭൂസുരൻ
"ഇന്നിവിടേക്കുവന്നീടിനവിപ്രരിൽ 79
അഗ്ര്യനായുള്ളതു ഞാൻ"എന്നുചൊല്ലിയ-
ഗ്ഗ്രാസനേചെന്നിരുന്നാൻകനിവോടെ 80
രാജപ്രവരരുംസ്നാനംകഴിച്ചഥ
ഭോജനശാലയിൽവന്നോരുനേരത്തു 81
അല്പവയസ്സാംദ്വിജനെയഗ്രാസനേ
കെല്പോടുകണ്ടുനേരമുരചെയ്താർ 82
"ഏതുവടുവിവൻ അഗ്രാസനത്തിന്മേൽ
ഏതുമേശങ്കകൂടാതെകരയേറി 83
ധൃഷ്ടതയോടുമിരിക്കുന്നതാരിവൻ?
കഷ്ടമനാ[illegible]വാകുന്നതും 84
കള്ളക്കരിങ്ങിനെത്തള്ളിപ്പിടിച്ചുടൻ
തള്ളിപ്പുറത്തുകളവതിന്നാരുമേ 85
ഇല്ലയോനമ്മുടെചോറുതിന്നുന്നവർ
എല്ലാവരുമെങ്ങുപോയാരിതുനേരം?" 86

ഇത്തരം മന്നവൻ ചൊന്നതു കേട്ടവൻ
ഉത്തരം ക്രുദ്ധനായുത്തരം ചൊല്ലിനാൻ 87
"മർക്കടനെങ്കിലും തസ്കരനെങ്കിലും
മത്സമനായിട്ടൊരുത്തനുണ്ടെന്നാകിൽ 98
അഗ്രാസനത്തിങ്കൽ നിന്നിറങ്ങീടുവൻ
ഉഗ്രമായ് നിങ്ങളും പറഞ്ഞാലിറങ്ങുമോ? 89
നാലുവേദങ്ങളുമാറുശാസ്ത്രങ്ങളും
വേലകൂടാതെ ദൃഢമാത്തിളങ്ങുന്ന 90
എന്നെപരീക്ഷിക്കവേണമെന്നുണ്ടെങ്കിൽ
വന്നുപരീക്ഷിച്ചുകൊള്ളുക വൈകാതെ 91
ഗർവ്വിതന്മാരായ നിങ്ങളെപ്പിടിച്ചു
ഒപ്പാക്കെക്കെട്ടിറങ്ങിപ്പോകയില്ലഞാൻ" 92
രോഷം സഹിച്ചുടൻ ന്യായം പറയുന്ന
ഭൂസുരശ്രേഷ്ഠനായുള്ള ചാണക്യനെ 93
ഭൃത്യജനങ്ങളും കൂട്ടമായ്പ്പുറത്തിട്ടി—
ച്ചുത്രയുംകൊണ്ടുമായുള്ളിവഴിച്ചുവർ 94
ഭോജനശാലയിൽ നിന്നു പുറത്തിങ്ങു
രാജഭൃത്യന്മാർ പിടിച്ചു തള്ളീടിനാർ 95
ദുഷ്ടർ പിടിച്ചു വലിക്കുന്ന നേരത്തു
കച്ചമഴിഞ്ഞു കുടുമയും വസ്ത്രവും 96
വൃദ്ധനായീടുന്ന മറ്റൊരു വിപ്രനെ
സത്വരമഗ്രാസനത്തിലുമാക്കിനാർ 97
ചാണക്യനപ്പോഴടിച്ചൊരു കോപത്തെ
ഞാനെങ്ങിനെ പറയുന്നു ശിവശിവ!! 98
പല്ലുതടത്തു പിണഞ്ഞൊരന്നേരമതു
നില്ലാതെ കോപേന കത്തിപ്പറിച്ചുടൻ 99
ചുട്ടുകലക്കിക്കടിച്ചു മഹീസുരൻ
കഷ്ടമിക്കോപം സഹിക്കുന്നതെങ്ങിനെ 100
പാരം മുഴുത്തുള്ള രോഷം ജ്വലിച്ചവൻ
ഘോരമാം വണ്ണം പ്രതിജ്ഞ ചെയ്തീടിനാൻ 101

"മുഖ്യനായ് പൂജ്യനായുള്ളോരു ഞാനിന്നു
ധിക്കൃതനായതുകൊണ്ടുമന്യദ്വിജൻ 102
പൂജിതനായതുകൊണ്ടുമിന്നോർക്കുക
നീചരാം നിങ്ങളെ വെട്ടിവധിപ്പിച്ചു 103
മറെറാരുശൂദ്രനെ വാഴിച്ചുവിട്ടേ ഞാൻ
തെറെറന്നു ചൂഡയെ കെട്ടുന്നതുള്ളല്ലോ 104
ഉഗ്രരാം ക്ഷത്രിയക്ഷുദ്രരേ! മൂഢരേ!
പെട്ടെന്നു ഞാനിതു ചെയ്യുമറിഞ്ഞാലും" 105
ഘോരമായിത്ഥം പ്രതിജ്ഞയും ചെയ്തവൻ
ധീരനായ് കോപിച്ചു പോകുന്ന നേരത്തു 106
കണ്ടുനിന്നീടുന്ന സജ്ജനമൊക്കവേ
മിണ്ടാതെനിന്നിതു കണ്ഠോദയററവും 107
"ക്ഷുൽഭ്രാന്തികൊണ്ടു വിവശനായീടുന്ന
വിപ്രൻ പറയുന്ന ഭാഷിതം കേട്ടില്ലേ" 108
ഭൂമിപന്മാർ പറഞ്ഞന്യോന്യമിങ്ങനെ
കാമമാംവണ്ണം ഭുജിച്ചുകൊണ്ടീടിനാർ 109
ചാണക്യനാം ചപലനാമെത്രയുമുഗ്രാംപുക
മാനുഷൻ കൈക്കൊണ്ടവൻ തന്നോടു ചൊല്ലിനാൻ 110
"നന്ദരാജ്യത്തിനു ചെയ്കനീ രാജാവു
മന്ത്രിയാകുന്നതും ഞാനെന്നറിഞ്ഞാലും" 111
ചാണക്യവാക്കുകളിങ്ങിനെ കേട്ടവൻ
താണുതൊഴുതു വിനീതനായ് ചൊല്ലിനാൻ 112
"എന്തിങ്ങിനെ നാമതൊക്കെ ചെയ്യുന്നതിന്നുവാൻ
എന്തെന്നെനിക്കുള്ളിലുണ്ടായതില്ലേതും" 113
എന്നതുകേട്ടു ചന്ദ്രഗുപ്തൻ താനും
മന്നവർ ചെയ്തധികാരവും തന്നുടെ 114
ഘോരമായോരു പ്രതിജ്ഞയുമമ്പോടു
മൌര്യനോടൊക്കവെയും പറഞ്ഞീടിനാൻ 115
ചന്ദ്രഗുപ്തൻ താനിതു പച്ചിതമന്തി-
ന്നന്തരമേറ്റമതു കേട്ടു സന്തോഷിച്ചു 116

തൽപരംകമ്പിട്ടവനെന്നുള്ളവെന്ന
കല്പിച്ചുസഖ്യവുംചെയ്തിതുതങ്ങളിൽ 117
മൌര്യനോടൊക്കെപ്പറയേണമെന്നുംപറ -
ഞ്ഞാർയ്യമതിയായചാണക്യഭൂസുരൻ 118
യാത്രയുംപിന്നെയവനോടുരചെയ്തു
ധാത്രീസുരൻതന്നിടത്തിന്നുപോയിനാൻ 119
മൌര്യതനയനുംചാണക്യവിപ്രനും
കാർയ്യങ്ങളന്യോന്യംകണ്ടുപറഞ്ഞതും 120
തങ്ങളിൽസഖ്യംമതുളിവോടുചെയ്തതും
എങ്ങുമെയാരുമറിഞ്ഞതുമില്ലല്ലൊ 121
തന്നിടംപുക്കൊരുവിപ്രമുഖ്യൻപിന്നെ
തന്നുടെസബ്രഹ്മചാരിയായുള്ളൊരു 122
ഇന്ദ്രശർമ്മാവായവിപ്രനോടൊക്കവെ
നന്ദഭൂപാലന്മാർതന്നോടുചെയ്തതും 123
ഘോരതരമായ്പ്രതിജ്ഞതാൻചെയ്തതും
നേരോടുരചെയ്തറിയിച്ചനന്തരം 124
ജ്യോതിഷത്തിങ്കലുമന്ത്രവാദത്തിലും
ചാതുർയ്യമേറീടുമിന്ദ്രശർമ്മാവുതാൻ 125
സർവ്വകാർയ്യങ്ങളവനോടുരചെയ്തു
സർവ്വനന്ദന്മാർകുലത്തെയൊടുക്കുവാൻ 126
ഉൾക്കനംകൈക്കൊണ്ടുമുദ്രയുമിട്ടവൻ
പൊക്കണംകെട്ടിപ്പുറത്തിട്ടുധീരനായ് 127
ഭസ്മവുംതേച്ചതിനിസ്പൃഹനായഥ
വിസ്മയമായൊരുയോഗിവേഷംപൂണ്ടാൻ 128
പീലിയുംകെട്ടിയെടുത്തഥരുദ്രാക്ഷ-
മാലയുംമാർവ്വിലണിഞ്ഞുവിനീതനായ് 129
ബൌദ്ധമുനിമതംതത്ത്രിച്ചനിത്യവും
ചിത്തമുറപ്പിച്ചുനന്ദരാജ്യത്തിങ്കൽ 130
മുററുമിങ്ങനെദിവസംകഴിച്ചവൻ
മറെറാന്നിലുമൊരുകാംക്ഷയുംകൂടാതെ 131

ശ്രാവകകൃത്യംപറഞ്ഞുമുനികളെ
പാവനശീലനായിട്ടുക്ഷപണകൻ 132
കിഞ്ചനവഞ്ചനസംശയംകൂടാതെ
ചഞ്ചലംകൈവിട്ടുസഞ്ചരിച്ചീടിനാൻ 133
കഷ്ടമായുള്ളൊരുവിപ്രനിരാസവും
നിഷ്ഠുരമായവൻചെയ്തശപഥവും 134
കേട്ടുവിഷാദവുംഭീതിയുംപൂണ്ടഥ
ശിഷ്ടനാംമന്ത്രികുലോത്തമൻരാക്ഷസൻ 135
ദീർഘമായുണ്ടുഭയംപൂണ്ടതിനൊരു
മാർഗ്ഗമെന്തെന്നുവിചാരംതുടങ്ങിനാൻ 136
ശത്രുക്കളെക്കുറിച്ചവനേതാനും
ദുർവിചാരങ്ങൾചെയ്തീടുമല്ലോധ്രുവം 137
ചാരമോടിന്നിതുനിറുത്തുവാനാരെന്നു
ചിന്തിച്ചിതന്നതുമന്ത്രിപ്രവരനും 138
മറെറാരുമാർഗ്ഗമുണ്ടെന്നറിയാതെ
മൂഢമിതുനിരൂപിച്ചിരുന്നീടിനാൻ 139
അക്കാലമൊന്നുകേട്ടീടിനാനിങ്ങനെ
യുൾക്കാമ്പുഴന്നിരിക്കുന്നൊരുരാക്ഷസൻ 140
ഉണ്ടുപോലിന്നൊരുതൻമന്ത്രവാദിയായ്
കണ്ടവർക്കൊക്കെപ്രവൃത്തിച്ചുനിത്യവും 141
ഉണ്ടായശത്രുബാധാദികൾപോക്കുവാൻ
കണ്ടിട്ടുമില്ലവനെപ്പോലെയാരെയും 142
നാട്ടിൽക്കടക്കുന്നതുണ്ടവനെന്നതു
കേട്ടതെളിഞ്ഞൊരുമന്ത്രികുലോത്തമൻ 143
കാലവിളംബനംകൂടാതവനെയും
ആളയപ്പിച്ചുകൂട്ടിക്കൊണ്ടുപോന്നിഹ 144
മോദേനചെന്നവൻതന്നോടുരാക്ഷസൻ
ചോദിച്ചിതു“ഭവാനാരെന്നുചൊല്ലുക” 145
ഇത്ഥമമാത്യൻപറഞ്ഞതുകേട്ടവൻ
എത്രയുംതാണുവിനീതനായ്ചൊല്ലിനാൻ 146

“മന്ത്രിപ്രവരമഹാമതേ! ഞാനൊരു
മാന്ത്രികനാകുന്നതോ യോഗിയാകുന്നതും 147
ജ്യോതിഷശാസ്ത്രവാദങ്ങളെന്നല്ല മി-
ന്നേതുമൊരക്ഷരവില്ലെന്നറിഞ്ഞാലും 148
ജീവസിദ്ധിയെന്നിനിക്കു പേരാകുന്നു
കേവലമോദനം തന്നാൽ മതി താനും” 149
ഇതി ക്ഷപണകൻ ചൊന്നതു കേട്ടവൻ
ചിത്തേ നിരൂപിച്ചു കൊണ്ടാനതുനേരം 150
സത്യമിബ്ബ്രാഹ്മണൻ ക്ഷപണനാകും
നിത്യം വൈരമേറീടും പൊരിഷകൾക്കും 151
എന്നതുകൊണ്ടു വിപ്രാദി ചാരാദികൾ
ഇനിയിവനെക്കൊണ്ടു നിർണ്ണയമുണ്ടു ഞാൻ 152
നിശ്ചയിച്ചേവമുറച്ചു രാക്ഷസൻ
വിശ്വസിച്ചപ്പോളവനോടുരചെയ്താൻ 153
വിപ്രക്ഷപണാദികളൊഴിഞ്ഞവയ്യുമ്പൊ-
ഴപ്പോൾ ക്ഷപണനതുകേട്ടു ചൊല്ലിനാൻ 154
“ശ്രാവകശ്രേഷ്ഠ! മഹാമതേ! മാനസേ
താപവും ഭീതിയുമുണ്ടാകരുതേതും 155
അന്തണരെന്താഹാ ദുർബ്ബലന്മാരവർ
ചിന്തിക്കിലെത്രയും ഭീരുക്കളല്ലയോ? 156
കൈയ്യൂക്കുമില്ലാ പടയുമില്ലാ പാർത്താൽ
മെയ്യൂക്കുമൂട്ടിലുണ്ടാനതിവീരന്മാർ 157
പിന്നെച്ചിലരതിലാദി ചാരാദികൾ
നന്നായ്സ്ഥിരിക്കംശിവസംകൾപ്പാനായ് 158
ഏതാനുമൊന്നതു കൊണ്ടു ചെയ്തീടുകിൽ
എന്തെങ്കിലും തടുത്തീടുവാനാളു ഞാൻ 159
ഇന്നതിനെന്നോടു തുല്യനായാരുമി-
ല്ലെന്നതറിഞ്ഞിരിക്കേണം മഹാമതേ!” 160
ഇതി ചാപലവും പറഞ്ഞു ഫലിപ്പിച്ചു
ചിത്തം തെളിഞ്ഞൊരു രാക്ഷസനന്നേരം 161

മാനിച്ചവനെത്തെളിയിച്ചിതതിനാൽ
ഊനംവരാതെയിരുന്നാനവൻതാനും 162
പ്രത്യർത്ഥീപതികൾക്കവനമറ്റുകാല-
മെത്രയുംപാരംജ്വരംപിടിപ്പിച്ചുതേ 163
"ചാണക്യനെന്നവൻചെയ്യാഭിചാരമീ-
ക്കാരണമെന്നതെ"ന്നുപറഞ്ഞുക്ഷപണകൻ 164
തജ്ജ്വരംപീലിയുഴിഞ്ഞുശമിപ്പിച്ചാൻ
വിജ്വരന്മാരായിവന്നിതവർകളും 165
"ഇത്തരമോരോന്നുചെയ്യുംവിപ്ര"നെന്നു
സത്യമായെല്ലാവരോടും പറഞ്ഞവൻ 166
സമ്മതിപ്പിച്ചുനൃപാലരെക്കൊണ്ടവൻ
ബ്രഹ്മസഭായുള്ളസത്രമുടക്കിച്ചാൻ 167
നന്ദനൃപന്മാർക്കുപിന്നെക്ഷപണകൻ
ഭ്രാന്തുപിടിപ്പിച്ചുടനേശമിപ്പിച്ചാൻ 168
ഭ്രാന്തുംപനിയുംകളഞ്ഞോരുയോഗിയെ
സന്തോഷമുൾക്കൊണ്ടുരാജപ്രവരന്മാർ 169
എണ്ണമില്ലാതോളമുള്ള രത്നങ്ങളും
പൊന്നുംപണവുംകൊടുത്താരസംഖ്യമായ് 170
മംഗലകാന്തികലർന്നരത്നങ്ങളും
മങ്ങാതെയുള്ള സുവർണ്ണങ്ങളുമവൻ 171
കള്ളരകാണങ്ങുമിങ്ങുമെറിയുംപോലെ
കില്ലുകൂടാതെയെറിഞ്ഞുകളഞ്ഞുതേ 172
അന്നുതുടങ്ങിക്ഷിതിപാലകന്മാരും
മന്നവർക്കിഷ്ടനാംമന്ത്രിപ്രവരനും 173
എത്രയുംവിശ്വാസമോടവനെക്കുറി-
ച്ചത്യന്തവിസ്മയമോടിരുന്നീടിനാർ. 174
പിന്നെക്കുറഞ്ഞൊരുകാലംകഴിഞ്ഞപ്പോൾ
മന്നവന്മാരോടുചൊന്നാൻക്ഷപണകൻ. 175
"ഞാനിഹലക്ഷണംകൊണ്ടുപറയുന്നു
മാനിയായുള്ളോരുചന്ദ്രഗുപ്തനിവൻ 176

നാട്ടിലിരിക്കുന്നതൊട്ടുമാകാ ദൃഢം
ആട്ടിക്കളക പുറത്തിനി വൈകാതെ.” 177
എന്നതു കേട്ടൊരു നന്ദഭൂപാലന്മാർ
ചെണ്ടനാട്ടിക്കളഞ്ഞാരവനെയും 178
ആരുമറിയാതെ പിന്നെ ക്ഷപണകൻ
മെല്ലവൻ പിന്നാലെ ക്രൂരകൻ പുറപ്പെട്ടാൻ. 179
പുഷ്പപുരത്തിങ്കൽനിന്നൊരു നാല്പതും
ശില്പമായുമെക്കാതംവഴിയുള്ള 180
വർദ്ധമാനാഖ്യമാംഗ്രാമമതിലന്നവൻ
എത്തിയവനെയവിടെയിരുത്തിട്ട് 181
പാടലിപുത്രമാകുന്ന പുരത്തിങ്ക-
ലോടിവന്നീടിനാനാരുമറിയാതെ 182
മാന്ത്രികനാകും ക്ഷപണകനിങ്ങിനെ
ചിന്തിച്ചുപിന്നെയുംലക്ഷണംചൊല്ലിനാൻ. 183
“കാട്ടിലിരുന്നു രഹസ്യമായിട്ടൊരു
കാട്ടാളരാജനോടുംകൂടെയൊരുമിച്ചു 184
ക്ഷുദ്രപ്രയോഗങ്ങൾ ചെയ്യുന്നതുണ്ടൊരു
വിപ്രനെന്നുള്ളതു തോന്നുന്നിതിക്കാലം 185
എന്തിനി വേണ്ടതതിനെന്നു നിങ്ങളും
ചിന്തിച്ചു കല്പിച്ചു കൊള്ളുക വൈകാതെ.” 186
മന്നവന്മാരതു കേട്ടു കോപിച്ചുടൻ
മുന്നംശബരേശൻ തന്നുനൽകീടുന്ന 187
ജീവിതവുംമുടക്കീടിനാരക്കാലം
കോപിതനായതുമൂലം ബലാലവൻ 188
നാട്ടിനയൽനാട്ടുവാഴിയായുള്ളൊരു
കാട്ടാളനാംവിപരീതമായ്‌വന്നതേ. 189
മൌര്യനതുവഴിപോലെയറിഞ്ഞുടൻ
വിശ്വാസനാകുംകിരാതാധിനാഥനെ 190
പാവനമാന സൽപെരുമാറ്റംകൊണ്ടു
ജീവിതവുംനൽകിമിത്രമാക്കീടിനാൻ. 191

പിന്നെയുംതാതനെസ്നേഹമുള്ളോർകളെ
നന്നായ്‌വശീകരിച്ചീടിനാൻമൌൎയ്യനും. 192
ചാണക്യനുംപുനരിന്ദുശർമ്മാവിനെ
താനേപറഞ്ഞങ്ങയച്ചോരനന്തരം 193
പുഷ്പപുരത്തിന്നുനേരെവടക്കോട്ടു
കെല്പോടുപോയാനൊരന്തൃയോജന 194
ഗർവ്വിതനായവിടെമരുവീടുന്ന
പൎവ്വതകാത്മജനാംമ്ലേച്ഛാധിനാഥനെ 195
ചെന്നുസേവിച്ചിതുബുദ്ധിബലംകൊണ്ടു
തന്നുള്ളിലുള്ളതെല്ലാംപറഞ്ഞീടിനാൻ:— 196
“മ്ലേച്ഛകുലേശ്വര!വീരശിഖാമണേ!
സച്ഛ്രുതേ!നിൎവ്വൃതിയൊഴിഞ്ഞില്ലമേ 197
നന്ദനാമാക്കളതന്മാരാമസ്മദ്വൈരി
മന്ദമതികളാമന്നവർചെയ്യോരു 198
ധിക്ക്രിയകൊണ്ടുകുപിതനായോരുഞാൻ
അക്കുലമൊക്കെയൊടുക്കിക്കളഞ്ഞുടൻ 199
മൌര്യന്നുരാജ്യംകൊടുത്തീടുവനെന്നു
നന്ദപുത്രന്മാരെന്തൊന്നുമെപ്പോലെ
ചന്ദ്രപൂർത്തിനായക സാമർത്ഥ്യം 258
നാശംവരുത്തുമെന്നെണ്ണി നിന്നെമെ-
രാശപുനരതു സാധിക്കയില്ലെടോ 259
നയവിപുലബലമുടയവർകളായുള്ള ഇ-
ന്ദ്രനാസ്വാമികളുടെ കന്മത്രികൾ 260
തെളിവിനൊടുധനിപതിനന്ദനനുള്ള നാം
തിറമൊടിഹ ചക്ഷ്വിലയെ കൂട്ടിനിർത്തീടിനാർ 261
അക്കെട്ടഴിച്ചു ഞാൻ മറ്റുതനയനെ
നിശ്ശേഷമയന്നുറപ്പിച്ചുകെട്ടീടിനാൻ 262
ഇക്കെട്ടഴിച്ചുകെട്ടീടുവാൻപാരിതി-
ലിക്കണ്ടവരാരുമില്ലെന്നറിഞ്ഞാലും 263
മഹിമവരതയിലകണക്കനസകുമാരനാശയാൽ
തെളിവിനൊടു നസ്വ്യായണയോട്ടിന്നു 264
ശിശിരകരമറിഞ്ഞു കലവേദനോടൊക്കവെന്നു
സിംഹാസനത്തിലുള്ളവർക്കൊക്കെയും 265

പരിചൊടു പറിച്ചുകൊണ്ടിങ്ങു പോന്നീടുവാൻ
പാരതിലൊരുവൻ നിന്നെക്കൂടാതോർക്ക നീ” 266
വിവിധമിതി കേട്ടുടൻ ശ്രേഷ്ഠിപ്രവരനും
വിഗതഭയമിങ്ങിനെ ചിന്തചെയ്തീടിനാൻ 267
“പരവിത്തമാകിലുണ്ടെന്നുവരികിലും
പാരമിനി മറിഞ്ഞുകൊള്ളാമെന്നതേവേണ്ടൂ” 268
നീഗുണശാലോത്തമനാകിയ ചാണക്യ-
നശ്ശ്രേഷ്ഠിതന്നോടും ചൊല്ലിനാനിങ്ങിനെ 269
“ശ്രേഷ്ഠികുലശ്രേഷ്ഠ കേട്ടാലുമെങ്കിൽ നീ
കാട്ടുന്നതന്ന്യായംകൊണ്ടുള്ള നാശവും 270
ദുഷ്ടൻ ക്ഷപണകൻ ചെയ്ത ദോഷംകൊണ്ടു
നാട്ടിന്നു പോയതു കേട്ടില്ലയോ ഭവാൻ 271
പിന്നെശ്ശകടദാസൻ ചെയ്ത ദോഷത്താൽ
ചെന്നവൻ കാലപുരി പുക്കിരിക്കുന്നു 272
ചന്ദ്രഗുപ്തൻ മഹാരാജനിതുകാലം
ചന്ദനദാസനിൽ ശാഠ്യകർമ്മങ്ങളെ 273
ഒട്ടും സഹിക്കയില്ലെന്നു വന്നാൽ ഭവാൻ
കഷ്ടമാം ദണ്ഡമനുഭവിക്കുമല്ലോ 274
എന്നതുകൊണ്ടു നിനക്കു ഞാൻ ബന്ധുവായ്
ചൊന്നതു കേൾക്കനല്ലൂ തവ നിർണ്ണയം 275
കാൽക്ഷണം വൈകാതെ രാജാജ്ഞയാ ഭവാൻ
രാക്ഷസൻ തന്റെ കളത്രത്തെയും നൽകി 276
ചിത്രമായുള്ള രാജപ്രസാദങ്ങളും
എത്രയും നന്നായനുഭവിച്ചീടെടോ” 277
“ഉള്ളതെന്തന്നകൃത്തമനിർണ്ണയം
ഇല്ലാത്തതെങ്ങിനെ നൽകുന്നതോന്നഹോ 278
“ഇല്ലെന്നൊ രാക്ഷസൻ തന്റെ കളത്രത്തെ
ചൊല്ലുനീ വെച്ചു രക്ഷിക്കുന്നതില്ലയോ 279
നിന്റെ കളത്രത്തെയും പ്രാണനെയുമാ-
രാന്റെ കളത്രത്തെക്കൊണ്ടു തടുത്തു നീ 280

കാത്തുകൊണ്ടീടു ചാണക്യവിപ്രനെൻ
ചിന്തയിലെന്നു ഞാൻ ചെയ്തു നിർണ്ണയം” 281
“ഭീഷണമായുള്ള വാക്കുകളെന്തിനാ
ദോഷവിഹീനനാമെന്നോടു ചൊല്ലുന്ന
സത്തമമാത്യകുലമെൻ ചാരനെ
നിത്യവും വെച്ചു രക്ഷിച്ചുകൊള്ളുന്നു ഞാൻ 283
ഏതുമാശങ്കയുമില്ലെന്നു നിർണ്ണയം
എന്നാൽ വരുത്തുവതൊക്കെ വരുത്തുക 284
ഇല്ലെന്നുറച്ചു ഞാൻ ചൊല്ലീടാമെപ്പൊഴു-
മില്ല വിശ്വാസമെന്നാകിലൊന്നുമേ സത്യം” 285
“ഇത്തൊഴിൽ താവകമെന്നാലല്ലോ നിർണ്ണയം
ചിത്തത്തിൽ നിശ്ചയമെനിക്കതാമെ ചൊല്ലുന്നീ” 286
“നന്നായുറപ്പിളകാതെതാൻ നിശ്ചയം
വന്നുകിടക്കുന്നതില്ലയോ സംശയം” 287
ഇത്തരമോരോ മൊഴികളെക്കൊണ്ടവൻ
ചിത്തമിളക്കാതെ കണ്ട ചാണക്യനും 268
എത്രയും ചഞ്ചലമാനസനെന്നാലു-
ചിത്രമിവൻ തൊഴിലെന്തെന്നു ചൊല്ലുവാൻ 289
പിന്നെയും ശ്രേഷ്ഠിയവനോടു ചൊല്ലിനാൻ
നിർണ്ണയം നന്നായി വന്നിതോ മാനസേ?” 290
എന്നു ചാണക്യൻ പറഞ്ഞോരനന്തരം
“നിർണ്ണയം വന്നിതേ”ന്നാൻ മണികാരനും 291
അതികോപിതനായുടൻ ചാണക്യവിപ്രനു-
മസിലതയുലച്ചിങ്ങിനെ ചൊല്ലിനാൻ 292
“ഝടിതി തവ ഗളതലമറുപ്പനിപ്പോൾ ഞാൻ
ചന്ദ്രഗുപ്താവനീശാജ്ഞയോർക്കാതെ 293
ഖലവണിജ! ശാഠ്യമേ! സാമ്പ്രതം നിന്നെയും
കാത്തുകൊണ്ടീടുമോ രാക്ഷസനിന്നിപ്പോൾ” 294
വാളുമെടുത്തു കോപിച്ചു ചാണക്യനും
ചീളെന്നു ചാടുന്നതു കണ്ടുടൻ 295

ചന്ദനദാസനും ചഞ്ചലംകൂടാതെ
മന്ദഹാസംകലർന്നിങ്ങിനെ ചൊല്ലിനാൻ 296
"ഏതുമൊരുഭയമില്ലമമരാവാൻ
ചാതുര്യമോടുതലയറുത്തീടുകാ 297
എന്നുടെകണ്ഠവുമങ്ങുള്ള വാളുമാ-
യൊന്നിച്ചുവന്നാൽമടിക്കേണമോ പിന്നെ 298
ആയുധമിഹവന്നാകെപിടിപ്പാനില്ല
നേരേതലയിതാവെട്ടീടുകമാവാൻ" 299
ചന്ദനദാസനിവണ്ണംപറഞ്ഞപ്പോൾ
മന്ദിച്ചുവാങ്ങിനിന്നാൻ ചണകാത്മജൻ 300
ഉൾക്കാമ്പിൽകിളരുന്നൊരുകോപേന
ചിക്കനെച്ചാണക്യവിപ്രകുലോത്തമൻ 301
നാൽക്കാലപാലികൾതന്നെയുമന്നേരം
ദുർഗ്ഗാകംബന്ധപാലികൻതന്നെയും 302
ചാരന്മാരോടുംവിളിച്ചീടിനാനഥ
കാര്യമുരത്തിപ്പിടിച്ചവരുംവന്നാർ 303
"അന്യരാഷ്ട്രത്തിങ്കൽബന്ധുവായീടുന്ന
ചന്ദനദാസനായുള്ളൊരുവണിക്കനെയും 304
ബന്ധിച്ചിവൻറെകളത്രപുത്രാദിയും
ബന്ധുക്കളായവനുള്ള ജനത്തെയും 305
കൊണ്ടുചെന്നന്ധതാമിസ്രസമാനമാം
കാരാഗൃഹത്തിലിട്ടീടുകവൈകാതെ 306
എന്നല്ലിവനുള്ള ഭണ്ഡാരമൊക്കവെ
തിണ്ണംകൊണ്ടിങ്ങുകൊണ്ടുപോന്നീടുക 307
ചന്ദ്രഗുപ്തൻറെ പണിഞ്ഞിടനകല്പിച്ചു
ചന്ദനദാസനോടെന്നറിഞ്ഞീടുവിൻ" 308
ചാണക്യവചനമേവംകടുപ്പമായിട്ടുകേട്ടോരു
ചന്ദനദാസനന്നേരംചിരിച്ചാൻ 309
"സ്വാമിദ്രോഹികളന്നപൂർവ്വമറിഞ്ഞാകയാൽ
സർവ്വാപരാധിവരികെന്നാലുംവന്നു 310

ബന്ധുനിമിത്തംവരുന്നവിപത്തുകൾ
സന്തതമൊക്കെസ്സഹിക്കെന്നുരചെയ്തു" 311
എന്നുനിരൂപിച്ചുനില്ക്കുന്നനേരത്തു
ചെന്നുപിടിച്ചിതുകാലന്മാരവനെ 312
കാലാന്തകോപമാരായദൂതന്മാർ
കാലപാശാദ്യങ്ങളാംബന്ധപാശാദ്യങ്ങളാം 313
കാലുംകരവുംവരിഞ്ഞവൻതന്നുടെ
കാമക്രോധത്താലവർകളിഴവതും 314
പുത്രകളത്രാദികളോടുകൂടിയ-
മൈത്രിയുംക്ഷീണമായിപ്പുറത്തവർ 315
കനകപാഷാണസമ്പാദിതമായുള്ള
കണ്ഠരത്നത്തിൽപിടിച്ചുതള്ളീടിനാർ 316
വാതിലുംപിന്നെയടച്ചുപൂട്ടീടിനാൻ
ഭീതിപൂണ്ടങ്ങവോവിധിബലമെന്നോർത്തു 3,7
ചോരനിവന്നൊരഴൽപൂണ്ടവർകളും
അശ്രുനിറയതിൽകിടന്നീടിനാർ 318
പിന്നെയവർകളുംമററുള്ളവരുമായ്
മന്ദനാമന്തൻറവീട്ടിലകംപുക്കു 319
അററമില്ലാതോളമുള്ള നിധികളും
അററമില്ലാതുള്ള രത്നങ്ങളും 320
വൈഡൂര്യപത്മരാഗേന്ദ്രനീലാദിയാം
വൈശിഷ്ട്യമുള്ള രത്നങ്ങൾനിറച്ചുള്ള 321
രത്നകംബളങ്ങളവധികൂടാതെയും
രത്നംപതിച്ചുള്ള മകുടങ്ങളും 322
സ്വർണ്ണങ്ങൾകണ്ടിക്കണക്കിൽനിറച്ചുള്ള-
തെണ്ണമില്ലാതോളമെന്നേപറയാവൂ 323
പട്ടുകളോരോതരംനിറച്ചീടുന്ന
പെട്ടികളോടലപ്പെട്ടിപാത്രങ്ങളും 324
ഒക്കവെകുത്തിക്കവർന്നുകൊണ്ടന്നവർ
വെക്കംനൃപന്റെമുമ്പിൽവെച്ചീടിനാർ 325

ചന്ദനദാസനുള്ള നന്മയെപ്പാർത്തുടൻ
ചന്ദ്രഗുപ്തൻതനിക്കാര്യമോരനന്തരം 326
സന്തോഷമുൾക്കൊണ്ടു കൌടില്യവിപ്രനും
അന്തഃകരണത്തിലിങ്ങിനെ ചിന്തിച്ചാൻ 327
"രാക്ഷസാമാത്യനെച്ചൊല്ലിയിവനിന്നു-
പേക്ഷിക്കുമെല്ലൊ നിജകായജീവിതം 328
ചന്ദനദാസനെക്കൊല്ലുന്നനേരത്തു
മന്ത്രിപ്രവരൻമരിക്കുമെന്നുദ്ധ്രുവം 329
സാരമായുള്ളിതു സാധിപ്പതിനൊരു-
കാരണമായ്ത്തീരും ചന്ദനദാസനും" 330
ഇത്ഥമോരോതരം ചിന്തിച്ചു ചിന്തിച്ചു
പൃത്ഥ്വീസുരേന്ദ്രനിരിക്കുംദശാന്തരെ 331
ഭദ്രഭടനും പുരുഷദത്താഖ്യനും
ഭദ്രബലമുള്ള ഡിംഗരാതൻതാനും 332
വമ്പനായുള്ള ബലഗുപ്തനുംപിന്നെ
കമ്പമില്ലാതൊരു രാജസേനൻതാനും 333
ഉത്തമനായുള്ള രോഹിതാക്ഷൻതാനും
ശക്തൻവിജയവർമ്മാവെന്നവീരനും 334
ഉത്തമമന്ത്രിയായുള്ളവനായീടുന്ന
ബുദ്ധിമാനാം ഭാഗുരായണനെന്നിവർ 335
മുന്നംപുറപ്പെട്ടുപോയതു ചിന്തിച്ചു
വന്നിതു സങ്കടം നൃപനുള്ളിൽ കാമ്പിലും 336
കൌടില്യനെല്ലാവരോടും പറഞ്ഞവ-
ർക്കാടലുണ്ടായതും പോക്കിനാനന്തരം 337
വിഷ്ണുഗുപ്തന്റെ നിയോഗവും കൈക്കൊണ്ടു
ധൃഷ്ടനാകും ഭാഗുരായണമന്ത്രിയും 338
വിരവിനൊടു മലയകേതുതന്നെക്കണ്ടു
വിശ്വാസമുള്ളൊരു മന്ത്രിയായീടിനാൻ 339
ആവനമിക്കാലമപ്പർവ്വതരാജനാ-
ടൊരു ചിത്രമായതു പറഞ്ഞുവെച്ചീടിനാൻ 340

“വരസചിവനായുള്ള ഗാഥേസമന്ത്രിക്കു
ള്ളമയോടൊന്നുസമ്മാനിക്കയുംവേണം” 341
പ്രിയസചിവനതാപനന്ദനനാദരാന്തരെ
പൌത്രപുത്രനാംരാക്ഷസാമാത്യനെ 342
ചൊല്ലിവിട്ടിങ്ങുവരുത്തിയവനോടു
ചൊല്ലിനാനേതുമേനല്പമധുരമായ് 343
“കോപ്പുകളൊന്നുമേകുറവില്ലഞങ്ങൾക്കഹോ
ഉൾപ്പൂവിലുണ്ടൊരുഖേദമിനിക്കെടോ 344
സ്വാമിവിനാശംനിനച്ചുഭവാനൊരു
കാമമൊന്നിങ്കലുമില്ലെന്നിരിക്കിലും 345
ഞാനൊരുഭൂഷണംതന്നാലതുഭവാൻ
മാനിച്ചലംകരിക്കണംമഹാമതേ” 346
ഇത്ഥമുരചെയ്തുതന്റെകഴുത്തീന്നു
സ്വച്ഛമനർഘമാമാലയഴിച്ചവൻ 347
മന്ത്രിപ്രവരനുകാട്ടിയനന്തരം
സന്തോഷപൂർവ്വകംകൊണ്ടവനുരചെയ്താൻ 348
“ഹാ!സുകുമാര!വീരശിഖാമണേ!
തീരാത്തൊരുഖേദമുണ്ടെന്നിരിക്കിലും 349
ചിന്തിക്കമാറില്ലനിതകഴിഞ്ഞതു
എന്നുമഹാമതേചിന്തിച്ചിരിക്കയോ 350
നിന്തിരുവുള്ളമെന്നറിഞ്ഞുണ്ടതി-
ഖേദിനിക്കുള്ളതുസഹംത്രപതെ 351
വീര്യവുംശൌചവുംജ്ഞാനവുംധൈര്യവും
ശൈത്ഥ്യവുമില്ലാതെയുള്ളൊരുനിന്മേൽ 352
ചേരുകയില്ലാഭവാൻതന്നാഭൂഷണം
പോരാത്തതാണെന്നുവാങ്ങുന്നതോപിന്നെ 353
മെത്തനിരിക്കുമേഴുനിലമാടത്തിൽ
വിശ്വമേറീടുന്നസിംഹാസനമേറി 354
കാണ്മാൻഭവാനെയവകാശമുണ്ടെങ്കിൽ
വാങ്ങാമിതന്നുഞാനെന്നുമേശങ്കയാതെ” 355

എന്നതുകേട്ടുമലയകേതുതാനും
മന്ദസ്മിതംചെയ്തവനോടുചൊല്ലിനാൻ 356
"അതിനെല്ലത്തവമനസികാരുണ്യമുണ്ടെങ്കി-
ലന്തരമാവാനിതല്ലെന്നറികെടോ 357
ഇന്നിതുവാങ്ങുകവേണംഭവാൻപുന-
രെന്നൊടകറിച്ചോരുകാരുണ്യമുണ്ടെങ്കിൽ" 358
ഇങ്ങിനെകേട്ടുപറഞ്ഞാനമാത്യനും
"അങ്ങിനെതന്നെ? നാസ്ഥിച്ചുകൊള്ളുക " 359
പർവ്വതപുത്രനതുകേട്ടനേരത്തു
ദിവ്യമായുള്ളൊരുപൊന്മണിമാലയും 360
മോദമുൾക്കൊണ്ടുമന്ത്രീന്ദ്രൻകഴുത്തില-
ണാദരപൂർവ്വമലംകരിച്ചീടിനാൻ 361
സന്തോഷമാർന്നവൻയാത്രപറഞ്ഞിതു
മന്ത്രിപ്രവരൻപുരംപുക്കമേവിനാൻ 362
"രാക്ഷസനായുള്ളമാത്യപ്രവരനു
സാക്ഷാൽസഖിയാംവിരാധഗുപ്തഖ്യനാം 363
കെല്പുള്ളരാക്ഷസൻതന്റെനിയോഗത്താൽ
ശില്പമായോരാഹിതുണ്ഡികവേഷമായ് 364
പാമ്പിൻകുലങ്ങളെകെട്ടിയെടുത്തവൻ
പാമ്പുമാടിച്ചുനടന്നുകൊണ്ടക്കാലം 365
പുഷ്പപുരത്തിങ്കലുള്ളൊരമാത്യന്ത-
ന്മപ്പുരമേയറിഞ്ഞിങ്ങുവന്നീടിനാൻ 366
ഉത്തമമന്ത്രിതൻമുമ്പിലവൻതാനും
ചിത്താകുലതയാചെന്നുനിന്നീടിനാൻ 367
നല്ലനായുള്ളവിരാധഗുപ്തൻതന്നെ
വല്ലാതെയുള്ളാഹിതുണ്ഡികവേഷമായ് 368
കണ്ടുടനേരമമാത്യപ്രവരനു-
മുണ്ടായതില്ലവനാരെന്നതുംബോധം 369
പിന്നെയുംപിന്നെയുംസൂക്ഷിച്ചനേരത്തു
ധന്യനാംമന്ത്രിക്കുതന്നുള്ളിലുണ്ടായി 370

ഇങ്ങനായനേരമമാത്യപ്രവരനു-
ണ്ടായദുഃഖ...വേഗാലെഴുന്നേററു 371
കണ്ണുനീരോടുബാലവീരൻപേരവശാൽ
നന്നായവനെമുറുകത്തഴുകിനാൻ 372
കണ്ണുംപൊടിച്ചുകൂട്ടിക്കൊണ്ടുപോന്നതാൻ
പർയ്യങ്കസീമനിനന്നായിരുത്തിനാൻ 373
താനതിരന്ദ്പുനരവൻതന്നോടു
ദീനനായേവംപറഞ്ഞുതുടങ്ങിനാൻ 374
“കഷ്ടംകേരവൻറവൈഷമ്യമതിക്കയാ-
ലൊട്ടുംഭവാനെയറിഞ്ഞീലഞാനഹോ 375
മംഗലരൂപനായുള്ളൊരുനിന്നെഞാ-
നിങ്ങിനെകണ്ടതുനിത്യകാലമിശോഭ 376
ഭൂപാലവീരനായുള്ളതന്നുടെ
ദൈവനാംസർവ്വാർത്ഥസിദ്ധിയുള്ളതാനാർ 377
ഞാ പാദപൂർവമണിഞ്ഞൊരാഞ്ഞ-
ളുാവാളമുള്ളപാദവിയോട്ടുംകൂടി 378
കേവലംനിന്നെഞാൻകാണുമാറാകുവാ-
നാവതില്ലല്ലോവിധിവിഹിതമിദം” 379
ഇത്ഥംപറഞ്ഞുടനോരോന്നിരുപിച്ചു
ചിത്തവിഷാദാൽകരഞ്ഞുതുടങ്ങിനാൻ 380
മന്ത്രിപ്രവരൻകരയുന്നതുനേര-
മന്തരംകൂടാതവനുമുതരശോകം 381
മന്ദമന്ദംതലോടിക്കൊണ്ടമാത്യനെ
മന്ദാവിരാധഗുരുപ്പൂൻപറഞ്ഞീടിനാൻ 382
“അലമലമിതരതരദുഃഖംമഹാമതേ
ഖേദ്ദുഭവാനിപത്തല്ലൊയൊക്കവെ 383
കനിവിനോടുപണ്ടുള്ളപോലെഭവതിയെ
കാലാന്തരംകൊണ്ടനുഭവിപ്പിച്ചീടും” 384
നീതിമാനാകിയരാക്ഷസൻപിന്നെയു-
മാളുതനായവൻതന്നോടുചൊല്ലിനാൻ 385

"കഷ്ടമെത്രയുമേവം പറഞ്ഞുകാണുന്നേരം
നഷ്ടമായ്ത്തീർന്നിതു നന്ദകുലം സഖേ! 386
വൃഷ്ണികുലം മുനിശാപത്താലെപ്പോലെ
വിഷ്ണുഗുപ്തൻതന്റെ ദുർന്നയംകൊണ്ടഹോ 387
നന്ദകുലത്തിന്നു വന്നിതു നാശവും
മന്ദനായുള്ള ഞാൻ ശേഷിക്കയും ചെയ്തു 388
ഇന്നു ഞാൻ ചാകാതിരിപ്പാനൊരു കാരണം
മന്നിൽ സ്നേഹമില്ലായ്മയുമല്ലകേൾ 389
മാനുഷഭ്രുതിയിലാശകൊണ്ടുമല്ല
പ്രാണവിനാശഭയംകൊണ്ടുമല്ലെടോ 390
ഇത്തരമേറെ നിരൂപിച്ചുള്ളതെടോ സഖേ
നിത്യപരദാസ്യമാറുതന്നെ വയം 391
സ്വർഗ്ഗമതിലുമെന്റെ പതികൾ
വർഗ്ഗശേഷമമർത്തുകയെന്നതോർത്തു 392
സന്തോഷമുണ്ടാകുമെന്നതോർത്തു ഞാൻ
സന്തതമായുള്ളുചെയ്യുന്നതുമെടോ 393
ഒന്നുകൊണ്ടും പോയ്ക്കളഞ്ഞില്ലതി-
നാണമറ്റിരിപ്പാലെക്കയുംനിസ്സുഖം 394
മിത്രമുഖങ്ങളിലെ ചിത്രമുള്ള സചി-
ത്തിന്ത്രാവപ്രയോഗങ്ങൾക്കിലെപയം 395
സ്വാമിവിനാശം നിനച്ചുനിനച്ചാശ
കാമവുമില്ലെനിക്കൊന്നിലുമെടോ 396
രാത്രിയിൽ ചെന്നുകിടന്നാലുറക്കവു-
മോർത്തോർത്തിരിപ്പതാലില്ലെനിക്കൊട്ടുമേ 397
മാററമില്ലാതെ താഴുമ്പോൾ കഴിക്കയാൽ
ചോററിന്നുമില്ലരുചിയെത്രയും സഖേ! 398
എന്നുടെ സ്വാമിയാം നന്ദമഹീപതി
എന്നെയീവണ്ണമാക്കിച്ചമച്ചീടിനാൻ 399
രാക്ഷസനെന്നുള്ളതൊട്ടുമേയുള്ളൂ
കാൽക്ഷണമെന്നെപ്പിരിഞ്ഞാൽ പൊറുക്കുമോ 400

ഞാനൊരുകാൎയ്യംനിരൂപിച്ചുറച്ചിച്ചാൽ
മാനസെശ്രുപനകാൎയ്യമതുതന്നെ 401
ബന്ധുവൎഗ്ഗമെല്ലാമതമന്ദനമാസഖെന്റെ
മന്ദിരത്തിങ്കൽകുടുംബത്തെയുംവെല്ലു 402
ധൈൎയ്യമുംകൊണ്ടുപുറപ്പെട്ടുപോന്നഞാൻ
കാൎയ്യമല്ലാതൊന്നുചെയ്യുന്നതില്ലെടൊ 403
ബന്ധുജനമനോധൈൎയ്യമുണ്ടാവതി-
നെന്തൊന്നുവേണ്ടതെന്നാലതുംചെയ്യുഞാൻ 404
തീക്ഷ്ണനായുള്ളൊരുശത്രുനെക്കൊല്ലുവാൻ
തീക്ഷ്ണരസവാദികളെയുംകല്പിച്ചു 405
അതിനവർകളെവിളിച്ചിട്ടുവാനായിഞാൻ
അടശകടഭൊസനെകല്പിക്കയുംചെയ്തു 406
അന്നലിനമരാതിവൃത്താന്തമറിവതി-
നതിനിപുണനാംക്ഷപണാദികൾതന്നെയും 407
കുസുമപുരിതന്നിലയച്ചിട്ടുമുണ്ടെടൊ
കിമിഹഫലമെന്നതൊന്നുമുണ്ടെടൊ 408
എന്നുടെസഖാവിയാംക്ഷപണകസിദ്ധിതാൻ
തന്നുടെമക്കളാംമൈത്ര്യാദിമുഖ്യരെ 409
ശത്രുപക്ഷാന്തരങ്ങളെപ്പാലെപ്പേറിനാൻ
നിൎദ്ദയന്നിന്നവരിൽവൈരപ്പോരുമെല്ലാൻ 410
കാരണമസ്സന്ദ്രുപനനാശവും
മാറുമെതാപമിനിക്കതുചിന്തിച്ചാൽ 411
എന്നതുകൊണ്ടുഞാൻകാലാന്തരംകൊണ്ടു
മാനസ്സേഴ്ന്നചന്ദ്രഗുപ്തൻതന്നെ 412
കൊന്നുപരിതാപംതീൎത്തുകൊൾവൻദൈവ-
മിന്നൊരുവൈമ്മമായ്നിന്നീലവണെങ്കിൽ 413
ഇനിവിനൊടുകുസുമപുരവൃത്താന്തമൊക്കവെ
കഥയകഥയഭദ്രകൎണ്ണങ്ങൾക്കെടൊസഖെ" 414
ഇതിഹരാക്ഷസ്സവിരാധഗുപ്തനാന-
മുത്തമാമാത്യനോടേറ്റുചൊല്ലീടിനാൻ 415

“ഏതൊരുത്തിക്കപിടിച്ചുപറയേണ്ട
തെല്ലുമറിഞ്ഞീലഞാനെന്നറിഞ്ഞാലും” 416
എന്നതുകേട്ടുകലമന്ത്രിവീരനും
ചൊന്നാൻവിരാധഗുപ്താഖ്യനോടിങ്ങിനെ 417
“ചന്ദ്രഗുപ്തന്റെപുരപ്രവേശാദിയും
മന്ദനാംമൌര്യനെക്കൊണ്ടുകഴിവായൊ” 418
തീക്ഷ്ണരസദാദികളാമവർകളും
രൂക്ഷതയോടെന്തുചെയ്യുന്നതെന്നതും 419
രാജവർമ്മാദ്യരാംബന്ധനംവൈദ്യനും
ഘോരമായെന്തൊന്നുചെയ്യുന്നതെന്നതും 420
ശത്രുജനത്തിൻപ്രവൃത്തിയെന്തെന്നതും
ഇത്തരമോരോന്നുപറകനീവൈകാതെ” 421
എന്നതുകേട്ടുവിരാധഗുപ്തൻതദാ
മന്ദസ്മിതംചെയ്തവനോടുചൊല്ലിനാൻ 422
“ഒന്നൊവിളിച്ചീലപിന്നെയവർകൾക്ക
വന്നിതുനാശവുമെന്തുപറയേണ്ടു 423
രാജവർമ്മാവിന്റെമന്ത്രപ്രയോഗങ്ങൾ
മൌര്യന്നൊല്ലാംബന്ധനായിഫലിച്ചിതു 424
രാജവർമ്മാവപരമൌര്യനെന്നോർത്തുള്ളിൽ
ചെമരോധകനെയുംകൊന്നാനന്നേരം 425
പൌരജനങ്ങളുംക്രുദ്ധരായ്മന്ന-
രാജവർമ്മാവിനെയുംതച്ചുകൊന്നിതെ” 426
അക്കിറിയാമഹൊചാണക്യനീതിക-
ളൊക്കവെയുമവൻതന്റെപ്രയോഗങ്ങൾ 427
ദോഷനായുള്ളഭിഷക്കിനെക്കൊണ്ടവൻ
ദോഷമുറ്റമരുന്നതിനെക്കുടിപ്പിച്ചു 428
കൊല്ലിച്ചിതുചണകാത്മജൻപിന്നെയും
നല്ലധനവാൻപ്രമോദകൻതന്നെയും 429
ക്ഷോദമുൾക്കൊണ്ടധനാനുകൊല്ലിച്ചു
ബീഭത്സനാദികൾതന്നെയുംകൊന്നിതെ” 430

ബന്ധുവൃത്താന്തങ്ങളിങ്ങിനെ കേട്ടന-
ന്തരം ദുഃഖേന ചൊല്ലിനാൻ രാക്ഷസൻ 431
“അയ്യോ നിരൂപിച്ചു കാണ്കനീ മൎത്ത്യന്റെ
ദൈവാനുകൂല്യങ്ങളെന്തു ചൊല്ലാവതും 432
പൂൎവ്വമവനെ വധിപ്പാൻ നിയോഗിച്ച
സൎവ്വമനോഹരിയാം വിഷകന്യകാ 433
ഉൎവ്വീപതിയായ മൎത്ത്യനതട്ടാതെ
പൎവ്വതരാജനകപ്പെട്ടിതു ബലാൽ 434
അൎദ്ധരാജ്യത്തെ ഹരിപ്പാനിരുന്നവൻ
ഘാതവും മൎത്ത്യനൊരുത്തനമസ്ത്ര 435
കണ്ണൎപ്പുരമൊരുമാതു സംഗതെ
വിണ്ണവർനാഥൻ ശകടത്തൊടൊത്തവൾ കൊണ്ടു 436
മണ്ണുപോൽ തകൎന്നവനെ വിട്ടുപോന്നെ-
ന്നജലവീഴ്ചയുമങ്ങോട്ടൊഴിഞ്ഞതു 437
ദുഷ്ടതിതാപതി തൻ ചെവിയോടു കൊണ്ടു
ജിഷ്ണു പിന്നെ ലാത്തവല്ലവകൊണ്ടുമ 438
നന്നായ്ത്തന്നെ പൊട്ടിച്ചവനെക്കിയോ-
ന്നെടുപ്പൊടൊട്ടാനാമാക്കീടിനാൻ; 439
എന്നപോലെ ഞാൻ ചാണക്യൻ തന്നാൽ
കന്യാവിഷം കൊണ്ടു മൎത്ത്യനെ കൊല്ലുവാൻ 440
കല്പിച്ചതാമുപായം കൃതമായി കൊണ്ടു
കെല്പോടു പൎവ്വതരാജനാക്കീടിനാൻ; 441
കണ്ണന്റെ വൽ കൊണ്ടു മെൻ വിഷനാശിയും
തിണ്ണമൊരു പുരാതനകല്പകങ്ങളു 442
ഞാനെങ്കിലവൻ പൂതങ്ങളിരിക്കും
എന്നാൽ ചാണക്യനതിട്ടിതെത്തില്ല; 443
വിഷ്ണുഗുപ്തനിതെല്ലാം ചൊല്ലുകാലനന്തരം
കൃഷ്ണൻ തിരുവടി കൊണ്ടുവൻ വിഷ്ണും; 444
നന്ദനന്ദനോരോന്നങ്ങളെ വന്നെ
മെന്നാളുതന്നെ പറഞ്ഞുകൂട്ടുവതെ! 445

പിന്നെയെന്തെല്ലാം പ്രയോഗിച്ചതുമവൻ?"
എന്നതു കേട്ടു വിരാധഗുപ്തൻ ചൊന്നാൻ
"പിന്നെ പ്രവൃത്തിച്ചതെങ്കിലോ കേട്ടാലും 446
പൎവ്വതരാജനെക്കൊന്നതുമൂലമായ്
നിസ്സിപ്പിച്ചാൻ ഭദ്രപാലകരെ ക്ഷണാൽ 447
രാജവൎമ്മാദിപരിപാലനംകൊണ്ടു.
ഘോരമാംവണ്ണം ശകടദാസാഖ്യനെ 448
കൊന്നു ശൂലത്തിന്മേലിട്ടോരനന്തരം
ചന്ദനദാസനോടാശു ചാണക്യനും 449
ചൊന്നപോതവന്റെ കളത്രമെങ്ങെന്നിട്ടു
എന്നവൻ കൊടുത്തീലതുകൊണ്ടഥ 450
ബന്ധിച്ചു പുത്രകളത്രാദികളോടും
അന്ധകാരക്കറയിലിട്ടീടിനാൻ 451
അന്നവനാലു തെൎപ്പുകളെ പിന്നെ
കന്നികവൎച്ചുകൊണ്ടുപോയീടിനാൻ" 452
ഇത്തരം കേട്ടു വിഷാദിച്ചു രാക്ഷസൻ
ചിന്തമുഴന്നവനോടു ചൊല്ലീടിനാൻ 453
"ബന്ധുജനങ്ങൾക്കു ദുഃഖമുണ്ടാക്കുവാൻ .
അന്ധനാം ഞാനൊരു കാരണമായഹോ 454
നന്ദവിനാശേതിയായുള്ളൊരിപ്പോഴും
ചന്ദനദാസാദികളായ ബന്ധുക്കൾ 455
അന്തമില്ലാതോളമുള്ള ദുഃഖങ്ങളും
ഏതൊരു കഷ്ടമഹോ വിധിതന്നാലും 456
മോഹമോരോന്നിനിനച്ചു നിനച്ചു ഞാൻ
ദ്രോഹമറിയാതിരുന്നിതു കാലമാൻ 457
വിശ്വാസമേറുന്ന ചന്ദനദാസനും
നിഗ്രഹനാശം വരിച്ചിതെല്ലാതിവ 458
ഉള്ളവർക്കിരോധമന്നുവിദ്യാനഹോ
ഉളവാക്കുന്നതു ശ്ലേഷകടനോ" 459

ഇങ്ങിനെമന്ത്രിപ്രവരൻപറകയും
തിങ്ങിനശോകംപൊറാഞ്ഞുകരകയും 460
മന്ത്രിപ്രവരനീവണ്ണംവിലാപിച്ചൊ-
രന്ധനെപ്പോലെമരുവുംദശാന്തരെ 461
“ഉണ്ടുവരുന്നു ശകടദാസ”നെന്നു
മണ്ടിവന്നിങ്ങറിയിച്ചാനൊരുദൂതൻ 462
അപ്പോളതുകേട്ടമാത്യപ്രവരനും
ഉൾക്കാമ്പിലുണ്ടായമോദാകുലതയാൽ 463
ചൊന്നാൻവിരാധഗുപ്താഖ്യനോ“ടെന്തഹോ
വന്നതെന്തിപ്പോൾമരിച്ചശകടനും”? 464
എന്നതുകേട്ടവനുംപറഞ്ഞീടിനാൻ
“കൊന്നുകളവാനരുളുകയറിട്ടു 465
കൊണ്ടുപോകുന്നൊരുനേരമവിടുന്നു
കണ്ടുഞാൻപിന്നെയുഴറിവന്നീടിനേൻ 466
ഈശ്വരാനുഗ്രഹംകൊണ്ടുചാകാഞ്ഞതും
ഈശ്വരനുംവിപരീതമല്ലോനമുക്കെടോ” 467
അഥശകടദാസനുംസിദ്ധാർത്ഥകനുമായ്
അതിവിനയമോടമാത്യംവണങ്ങീടിനാൻ 468
അപ്പൊഴുതിലഥശകടദാസനെച്ചെന്നവൻ
അതികുതുകമോടുഗാഢാലിംഗനംചെയ്താൻ 469
കരമതുപിടിച്ചരികത്തിരുത്തിക്കൊണ്ടു
കണ്ണുനീർവാർത്തവൻതന്നോടുചൊല്ലിനാൻ 470
“അയിശകടമരണമിഹവന്നതിനാലുണ്ടൊ-
രാനന്ദമുള്ളിൽപറയാവതല്ലെടോ 471
തവമരണഭയമകലുവതിനുപുനരെന്തഹോ
പ്രിയസുമുഖകാരണംചൊല്ലുചൊല്ലാശുനീ” 472
സചിവവരവചനമിതികേട്ടോരനന്തരം
ശകടനതികൗതുകംപൂണ്ടുചൊല്ലീടിനാൻ 473
“വിരവിനൊടുകൊലനിലമതിങ്കൽനിന്നഹോ
പ്രിയതരസുഹൃത്തായസിദ്ധാർത്ഥകനിവൻ 474

കുട്ടികളൊത്തുടൻ ഘാതകന്മാരെയും
കൂട്ടിയിങ്ങെന്നെയും കൊണ്ടുപോന്നീടിനാൻ" 475
ശകടഗിരമിങ്ങിനെ കേട്ടോരനന്തരം
സന്തോഷമുള്ളിൽ നിറഞ്ഞു വഴികയാൽ 476
ചൊല്ലിനാനിങ്ങിനെ രാക്ഷസാമാത്യനും
സല്ലാപമോദേന സിദ്ധാർത്ഥകനോടും 477
"സിദ്ധാർത്ഥനായിതു ഞാനമെടോ സഖേ!
എന്തൊരു വസ്തു തരേണ്ടതിതിന്നെന്നു 478
ചിന്തിച്ചു കണ്ടാലിതിനൊത്ത സമ്മാനം
ഏതുമില്ലെന്നുവരികിലുമൊന്നിപ്പോൾ 479
തരുവനിതു തവ" പുനരിവണ്ണം പറഞ്ഞവൻ
തന്റെ കഴുത്തിൽ കിടന്നോരു പൊന്മാല 480
പണ്ടു മലയകേതു കൊടുത്തതൊന്നതും
ഉണ്ടായമോദാൽ കഴുത്തീന്നഴിച്ചവൻ 481
സിദ്ധാർത്ഥകന്നു കൊടുത്താനതുനേരം
ബദ്ധമോദത്തൊടു വാങ്ങീടിനാനവൻ 482
മാലയും വാങ്ങിച്ചു മന്ത്രിപ്രവരന്റെ
കാലിണ കുമ്പിട്ടു വന്നുരചെയ്താൻ 483
"മുന്നമിവിടെക്കു മന്ത്രികുലോത്തമ
വന്നുപരിചയമില്ലിനിക്കേതുമേ 484
എന്നതുകൊണ്ടു ഭവാനു വിശേഷിച്ചു-
മെന്നെക്കുറിച്ചു കാരുണ്യമുണ്ടാകേണം 485
ഇങ്ങിനിക്കുണ്ടൊരു മോഹമിതുകാലം
അങ്ങുന്നിനിക്കു തന്നുള്ളൊരു ഭൂഷണം 486
അംഗുലീയമിതുകൊണ്ടടയാളമി-
ട്ടിങ്ങുള്ള ഭണ്ഡാരമഞ്ചയിൽ വെയ്ക്കണം 487
പിന്നെയൊരിക്കലൊരാവശ്യമാകുമ്പോൾ
തന്നാൽ മതി" യെന്നവനുരചെയ്തപ്പോൾ 488
രാക്ഷസൻ തന്റെ നിയോഗാൽ ശകടനും
തൽക്ഷണം ഭൂഷണം വാങ്ങിച്ചവനോടു 489

ഭണ്ഡാരമഞ്ചയിൽവെപ്പതിനായിട്ടു
കൊണ്ടുപോകുമ്പോളമാത്യനാമാങ്കമാം 490
അംഗുലീയംകണ്ടമാത്യനാരോതിനാൻ
"അങ്ങളുടെ നാമമീമുദ്രമേൽക്കാണുന്നു" 491
രാക്ഷസനപ്പോളവനോടുവാങ്ങിച്ചു
സൂക്ഷിച്ചുനേരത്തുകണ്ടുനിരൂപിച്ചാൻ 492
'പണ്ടുഞാനിങ്ങുപുറപ്പെട്ടുപോരുമ്പോൾ
വണ്ടാർതഴക്കുഴലാളായകാന്തയും 493
ഉണ്ടായശോകംപൊറാഞ്ഞതുനേരമു-
ത്തണ്ടാർവിനോദാർത്ഥമായവളെന്നുടെ 494
കൈവിരൽമേൽനിന്നഴിച്ചുകൊണ്ടാളവൾ
ഏതു വഴിവന്നതുകിട്ടിയതിങ്ങിനെ' 495
ഇത്ഥംനിരൂപിച്ചുരാക്ഷസനനന്തരം
സിദ്ധാർത്ഥകനോടു ചൊല്ലിനാനിങ്ങിനെ 496
'അയിസുമുഖപറകതവകയ്യിലിതുകാല-
മംഗുലീയമിതുകിട്ടിയതെങ്ങിനെ' 497
കനിവൊടതുകേട്ടവനും പറഞ്ഞീടിനാൻ
"കുസുമപുരവാസിയാം ചന്ദനദാസന്റെ 498
ഗൃഹനികടഭൂമിയിൽവീണുകിടന്നിതു
കിട്ടിയിനിക്കെന്നറികമഹാമതേ!" 499
"ഒക്കെയൊക്കുമതെന്നപ്പോളമാത്യനും
ഇക്കണക്കേയുള്ള വസ്തുപലതരം 500
വാണിഭക്കാരുടെപീടികമുറ്റത്തു
വീണുകിടക്കുമതിനില്ലസംശയം 501
ഓരോജനങ്ങൾക്കുകിട്ടുമതിങ്ങിനെ
ആരുമതുതിരക്കിട്ടുമാറില്ലല്ലൊ" 502
അപ്പൊഴുതുശകടനവനോടുചൊല്ലീടിനാ-
"നംഗുലീയമിതുമന്ത്രിനാമാങ്കിതം 503
മതിയിൽമതിവരുമല്ലൊവ്യമർത്ഥംതരാമെടോ
മാനിച്ചുമന്ത്രിക്കിതുനീകൊടുക്കേണം" 504

ശകടഗിരമിങ്ങിനെ കേട്ടാസിദ്ധാർത്ഥകൻ
"ചികഞ്ഞകലെക്കളഞ്ഞതെന്നു ചൊല്ലിനാൻ 505
ഏതുമൊരാകില്ലതിനില്ല ശകടസഖേ
ചേതസ്സിലേറ്റം പ്രസാദമെത്രയും മമ 506
മുററുമമാത്യാ നിന്നെയുമൊന്നിലു-
മേററം വൈഷമ്യമിതിങ്കലില്ലെന്നതറാം" 507
ഇത്ഥം പറഞ്ഞവനംഗുലീമുദ്രയു-
മുത്തമാമാത്യപ്രവരന്നല്കിനാൻ 508
"ഒന്നുണ്ടിനിക്കു പുതുക്കിപ്പറയേണ-
മെന്നവൻ മന്ത്രിവരനോടു ചൊല്ലിനാൻ" 509
"എങ്കിൽ പറകെന്നു രാക്ഷസൻ ചൊല്ലിനാൻ
ശങ്കാവിഹീനം പറഞ്ഞാനവൻ താനും 510
"ഏറിക ചാണക്യാപത്യവിപ്രിയം ചെയ്കയാൽ
അവനൊടൊരു ഭീതിയുണ്ടാകയാൽ മാനസേ 511
പാടലീപുത്രപുരത്തിങ്കൽ പോവതി-
നാടലുണ്ടേററമുൾക്കൊണ്ടതൊന്നിനി 512
നിത്യമമാത്യനെശ്ശുശ്രൂഷയും ചെയ്തു
ചിത്തമോദത്താലിവിടെ വസിക്കുന്നേൻ" 513
"അങ്ങിനെതന്നെയൊരന്തരമില്ലിതി-
നെങ്ങിനെ നിന്മനമെന്നറിയാഞ്ഞു ഞാൻ 514
മുമ്പേ പറയാഞ്ഞതെന്നറിഞ്ഞീടു നീ
കമ്പം കളഞ്ഞിവിടെത്തന്നെ വാഴ്കെടോ" 515
എന്നു പറഞ്ഞൊരു രാക്ഷസമന്ത്രിക്കും
നന്നായവനിഷ്ടസേവകനായിതേ 516
തുഷ്ടനായുള്ള ശകടനും രാക്ഷസ-
നിഷ്ടനായുള്ളൊരു ലേഖകനായിതേ 517
പിന്നെയും മന്ത്രി വിരാധഗുപ്തൻ തന്നോ-
ടന്യൂനരാഗം പറഞ്ഞുതുടങ്ങിനാൻ 518
"വിരവിലിവർകനിവിനൊടു മമ ഭൃത്യവരികയാൽ
വൃത്താന്തശേഷം പറഞ്ഞതുമില്ലല്ലോ 519
ചന്ദ്രഗുപ്തന്റെ പ്രജകൾക്കു നമ്മിലും
നന്ദനൃപനിലും സ്നേഹം മറന്നിതോ?" 520

ഖേദമൂലംകൊണ്ടിങ്ങനെവം പറഞ്ഞപ്പോൾ
മോദമൂലംകൊണ്ടു വിരാധഗുപ്തൻ ചൊന്നാൻ 521
"പ്രജകളിഹവിരവിനൊടുപോരുമെല്ലാവരും
പാരംപൈപാവൃതികെട്ടങ്ങവർക്കാകവേ 522
ഭദ്രഭടാദിപ്രധാനപുരുഷന്മാർ
ഛിദ്രിച്ചുവിട്ടങ്ങുപോയതിനാലും 532
പർവതകാത്മജൻ പോന്നൊരനന്തരം
സർവ്വകാര്യത്തിന്നുമന്തരംകാണുന്നു 524
ചാണക്യനാം ചന്ദ്രഗുപ്തനാം തങ്ങളി-
ലൂന്നിച്ചിതുവൈരമെന്നങ്ങുതോന്നുന്നു 525
ചാണക്യവിപ്രന്റെ കല്പനാശക്തികൾ
മാനസേമൌര്യൻ സഹിക്കുന്നതല്ലയും 526
എന്നൊരുശങ്കയുമുണ്ടെന്നുപറയേണ്ടു
നിർണ്ണയംവന്നീലപക്ഷവരമൊട്ടോ!" 527
ചാണകസുതമൌര്യവൈരാങ്കുരാരംഭവും
ശകടദാസഭദ്രഭടാദിപ്രവാസവും 528
ഉൾക്കൂട്ടതിമോദംകലർന്നുരാക്ഷസൻ
പെട്ടെന്നവനെയുംമാനിച്ചയച്ചവൻ 529
സ്തനകലശനെന്നൊരു വൈതാളികനോടു
താല്പര്യമുംകൊണ്ടുചൊല്ലിനാനിങ്ങിനെ 330
"കുസുമപുരമഴകിനൊടു ചെന്നുപുക്കാശു നീ
കാര്യംചിലതിനിവേണ്ടതുണ്ടെടോ 531
മൌര്യന്റെകല്പനകൌടില്യഭൂസുരൻ
വൈരമൂലംകൊണ്ടു ഭംഗങ്ങൾ വരുത്തുമ്പോൾ 532
മൌര്യനായുള്ളൊരു ശ്രീപതിതന്നുടെ
വീര്യങ്ങൾ വാഴ്ത്തി സ്തുതിക്കണമാശു നീ" 533
കനിവൊടവനെപ്പറഞ്ഞേവമയച്ചുടൻ
കരഭകനെയുംവിളിച്ചിങ്ങിനെ ചൊല്ലിനാൻ 534
"കുസുമപുരവൃത്താന്തമൊക്കെയറിഞ്ഞു നീ
കനിവൊടു വരികെ"ന്നയച്ചാനവനെയും 535

ശകടനപ്പൊഴുതു ചിലവിപ്രർകൊണ്ടന്നിട്ട
ശോഭതേടുന്നൊരു മൂന്നാഭരണങ്ങൾ 536
വില്പതിന്നായിത്തുടങ്ങുന്നതുകണ്ടു
ക്ഷിപ്രമമാത്യനെക്കണ്ടു ചൊല്ലീടിനാൻ 537
"ഭാസുരമായിതാമൂന്നാഭരണങ്ങൾ
ഭൂസുരന്മാർ ചിലർ വില്പാൻ തുടങ്ങുന്നു 538
കൊള്ളുന്നുവോ നാമതെ"ന്നിതിനെക്കേട്ടപ്പോൾ
കൊള്ളുവാനാശമുഴുത്തൊരു രാക്ഷസൻ 539
മുമ്പിലെ ഭൂഷണം സിദ്ധാർത്ഥകൻതനി-
ക്കൻപിൽ കൊടുത്തൊന്നുമില്ലാസ്ഥ കൊണ്ടവൻ 540
തന്നുടെ മെയ്യലങ്കരിച്ചീടുവാൻ
നല്ലതരമാം ധനവും കൊടുത്തവൻ 541
ശോഭിതമായതിഭാസുരമായിടും
ആഭരണത്രയം കൊണ്ടാനതുനേരം 542
സന്തുഷ്ടനായഥ മന്ത്രിപ്രധാനന-
മന്തഃകരണത്തിലിങ്ങിനെ ചിന്തിച്ചാൻ 543
മൌര്യൻ മഹാരാജനായിതാനെന്നൊരു
വീര്യവും ഭാവിച്ചിരിക്കുന്നിതിക്കാലം 544
മന്ത്രിവൈഭവംകൊണ്ടവനിക്കാലം
നന്മയിൽ പൃഥ്വീന്ദ്രനായി വാഴുന്നതും 545
എന്നൊരധികാരമുണ്ടു ചാണക്യനും
എന്നതുകൊണ്ടു വിശേഷിച്ചു പിന്നെയും 546
ആധിപത്യമിന്നു കിട്ടിയെന്നോകനും
സാധിച്ചിതു മൽപ്രതിജ്ഞയെന്നോകനും 547
ഉണ്ടാകകൊണ്ടുമിതവർക്കന്യോന്യ-
മുണ്ടാം വിരോധമതിനില്ല സംശയം 548
ഇത്ഥമോരോന്നേ നിരൂപിച്ചു രാക്ഷസൻ
ചിത്തമോദത്തോടിരുന്നാനതുകാലം 549
ആവതല്ലേതുമിനിക്കിനിച്ചൊല്ലുവാൻ
ആമെങ്കിൽ നാളെയും ചൊൽവനെന്നാ കിളി- 550

തെപ്പുതൽപറഞ്ഞുപലരോടുമിങ്ങിനെ
തൈപതീർത്തിതന്നാരംപരിചോടുകാലം. 551

ഇതി മുദ്രാരാക്ഷസവഞ്ചനാനാമഗാനവിശേഷം

സമാപ്തം.

അഞ്ചാംപാദം

ശാരികമാർമൌലിമാലേ! മനോരമേ!
ചാരുശീലേ! കഥാശേഷവും ചൊല്ലുനീ 1
ആര്യ്യചാണക്യനക്കാലമെന്തൊന്നു
ധീരതകൈക്കൊണ്ടുചെയ്തതുമോമലേ!? 2
മൌര്യ്യനായുള്ള മഹീപതിവീരനും
കാര്യങ്ങളെന്തൊന്നുചെയ്തതെന്നുള്ളതും 3
പാരിലുന്നീതമധ്യവുംകന്നി
മാരെകലുംപരിചോടുചൊല്ലീടെടോ! 4
ശാരികപ്പൈതലിതുകേട്ടനേരത്തു
ചാതുരമോടുരചെയ്തുതുടങ്ങിനാൾ 5
ആര്യ്യചാണക്യന്റെനീതിപ്രയോഗവും
മൌര്യ്യമഹീപതിതന്നുടെവൃത്തവും 6
ശേഷമിനിക്കരചെയ്തിതിന്നേറവും
വൈഷമ്യമുണ്ടതുചൊൽവാനതെത്രയും 7
ആർക്കുമറിഞ്ഞുകൂടാതൊന്നിതെങ്കിലും
കേൾക്കുന്നതിന്നുള്ളിലാഗ്രഹമുണ്ടെങ്കിൽ 8
ചൊല്ലുവാനേതുമേമടിക്കുന്നതില്ലഞാൻ
ഉല്ലാസമാർന്നിതുകേൾപ്പിനെല്ലാവരും 9
ആര്യ്യനായുള്ള ചാണക്യനന്നൊരു
കാര്യമിതുകാലമിങ്ങിനെചിന്തിച്ചാൻ 10

“മൌൎയ്യനോടാമയാതവ്യാജമൂറംകൊണ്ടു ഞാൻ
വൈരവും ഭാവിച്ചിരിക്കേണമിക്കാലം 11
രാക്ഷസാമാത്യൻ കലഹമിതു കേട്ടു
ലക്ഷമാളെക്കൊണ്ടുവരും പടനിൎണ്ണയം. 12
പുഷ്പപുരിക്കടുത്തീടുന്നാനേരത്തു
കെല്പുള്ളമാത്യനെക്കൂട്ടിമനക്കൊണ്ടു ഞാൻ 13
നല്ല നയപ്രയോഗങ്ങൾകൊണ്ടേറവും
കള്ളനാക്കീടുമതില്ലൊരു സംശയം” 14
ഇത്ഥം നിരൂപിച്ചുറച്ചു ചാണക്യനും
പൃഥ്വീപതിയുമായുള്ളോരുത്തരങ്ങളിൽ 15
ഓരോരോകാൎയ്യങ്ങൾകൊണ്ടിടഞ്ഞേറവും
വൈരവും ഘോരമാക്കുന്നോരനന്തരം 16
ചന്ദ്രഗുപ്തൻ മഹീപാലകനന്നൊരു
ചന്ദ്രമഹോത്സവം ഘോഷിച്ചു കല്പിച്ചാൻ 17
ചാണക്യനപ്പോളതു കേട്ടു കോപിച്ചു
മാനിച്ചതിനെ മുടക്കവും ചെയ്തിതു 18
ആനന്ദമുള്ളം ഭംഗം വരുത്തിയനേരത്തു
വിജ്ഞാനമേറിയ ചന്ദ്രഗുപ്തൻ നൃപൻ 19
രോഷം നടിച്ചുടൻ ദൂതനെ വിട്ടവൻ
രോഷരഹിതനായുള്ള ചാണക്യനെ 20
രാജസഭയിൽ വരുത്തി വിരവോടു
പൂജയുമാദരവോടു ചെയ്തേറവും 21
ചാണക്യഭൂസുരശ്രേഷ്ഠന്റെ കാലിണ
താണുതൊഴുതു നമസ്കരിച്ചീടിനാൻ 22
തൻപദം കമ്പിട്ടു മൌൎയ്യനാം മന്നനെ
സംഭ്രമത്തോടെഴുന്നേല്പിച്ചു സാദരം 23
“ശ്രീമൻ! സുകുമാര! മൌൎയ്യമഹീപതേ!
വീരനായുള്ള ഭവാനു വിജയങ്ങൾ 24
പിന്നെയും പിന്നെയും വന്നു വന്നേറവും
ധന്യനായീടുക” എന്നാശിസ്സും ചൊല്ലിനാൻ 52

ആശീൎവ്വചനങ്ങളിങ്ങിനെ കേട്ടുട-
ദേശികൻതന്നോടുമെത്രവിനയം ചൊല്ലിനാൻ 26
“നിന്തിരുവുള്ളമെല്ലാന്തുപിക്കിൽ തോ-
ന്നന്തമില്ലാതുള്ളപക്ഷാന്തരാണത്രാ 27
ശത്രുപ്രയോഗങ്ങൾനീങ്ങുംപ്രയോഗവും
ചിത്രമതിൽപരമെന്തൊരാവേണ്ടതും” 28
ഇത്ഥമുരചെയ്തമന്നവൻതന്നോടു
ചിത്തംതെളിഞ്ഞുകൗടില്യനും ചൊല്ലിനാൻ 29
“എന്തുമുപദേശമെന്നോടു ചെയ്യുവാൻ
ചിന്തിക്കമെന്നന്തരം ചെയ്യവൈകാതെ” 30
പാരിടത്തിന്നധിനാഥനാംമന്നനും
പാരാതെ കൗടില്യനോടു ചൊല്ലീടിനാൻ 31
“ധൎമ്മസംരക്ഷണമാണെത്രയും കേവലം
കാമമാനന്ദപേക്ഷയുമൊകതമെന്നാവിലോ” 32
ഇത്തരം ചൊന്നോരു മന്നവൻതന്നോടു
പൃത്ഥ്വീസുരന്താൻ ചിരിച്ചു ചൊല്ലീടിനാൻ 33
“പോരുമിപ്രത്യയംകൊണ്ടുള്ളതൊക്കവേ
കാൎയ്യമെന്തെന്നിഹ ചൊല്ലുക വൈകാതെ 34
കാൎയ്യങ്ങളൊന്നുമില്ലാതെമഹീപതി
കാൎയ്യപുരുഷനെയുണ്ടാവതെന്നു? 35
എന്നതുകൊണ്ടെന്തഭിപ്രായമെന്നതി
മന്നവന്മാർകുലരത്നമേ ചൊല്ലെടോ 36
കൗടില്യനിങ്ങിനെ ചൊന്നോരനന്തരം
പാടവമേറുന്ന ചന്ദ്രഗുപ്തൻനൃപൻ 37
കിഞ്ചനവൈരംനടിച്ചു സഭയിൽ
ചഞ്ചലംകൈവിട്ടു ചൊല്ലിനാനിങ്ങിനെ 38
“ചന്ദ്രോത്സവംമുടക്കീടുവാനെന്തഹോ
നിന്ദയോടേറ്റം കാൎയ്യംനിമിത്തമോ?” 39
മന്ദഹാസപൂൎവ്വം വിഷ്ണുഗുപ്തൻനൃപ-
ചന്ദ്രനോടിങ്ങിനെ ചൊന്നാനതുനേരം 40

“ഇത്ഥംപ്രത്യക്ഷംപറവതിനോമൽവാൻ
സത്വരമെകനാവതത്തുവാൻകാരണം?” 41
“ആര്യനോടുണ്ടോപ്രത്യക്ഷംപറഞ്ഞുഞാൻ
കാര്യംപറഞ്ഞതേയുള്ളൂമഹാമതേ!” 42
“കാര്യമറിയാതെകല്പിക്കയില്ലഞാൻ
കാര്യംബോധനറിവേറെയില്ലേതുമേ 43
പാർത്താൽഭവാൻമമശിഷ്യനത്രേദൃഢ-
മോർത്തുപറയേണമെന്നോടിവയെല്ലാം” 44
“സത്യമത്രേശിഷ്യനല്ലെന്നിനിക്കില്ല
ഭൃത്യനല്ലീയെന്നസംശയമുണ്ടകമേൽ 45
കാര്യമറിയാത്തവരൊന്നുചോദിച്ചാൽ
കാര്യമറിഞ്ഞവർചൊല്ലിക്കൊടുക്കണം” 46
ചാണക്യനതുകേട്ടുചൊല്ലീടിനാൻ
ക്ഷോണിക്ഷനാഥനാംമൌര്യനോടിങ്ങിനെ 47
“മൂന്നുപ്രകാരമായുള്ള നൃപതികൾ
മൂന്നുംപറയാമെല്ലാമറിഞ്ഞുകേട്ടീടുനീ 48
സ്വായത്തസിദ്ധികളായും ചിലർസചി-
വായത്തസിദ്ധികളായും ചിലരഹോ 49
രണ്ടുംസമങ്ങളായും ചിലരിങ്ങിനെ
കണ്ടുപോരുന്നുനൃപന്മാരെയൂഴിയിൽ 50
മൂന്നുപ്രകാരംപറഞ്ഞതിലിന്നുനീ
നിർണ്ണയിക്കിൽസചിവായത്തസിദ്ധിയാം 51
എന്തിന്നാപിന്നെനീയോരോന്നുകൂടവ-
നാന്തരാപൃച്ഛകയക്കുന്നിതുമെടോ? 52
മൗര്യനൃപതിയായ്‌വാഴ്കനീയൂഴിയിൽ
മറെറാന്നുമന്വേഷണംചെയ്യവേണ്ടെടോ” 53
ഇത്തരംകൌടില്യവാക്കുകൾകേട്ടതി-
നുത്തരമൊന്നുരിയാടാതെമൌര്യനും 54
രോഷംമുഴുത്തുമുഖവുംതിരിച്ചഥ
വേഷവുമൊന്നുപകർന്നോരനന്തരം 55

മന്ത്രിപ്രവരനയച്ചുവൈതാളിക-
നന്തരംകൊള്ളാമിതെന്നുകണ്ടന്നേരം 56
വന്ദിപ്രവരൻ'സ്തനകലശൻ'ചെന്നു
ചന്ദ്രഗുപ്തൻതന്റെമുമ്പിൽനിന്നാദരാൽ 57
വീർത്തുങ്ങൾവാഴ്ത്തിസ്തുതിച്ചുതുടങ്ങിനാൻ
"മൌൎയ്യമഹീപതിവീര!ജയ!ജയ!! 58
ധാതാവുതന്നുടെവൈഭവമോർക്കുമ്പോൾ
ചേതോഹരമെന്നതേപറഞ്ഞീടാവൂ; 59
ഭൂലോകജനങ്ങൾനൃപന്മാരെവന്നുക-
ണ്ടാദരാതരംസേവചെയ്യുകയേറി 60
ക്ഷോണീശനായിട്ടാരെന്നാകിലുംഭാവിച്ചു
വീണുപോകുന്നതറികയുമില്ലഹോ!; 61
മത്തഗജത്തിൻകഴുത്തിൽകരേറി
ചിത്തമുറപ്പിച്ചിരിക്കുന്നസേവകൻ 62
കണ്ണുകൊള്ളുകയൊഴിച്ചുഗജോപരി
ചിത്തമിളകാതെതന്നെവസിക്കയും 63
ചിത്തത്തിലിത്ഥംവരുമെന്നൊരുമത-
മിത്തിരിപോലുംവിചാരവുമില്ലല്ലൊ; 64
വാരിധികളുടിലടങ്ങിയഭൂമിക്കു
മൌൎയ്യനൊരുത്തനധിപതിയെന്നഹോ 65
സത്യലോകത്തോളമുണ്ടൊരുകേളിയും
ചിത്രമത്രേപുനരിത്തൊഴിലെത്രയും; 66
രാജാവുകല്പിച്ചൊരാജ്ഞതെറ്റുന്നാ-
താചരിയാതവരില്ലമഹീതലേ; 67
സർവാഭരണമലംകരിച്ചാൽനൃപ-
രുർവീപതിയാകയില്ലെന്നുനിർണ്ണയം 68
അബ്രാഹ്മണരെല്ലാരന്തരംകൂടാതെനിത്യവും
പ്രാജ്ഞനായുള്ളരാജാവുരാജാവല്ലൊ; 69
ഇത്തരംദോഷങ്ങൾകൂടാതെഭൂപനാ-
യുത്തമഭൂപതേ!നിത്യംജയജയ!" 70

ഇത്തരമാശീർവ്വാദങ്ങൾകേട്ടപ്പോ-
ളുത്തമൻകൗടില്യനിങ്ങിനെചിന്തിച്ചാൻ 71
മന്ത്രിപ്രവരനയച്ചവനോയിവ-
നന്തരംകൊള്ളുമിതെന്നുകണ്ടിക്കാലം 72
കോപപ്രദർശനംചെയ്തതിനായിവൻ
ഭൂപതിതന്നെസ്തുതിപ്പാനവകാശം 73
രാക്ഷസന്റെപ്രയോഗങ്ങളു,റിയുന്നോൻ
സൂക്ഷ്മമെന്നാകിലുംപറവുകയില്ലഹോ 74
ചിത്തത്തിലിത്ഥംനിരൂപിച്ചുചാണക്യ-
നിത്തിരിനേരമിരിക്കുംദശാന്തരെ 75
ഉത്തമചിത്തനാംചന്ദ്രഗുപ്തൻനിജ-
ഭൃത്യനെത്തത്രവിളിച്ചുചൊല്ലീടിനാൻ 76
“പട്ടുംപുടവയുമാഭരണങ്ങളു-
മൊട്ടുമേവൈകാതെ പതാളികണ്ണനീ 77
കൊണ്ടുവന്നാശുകൊടുത്തയച്ചീടുക
കണ്ടിട്ടുമില്ലിവനെപ്പോലെയാരെയും” 78
അപ്പോൾനൃപനോടുചാണക്യവിപ്രനും
കെല്പോടുകോപംനടിച്ചുചൊല്ലീടിനാൻ 79
‘‘ഭണ്ഡാരമായുള്ളതെപ്പ്രതമിന്നനി
കണ്ടവർക്കൊക്കെകൊടുക്കെന്നുകല്പിച്ചാൽ 80
വല്ലാതെവന്നുപോമെന്നറിഞ്ഞീടുക-
യെല്ലാംനിനക്കൊത്തവണ്ണംവരാദൃഢം 81
സ്ഥാനത്തുവേണംവ്യയങ്ങൾചെയ്തീടുവാൻ
സ്ഥാനവ്യതിക്രമംസാദ്ധ്യമല്ലെടോ” 82
മൌര്യനതുകേട്ടുകോപംകലർന്നുള്ളിൽ
ആര്യനോടിങ്ങിനെപാർത്തുചൊല്ലീടിനാൻ 83
“ഞങ്ങളെയ്ക്കുംഭംഗംവരുത്തുവാനെന്നുയും
പ്രാജ്ഞനെന്നുള്ളചാനില്ലാതസംശയം 84
ഒന്നുമിനിക്കൊത്തവണ്ണമല്ലായ്കയാൽ
ഭണ്ഡാപ്രജകൾക്കുമൊന്നെന്നറിഞ്ഞാലും” 85

ഇത്തരംകേട്ടപ്പോൾ ചന്ദ്രഗുപ്തനു-
മുത്തമം ചൊന്നാൻ ചപലതമിരിക്കവേ 86
"കേവലമാത്തവർണ്ണംനടന്നീടുകി-
ലീവണ്ണമുള്ള ദോഷങ്ങളകപ്പെടും 87
ഇപ്പോന്നതെല്ലാംസഹിക്കുന്നതല്ലെങ്കിൽ
വെച്ചുഞാനിന്നധികാരമറിഞ്ഞാലും 88
നീനിനക്കൊത്തവണ്ണംനടന്നീടുകിൽ
ഞാനരികൾക്കുദുർഗ്രാഹ്യനായ്‌വന്നീടും 89
എങ്കിലിനിക്കെന്നുമുപാതമക്കൊണ്ട
സങ്കടമേതുമൊട്ടുമില്ലെന്നറിഞ്ഞാലും;" 90
"കൌമുദീനാമമായുള്ള മഹോത്സവം
ഭൂമിദേവശ്രേഷ്ഠനായചാണിക്യപ്രാൾ 91
എന്തുമൂലംമുടക്കീടുവാനെന്നുള്ള-
തന്തരമില്ലപറഞ്ഞതുമതിയാവൂ" 92
വിഷ്ണുഗുപ്തൻ ചന്ദ്രഗുപ്തനോടന്നേരം
ഉഷ്ണിച്ചു ചൊന്നാൻ വിനയവും കൂടാതെ; 93
"കൌമുദീനാമമാമുത്സവം തുടങ്ങീടുവാൻ
കാമിച്ചതെന്തെന്നിനിക്കറിയേണം" 94
"ആനക്കളിംഗം വരുത്തുകയെന്നോർത്തു ഞാ-
നാജ്ഞാനിയായിട്ടുകല്പിച്ചതിപ്പോൾ" 95
"ഞാനുമതുതന്നെവാഞ്ഛിച്ചിരുന്നെടോ
മാനമേറിടുന്ന ചാണക്യപ്രഭോ! 96
ഊഴിയിലുള്ള നൃപന്മാരെന്നിന്നുടെ
കീഴാക്കിവെച്ചതുമാരെന്നു തോന്നാതു? 97
ആരുമറിയാത്തതല്ലെടോനിന്നുടെ
ധീരതയും പ്രഭാവവും പ്രൌഢിയും" 98
"അത്രവൈദഗ്ധ്യം ഭവാനുണ്ടെങ്കിലോ
ഭദ്രഭടാദിപ്രധാനജനത്തെയും 99
രാക്ഷസാമാത്യനെയും കളഞ്ഞീടുവാൻ
ശിക്ഷമായെന്തുപായമവർക്കഹോ!" 100

“എങ്കിലൊകേട്ടുകൊൾകെന്നു ചാണക്യനും
ശങ്കകൂടാതെപറഞ്ഞുതുടങ്ങിനാൻ 101
വാരണാദ്ധ്യക്ഷനാംഭദ്രഭടനശ്വ-
കാരകനായപുരുഷദത്താഖ്യനാം 102
മദ്യപാനംചെയ്തുമത്തരായേററവും
ഹൃദ്യമാരായുള്ള നാരീജനങ്ങളെ 103
കണ്ടടുത്തെത്തിപ്പിടിപെട്ടുപുൽകയും
കണ്ടജനങ്ങളെക്കൊന്നുമുടിക്കയും 104
തങ്ങൾക്കുവേണ്ടുംപ്രവൃത്തിയുംകൈവിട്ടു
തിങ്ങിനിറഞ്ഞോരുമാനമദങ്ങളും 105
ഈവണ്ണമുള്ളധികാരങ്ങൾകണ്ടുഞാൻ
ജീവിതംനീക്കിപ്രവൃത്തിവിരോധിച്ചു; 106
കോപിച്ചുപോയാരവരുമതുകൊണ്ടു
സേവിച്ചിതുചെന്നുപർവ്വതരാജനെ. 107
രാജഭണ്ഡാരങ്ങൾവെച്ചുരക്ഷിക്കുന്ന
രാജസേനൻതവസേവകനാമവൻ 108
ഭണ്ഡാരമോഷണംചെയ്തുതന്നെയവ-
നുണ്ടായിതുധനമെന്നറിഞ്ഞീടുനീ, 109
എല്ലാവരുമറിഞ്ഞീടുന്നനേരത്തു
കള്ളനാംതാനെന്നുശങ്കമുഴുത്തവൻ 110
ഉൾക്കനംവിട്ടുപുറപ്പെട്ടുപോയുട-
നുകനാംമ്ലേച്ഛനെച്ചെന്നുസേവിച്ചുതേ; 111
പിന്നെബലഗുപ്തനധികാരത്തിന്നാക്കി
മന്നവനീകൊടുത്തീടുന്നജീവിതം 112
ലോഭംമുഴുക്കയാൽപോരാഞ്ഞെന്നിട്ടു
ലാഭമിതിലേററമുണ്ടെന്നുകണ്ടവർ 113
തിണ്ണംമലയകേതുക്ഷിതിനാഥനെ
ചെന്നുസേവിച്ചാരവർകളുംഭൂപതേ!; 114
പിന്നെയുംകേൾഭാഗുരായണനാമവൻ
മുന്നമെപർവ്വതസേവകനാകയാൽ 115

തൽപ്പുത്രനോടൊന്നചൊന്നപറഞ്ഞുപോൽ
'ത്വൽപിതാവെക്കൊലചെയ്തതുചാണക്യൻ' 116
ഇത്തരംപറഞ്ഞുമലയകേതുതന്നെ
സത്വരംതന്നിടത്തിന്നയച്ചീടിനാൻ; 117
ചന്ദനദാസൻതുടങ്ങിയുള്ളോർകളെ
നിന്ദനൊന്നാക്കറിച്ചുണ്ടായ,തുമൂലം 118
ബന്ധമകപ്പെടുമെന്നുഭയപ്പെട്ടു
കണ്ടനായ്ച്ചെന്നവൻരാക്ഷസനെസ്സേവിച്ചാൻ; 119
'എന്റെജീവനെരക്ഷിച്ചതുമിവൻ'
എന്നനിരൂപിച്ചുപർവ്വതപുത്രനും 120
അക്ഷ്ണനെസ്നേഹമുള്ളോരനന്തകാണകയാൽ
മ്ലേച്ഛാധിപന്മാരുമായവനൊത്തൊ 121
മന്ത്രിപ്രവരനാക്കിക്കൊണ്ടനന്തരം
സന്തോഷമുൾക്കൊണ്ടിരിക്കുന്നിതിക്കാലം; 129
മാനമേറീടുന്നലോഹിതാക്ഷൻതാനും
ജ്ഞാനമില്ലാത്തവിജയവർമ്മാവുമായ് 123
പുത്രദായത്തെവെറുപ്പിച്ചതുമൂലം
ഉത്തമന്മാരായബാലകന്മാരവർ 124
വീട്ടിൽപൊറുതിയില്ലാതെപുറപ്പെട്ടു
കഷ്ടംപരവശപ്പെട്ടുകരഞ്ഞവർ 125
സങ്കടമെന്നോടറിയിച്ചതുമൂലം
നിൻകഴൽക്കുപ്പിച്ചുബാലകന്മാരെഞാൻ 126
അർത്ഥമെത്താനവർക്കൊട്ടുതാഥ
ചിത്തംതെളിയിച്ചുവെച്ചോരനന്തരം 127
ഒട്ടുമതിനെസ്സഹിയാഞ്ഞവരുടെ
ധൃഷ്ടരായുള്ളപിതാക്കളിരുവരും 128
കണ്ടുപോൽചെന്നുടൻപർവ്വതരാജനെ
പണ്ടിതുചെയ്യുമാറില്ലെന്നറിഞ്ഞാലും; 122
ഇത്ഥമവർക്കപരാധങ്ങളാകുന്നു
ധാത്രിപതേധരിച്ചീടുകമാനസേ" 130

ഇത്തരമുള്ള ചാണക്യതന്ത്രജാലത്തിങ്ക-
ട്ടത്തരംകെ ചാണക്യനവമന്നനോടുമെത്രനാം 131
“ഓരോജനങ്ങൾക്കപരാധമിങ്ങിനെ
ഓരോതരത്തിലുണ്ടാസ്സതംനിർണ്ണയം; 132
വിത്തുപൂജക്കിതുണ്ടെന്നിരിക്കിലും
കാര്യമൊരാതർക്കുമാമരമഹീശ്വര! 133
ചെപ്പുകൊണ്ടാനകളെത്തന്നെയിങ്ങിനെ
പിച്ചയല്ലൊപ്പാനതന്നധരിച്ചാലും” 134
എന്നതുകേട്ടുകൌടില്യനും ചൊല്ലിനാൻ
“ഇന്നതുതാനിതിന്നൊക്കെയോമന്നവ” 135
മന്ദഹാസംപൂണ്ടതുനേരമിങ്ങിനെ
ചന്ദ്രഗുപ്തൻക്ഷിതിനായകൻ ചൊല്ലിനാൻ; 136
“കൌശലമില്ലാത്തൊരാനയങ്ങൾക്കഹോ?
വശപിടിച്ചതൊഴിച്ചുകൂടാത്തതൊ?” 137
“നീതിക്കുകൌശലംചേരാത്തുകൊണ്ടല്ല
ചാതുര്യമോടതു ചൊല്ലിത്തരുവൻ ഞാൻ 138
നാട്ടിൽപ്രജകൾക്കുരാജാവിനെക്കുറി-
ച്ചൊട്ടുമേരാഗമില്ലാതെവരുംവിധൌ 139
രണ്ടുപ്രകാരം പ്രതിവിധാനമുണ്ടു
രണ്ടുംപറയാമനുഗ്രഹംനിഗ്രഹം 140
ഉദ്ദേശനംപുരുഷതരാഖ്യനാം
ക്ഷുദ്രമതികളായീടുകകൊണ്ടെടോ 141
സപ്തവ്യസനങ്ങൾകൊണ്ടുപ്രമത്തരായ്
ക്ഷിപ്താധികാരികളായുള്ളവർകളെ 142
കണ്ടാമതുമതിന്നാക്കീടുകിൽ പുന-
രുണ്ടാമതിനാലനേകമനർത്ഥങ്ങൾ 143
ഹസ്തികുലത്തെയുമശ്വഗണത്തെയും
പൃത്ഥ്വീപതേമുടിച്ചീടുമറികനീ; 144
ഏവമനുഗ്രഹമാകുന്നിതുമെടൊ
കേവലംദോഷമല്ലാതെയില്ലതുകേ, 145

എങ്കിലോ കേൾക്ക മഹീപതേ! പിന്നെയും
'ഡിങ്കരാതാഖ്യൻ' ബലഗുപ്തനെന്നിവർ 146
എത്രയും ലുബ്ധപ്രകൃതികളാകയാൽ
ധാത്രിയെത്തന്നെ കൊടുത്തുവെന്നാകിലും 147
പ്രീതിവരാതവർക്കെങ്ങനെ ഭൂപതേ!
ചേതസി പാർത്താലനുഗ്രഹം നൽകേണ്ടു? 148
രാജസേനൻ ഭാഗുരായണനും പിന്നെ
രാജധനപ്രാണനാശഭയത്തിനാൽ 149
ഏറ്റം പരവശപ്പെട്ടവർക്കിങ്ങിനെ
മുറ്റുമനുഗ്രഹം നൽകുന്നു സാമ്പ്രതം? 150
ലോഹിതാക്ഷാഖ്യൻ വിജയവർമ്മാഖ്യനും
സാഹസകാരികളാകകൊണ്ടല്ലയോ 151
പുത്രരോടേറ്റം മറുത്തവർക്കിങ്ങിനെ?
ധാത്രീശ നൽകുന്നതിപ്പോളനുഗ്രഹം; 152
രണ്ടുപക്ഷം ഞാൻ പറഞ്ഞതിൽ മുന്നതി-
ലുണ്ടോ നിരൂപിച്ചു കണ്ടാലവകാശം? 154
പിന്നെപ്പറഞ്ഞ പക്ഷത്തിന്നു വൈഷമ്യ-
മെന്നതത്രേതാനുമുണ്ടെന്നറിഞ്ഞാലും 154
നന്ദരാജ്യം നിനക്കിന്നു ലഭിക്കയാൽ
നന്നായിണങ്ങീല നാട്ടിലുള്ളോരെല്ലാം 155
എന്നവരന്നേരം "പ്രധാനജനങ്ങൾക്ക
ദണ്ഡമകപ്പെട്ടുപോ"ലെന്നു കേൾക്കുന്നോരം 156
വിശ്വാസമില്ലാതെയാം പ്രജകൾക്കിഹ
വിശ്വൈകവീര! മഹീപതേ! നിർണ്ണയം; 157
എന്നതുകൊണ്ടിഹ നിഗ്രഹാനുഗ്രഹം
മന്നവ! രണ്ടിനും ദോഷമുണ്ടോർക്കനീ 158
പർവ്വതപുത്രൻ മലയകേതു പ്രഭ
ഗർവ്വിതനായ് നമുക്കുള്ള ജനത്തെയും 159
രാക്ഷസാമാത്യനെയുമവനുടെ
പക്ഷത്തിലാക്കിവെച്ചാദരപൂർവ്വകം 160

ദ്രുഹ്യൻപൌരവാദയൊടൊത്തിട്ടു
വാഴ്ചവിശേഷമകത്തുവൎദ്ധിക്കയാൽ 161
യുദ്ധത്തിനായൊരുമ്പെട്ടവൻനമ്മോടു
ബദ്ധരോഷത്തോടിരിക്കുംദശാന്തരെ 162
ഉത്സവത്തിന്നാരംഭമെന്തിന്നുനീ-
യുത്സാഹരംഗങ്ങളിലൊന്നിനുവേണ്ടതും 163
അസ്ത്രശസ്ത്രാഭ്യാസവുംചെയ്തുനിത്യവും
ധാത്രീശവേണ്ടതിൽ,കോട്ട,കിടങ്ങുകൾ, 164
നന്നായുറപ്പിച്ചുശത്രുപ്രതിവിധാ
നിന്നുകൊൾവാൻകരുതീടുകമാനസ; 165
എന്നതുകൊണ്ടുഞാൻചന്ദ്രമഹോത്സവം
ചന്ദ്രഗുപ്തഭവതിന്നഹോ!വിലക്കിനേൻ" 166
പാടവമേറുന്നകൌടില്യനിവൻ
കേട്ടതിലുത്സവംപോരത്തനന്തരം 167
മൌൎയ്യനായുള്ളനരവരശ്രേഷ്ഠനാം
ആൎയ്യനോടിങ്ങിനെപാൎത്തുചൊല്ലീടിനാൻ; 168
"ബന്ധുവാംനമ്മുടെപൎവ്വതപുത്രനെ
എന്തുമൂലംവിട്ടുപോവാൻതോന്നിയത്?" 169
"എങ്കിലോകേൾക്കനീചന്ദ്രഗുപ്തപ്രഭോ!
ശങ്കകൂടാതെപറയാമതുമെടോ! 170
പൎവ്വതപുത്രനിവിടെയിരിക്കുമ്പോൾ
പൂൎവ്വപ്രതിശ്രുതമായുള്ളരാജ്യത്തിൽ 171
പാതിപകുത്തുകൊടുക്കയോവേണ്ടതും
ചെന്നസിപാതത്താൽവധിക്കയൊവേണ്ടതും 172
കൊന്നാലവന്റെതാതനെക്കൊന്നതും
നിൎണ്ണയംനാമെന്നുചൊല്ലുമെല്ലാവരും 173
ആനമതിനാൽകൃതഘ്നരെന്നുള്ളൊരു
നാണയംനീളെനടക്കുന്നുമക്കെടോ 174
നാട്ടിലെപാതിപകുത്തുകൊടുക്കിലും
കേടതിനുണ്ടെന്നറികധരാപതേ! 175

ശാന്തിയാംപവിത്രജലത്തെക്കൊണ്ടതിൽ
ന്യൂനംകൃതഘ്നതമാത്രംഫലമെടോ! 176
ഇപ്പൊഴുന്നതാകെനിരൂപിച്ചുകണ്ടൊൻ
ക്ലിഷ്ടസ്വതന്ത്രങ്ങളവനവകാശം;” 177
“മന്ത്രിപ്രവരനാംരാക്ഷസൻതന്റെ
അന്തഃസാരത്തിൽവാഴുംശോനതെ 178
എന്തൊന്നുകണ്ടിട്ടുപേക്ഷിച്ചുമെന്നു
ചിന്തിച്ചുതോന്നീലെനിക്കെ”ന്നുമൌര്യനും; 179
“ചൊല്ലാമതുംനൃപാത്മജ, നീകേളെടൊ!
വല്ലാത്തകാട്ടനാമമ്മന്ത്രിരാക്ഷസൻ 180
ഉള്ളിൽകിടന്നാലവനിപനെയും
വല്ലപ്രകാരവുംകൊല്ലുമറിഞ്ഞാലും 181
ദൂരെയകററിക്കളഞ്ഞാൽപുറത്തിരു-
ന്നാരാനെയുംചെന്നുസേവിച്ചുകൊണ്ടവൻ 182
കാട്ടനാളുതട്ടിത്തിട്ടുവാനെത്തുമെ
ഒട്ടുമില്ലെന്നതറികമഹീപതേ!” 183
“എന്തിനൊന്നുമുപായംപ്രയോഗിച്ചു
സങ്കടംകൂടാതെരാക്ഷസാമാത്യനെ 184
ദൂരെക്കകററിക്കളഞ്ഞതിലെന്തുനീ
നേരെപറകെ”ന്നുചൊല്ലിനാൻമൌര്യനും 185
“എന്തറിഞ്ഞാലുമുപായമററുപായങ്ങ-
ളെന്തുംകൂടാതെചെയ്യുമമാത്യനെ 186
ഉള്ളിൽതറച്ചിളകാതെകിടക്കുന്ന
ശല്യംപറിച്ചുകളയുന്നതുപോലെ 187
തള്ളിക്കളഞ്ഞതറിഞ്ഞീലയോഭവാ-
നല്ലെന്നതോന്നുവാനെന്തൊരുവിസ്മയം!” 188
“അത്രവൈദഗ്ദ്ധ്യമുണ്ടെങ്കിൽഭവാനെന്തു
വിക്രമംകൊണ്ടുപാടേക്ഷിതിവശമാക്കാതതും?” 189
“വിക്രമിച്ചാലതിനാലെങ്ങളൊരുസംശയ-
മുംക്ഷതതെരുന്നുമന്ത്രികളോത്തമൻ 190

പ്രാണൻകളയുമതല്ലായ്കിൽനിന്നുടെ
ചേണാർന്നവൻപടകൊണ്ടുമുടിച്ചീടും 191
രണ്ടുപ്രകാരവുമെന്നാകിലുമാകാ
കണ്ടുകൊള്ളേണ്ടതൊന്നെന്നറിഞ്ഞീടുനീ 192
ഏറ്റവുമരിശപ്പെട്ടുവെന്നാകിലതിനൊരു
കുറവുണ്ടാകുന്നതല്ലാമന്ത്രിസത്തമൻ 193
കാട്ടിൽകിടക്കുന്നകാട്ടാനയെപ്പോലെ
വീട്ടിൽവരുത്തുവാൻതന്ത്രവുംചെയ്യുന്നീ” 194
അയ്യൻപറഞ്ഞതുകേൾക്കുവാനാളല്ല
കാര്യമറിയുന്നവർകളിൽവെച്ചുമോ 195
രാക്ഷസാമാത്യനോടൊത്തവരാരുമി-
ല്ലിക്ഷിതിതന്നിലതിനില്ലസംശയം” 196
“കൊണ്ടുവരുമെങ്ങനെരാക്ഷസാമാത്യന-
ങ്ങിങ്ങലകയെന്നതിശയമാമതും?” 197
“ഏതുമറിഞ്ഞതില്ലെങ്കിൽപറയുന്നൊൻ
ഭൂതധാത്രീദേവ! ചൊല്ലിത്തരാമിപ്പോൾ 198
നന്ദനൃപതികൾനിത്യമായ്വാഴുന്ന
മന്ദിരമിങ്ങുവരിച്ചോരനന്തരം 199
തന്നിൽനിന്നുള്ളകാലംനിജവാസിതം
നന്നായിവന്നിതെന്നിപ്പോഴനാലിമെ 200
കല്പിതംസാധിപ്പതിന്നറിയാതെനാം
കല്പാന്തവുംവരിച്ചീടുകയോഗ്യമോ? 201
വാണാനന്ദനൃല, മെറപ്രജകൾക്ക
കാണാതെയായ്വന്നതാമിലനുരാഗം” 202
ഭൂസുരനാകിയചാണക്യനാമതി-
ഭാസുരമായതിനുത്തരംചൊല്ലിനാൻ 203
“രാഗംപ്രജകളിലേറിച്ചമകയു-
മേകത്രവാസംവെളിക്കൊഴിക്കയും 204
നന്ദനൃപതിയെ ശ്രീവള്ളവർകൾക്ക
നിന്ദകൂടാതെചരിക്കയുമുപേതെ 205

അന്തഃപുരഭാരമുണ്ടാകയുംനിജ-
ബുദ്ധിവിലാസംവിളങ്ങിച്ചമകയും 206
ശുദ്ധബന്ധുക്കളേറയുണ്ടാകയു-
മേറുന്നശക്തിനൃപനിലുണ്ടാകയും 207
ഇത്തരമുള്ളൊരമാത്യൻപണ്ടു
ചിത്തമുറപ്പിച്ചിവിടെവസിച്ചതും; 208
രാക്ഷസനാമമാത്യനതന്നുള്ളിലുണ്ടെന്നു
സാക്ഷാൽകിടന്നുമുറുകുന്നുസന്തതം 209
നന്ദനൃപന്മാരെയൊക്കെവധിപ്പിച്ചു
ചന്ദ്രഗുപ്തപ്രഭൊനിന്നെഞാനാദരാൽ 210
ഭൂമിക്കുനാഥനായ്വാഴിച്ചതുപോലെ
കാമിച്ചിരിക്കുന്നുപർവ്വതപുത്രനെ 211
വാഴിപ്പതിന്നവനെക്കലമെല്ലാ
ഘോഷതാപമെരുന്നുരാക്ഷസൻകശ്മലൻ 212
നന്ദനെക്കൊന്നതുംനിന്നെവാഴിച്ചതും
ചട്ടാംഗമെല്ലാനീമറന്നതായതും 213
ദുഷ്ടനാംരാക്ഷസൻനോക്കിയിരിക്കവെ
ധൃഷ്ടനായ്ചെയ്തോരവസ്ഥകളൊന്നുമെ 214
ഞാനല്ലയൊചൊല്ലുമതസാരംകൈവിട്ടു
മാനംമുഴുത്തൊരമെയ്ത്തുമഹീപതെ!” 215
“ദൈവമതെന്നവൻനന്ദനൃപന്മാരെ
ഇവ്വണ്ണമാക്കിച്ചമച്ചതറിഞ്ഞാലും 216
ആത്മമനമുള്ളൊരഭിമാനമുണ്ടെങ്കിൽ
മെയ്ത്തനെന്നുള്ളതിന്നിക്കണ്ടതൊന്നുന്നു” 217
“ദൈവംപ്രമാണീകരിക്കുന്നവർകളെ
കേവലംമൂഢരെന്നുള്ളതറികനീ” 218
“മൂഢരല്ലാതവർവമ്പുപറയുമൊ
പ്രൌഢിചയക്കോട്ടമൊവിപ്രകുലപതെ!” 219
ഇത്തരംവാക്കുകൾകേട്ടുചാണക്യനാം
ചിത്തത്തിലേററംവളൎന്നിതുകോപവും 220

ഗാത്രംവിറച്ചുകണ്ണുംചുവത്തിക്കൊണ്ടു
ധാത്രീശനോടുപറഞ്ഞുതുടങ്ങിനാൻ 221
"പോരുമെന്നോടുനീയിത്തരംചൊന്നതു
ചേറപ്പുറത്തുപോകാതെതിരുത്താവെ 222
ഭൃത്യനോടെന്നപോലെനീപലതരം
ഉത്തരംചൊന്നതുപോരുംജളപ്രഭോ 223
സത്യംവൃഷലനല്ലോനീനിരൂപിക്കി-
ലുത്തമനായുള്ളഭൂസുരൻഞാനെടോ 224
മന്നവരാംനവനന്ദവധംകൊണ്ടു
മന്ദമടങ്ങുന്നമന്യുമഹനനെ 225
ഉജ്വലിപ്പിക്കയോചാപലനിനക്കിന്നു
നിശ്ചയംനാശംവരിക്കുംജളപ്രഭോ 226
എന്നിൽവലിയവൻരാക്ഷസനെന്നാണു
നിന്നുള്ളിലുണ്ടെങ്കിലതുമേവൈകാതെ 227
വാളിതാവേഗംകൊടുക്കനീരാക്ഷസ-
നാളല്ലഞാനിത്തരങ്ങളെക്കേൾപ്പതിനും" 228
എന്നുപറഞ്ഞുവാളുമെറിഞ്ഞാശു
തിണ്ണമെഴുന്നേറ്റുചാണക്യഭൂസുരൻ 229
മന്നനോടൊന്നുമെമിണ്ടാതെനോക്കാതെ
തന്നിടംപുക്കിതന്നിങ്ങിനെചിന്തിച്ചാൻ 230
"രാക്ഷസനിപ്രയോഗങ്ങളെപ്പുതമെ
സൂക്ഷ്മതരമായറിഞ്ഞവനൊക്കവെ 231
ചാണക്യനോടുവിപരീതമാക്കിഞാൻ
ഞാനിപ്പൊഴുള്ളൊരവനിനാഥനെ 232
ഇപ്പോൾജയിക്കുന്നതുണ്ടെന്നുറച്ചവൻ
കെൽപ്പോടുചെയ്യുംപ്രയോഗങ്ങളൊക്കവെ 233
നിഷ്ഫലമാക്കുമെന്നതുമില്ലെടോ
തൽഫലംനീതാനനുഭവിക്കുംദൃഢം" 234
ഇത്തരമോരോന്നുചിന്തിച്ചുതന്നുടെ
പത്തനംതന്നിൽചെന്നിരുന്നാൻവിപ്രനാം 235

കോപിച്ചുപോയതല്ലോ ചെന്നാക്കണ്ടു
താപംകലൎന്നു ചിന്തിച്ചിതു മൈത്രനാം 236
“എന്തിന്നെന്നോടു കോപിച്ചതുമിവ
ൾക്കുമായ് തന്നെ വന്നാൽ താനല്ലെ ശിവ ശിവ! 237
കോപിച്ചതാവാനിരൂപിച്ചുകാണുന്നേരം
ചാപിച്ചതല്ലെന്നതോന്നുന്നു മാനസേ 238
വല്ലാത്ത മൈത്രൻ പറഞ്ഞതു കേട്ടിട്ടു
വല്ലതുംവന്നാൽ പൊറുക്കണമെന്നുള്ളു” 239
എന്നാനിരൂപിച്ചു മന്നവനാരത
ന്നോടിങ്ങിനെ പാൎത്ഥനോടു ചൊല്ലീടിനാൻ 240
“എന്റെ മാനകന്യാധികാരമായുള്ള
[illegible] ചെയ്യുമായി” എന്നിങ്ങിനെ 241
നാട്ടിൽപ്രജകളുമൊന്നായ [illegible]
കൂട്ടമായ് [illegible] ചൊല്ലീടിനാൻ 242
എല്ലാവരുമറിഞ്ഞൊരുത്തരും [illegible]-
മെല്ലാരുമൊന്നായ [illegible] 243
“ഞാനിപ്പോൾ സൎവ്വാധികാരമന്നവൻ
[illegible] മൈത്രനാം” 244
എന്നിങ്ങിനെ രാജാ പറഞ്ഞിതിന്നാ-
[illegible] 245
മൈത്രനും പിന്നെ [illegible]
[illegible] 246
[illegible]
[illegible] 247
[illegible]
[illegible] 248

[illegible]

ആറാം പാദം

ഹരികരികിൽനിന്നരിയശാരികേ
പാകരശേഷമാംകഥകളോതവേ 1
വറുത്തരിയവിൽപൊരിവറുത്തെള്ളും
കുറുക്കപ്പാലതിൽകുഴച്ചുസാദരം 2
വെളുത്തവെല്ലവുംപൊടിച്ചതിലിട്ടു-
ഞെളുക്കിമെല്ലിച്ചുനിനക്കുഞാൻതരാം 3
മടിച്ചിടാതെതെളിച്ചിളമധു
കുടിച്ചുതാനാമിളച്ചുചൊല്ലെടോ 4
വിചിത്രമേറ്റവുംനിനച്ചുകാണ്കിലി-
ച്ചരിത്രമെന്നാലപരാമുദ്രാഖ്യം 5
നാടിപ്പ്രവർത്തമലയകേതുവും
മതിപ്രയോഗമുള്ളമാത്യനാംപിന്നെ 6
പ്രവൃദ്ധരായ്കാൻതവയൊക്കുടി
പ്രവൃത്തിച്ചതവനന്നമെഴുക്കീടനീ 7
നാളുമെകട്ടകിളിപ്പെണ്ണിയുമതി-
മധുരമാമ്പൂനംതെളിഞ്ഞുചൊല്ലിനാൾ:— 8
കഴിഞ്ഞതാകേകഥാവിശേഷമിപ്പുറവു-
മൊഴിഞ്ഞുഞാനെന്നതറികയുംവേണം 9
ഉരചെയ്യാൻപണിപെരുതതെന്നാകിലു-
മൊരുവർണ്ണംകഥാകഴിവോളംനേരം 10
പറകെന്നവരെ,വചസിസാമർത്ഥ്യം
കറയുമെങ്കിലുംതെളിഞ്ഞുകേട്ടാലും; 11
മലയകേതുവാംനൃപതിവീരനെ
പലകാലംസേവിച്ചമാത്യരാക്ഷസൻ 12
ഇരിക്കുംകാലത്തങ്ങൊരുദിനമത്ര
കൃതജ്ഞനാകുംഭദ്രഭടാദികളെയും 13

അതിമത്തംതനിക്കധികമുള്ളോരു
കലപാണനെയുംകണ്ടതിമോദംപൂണ്ടാൻ; 14
അവരിൽവെച്ചുദാരനായവൻമന്നാ-
മവനിനാഥനാംമലയകേതുതാൻ 15
ഉടൻമന്ദിരമകംപുക്കുനൃപ-
വരനെക്കണ്ടവനവസ്ഥകളെല്ലാം 16
അറിയിച്ചീടിനാനനുകാലംമന്ത്രി
വരനാക്കീടിനാനവനെയുംക്ലിഷ്ടൻ 17
പടക്കുനാഥനാംശിഖരസേനനെ
പടുതയുമുള്ളോരുഭദ്രഭടാദികൾ 18
തിരഞ്ഞുകണ്ടവരവനോടുംകൂടി
വിരഞ്ഞുനൃപതിവരനെക്കണ്ടതേ; 19
കുടിലനായുള്ള ചാണക്യപുത്രനോ-
ടിടഞ്ഞുപോന്നതുമറിയിച്ചീടിനാർ; 20
അതിൻപിന്നവൻതസ്യതനവർകളെ
യതിനായിട്ടധിപതികളാക്കിനാൻ 21
അനുകാലംക്ലിഷ്ടതനയനോടവ-
രതിഗൂഢമായൊന്നുരചെയ്തീടിനാർ 22
“ശിഖരസേനനോടൊരുമിച്ചുഞങ്ങളാം
ഖിലനാഥനാംഭവാനെക്കണ്ടതി- 23
ന്നൊരവസ്ഥയുമെന്നറികനൃപതേ
പറഞ്ഞറിയിക്കാമതുമിഹഞങ്ങൾ; 24
തവസചിവനാമമാത്യരാക്ഷസൻ
അവനിനാഥനായ്മരുവുംമൗര്യനോ- 25
ടൊരുമിച്ചീടുവാനവസരമിപ്പോൾ
കരുതിപ്പാർക്കുന്നു; ചതിക്കുംരാക്ഷസൻ, 26
അനുകൂലമമാത്യകനെക്കൂടാതെ
ചതിക്കുമെന്നുള്ള ഭയംകൊണ്ടുഞങ്ങൾ 27
ശിഖരസേനനോടൊരുമിച്ചുവന്നി-
ട്ടഖിലനാഥനാംഭവാനെക്കണ്ടതും” 28

അവർകളിങ്ങിനെ പറഞ്ഞതു കേട്ടി-
ട്ടവനീനാഥനാം മലയകേതുവും 29
തദനു ഭാഗുരായണനെയും വിളി-
ച്ചതു സമസ്തവുമറിയിച്ചീടിനാൻ; 30
അറിയാൽ ഭാഗുരായണനന്നേരം
പെരികെക്കൗമാരം പൂണ്ടുരചെയ്തീടിനാൻ; 31
"നൃപ നൃപതിക്കവളപ്പ്രതിന്നായി
നൃപതിയെസ്സ്നേഹം പെരികെയുള്ളോരെ 32
കപടം കൈക്കൊണ്ടിട്ടാശ്രയിച്ചുവന്നവർ
നൃപശിഖാമണേ! ഭവാനെക്കണ്ടതും" 33
അതുകേട്ടു നരവരനും ചൊല്ലിനാൻ
"ചതിവെടിഞ്ഞുള്ളോരമാത്യനെപ്പോലെ 34
പെരികെസ്സ്നേഹമുള്ളവർകളാരുമി-
ധരണിയിലില്ലെന്നറിഞ്ഞാലുമെടോ" 35
ചിരിച്ചു ഭാഗുരായണനവനന്നേര-
മിരിക്കും മന്നനോടുരചെയ്തീടിനാൻ 36
"അതിനേതുമൊരു വികല്പമില്ലതാ-
നതുകൊണ്ടല്ലെടോ പറഞ്ഞതുമിപ്പോൾ 37
ചണകപുത്രനോടമാത്യനേററവും
പിണക്കമാകുന്നു ധരിക്ക മാനസേ 38
പിണക്കമില്ല ചന്ദ്രഗുപ്തനെക്കുറി-
ച്ചിണക്കമീവഴി നിനക്കുമുണ്ടല്ലോ 39
കുടിലചിത്തനാം ചണകപുത്രന്റെ
കടുപ്പങ്ങളൊട്ടും പൊറുക്കാതെയമന്ത്രിൻ 40
അധികാരങ്ങളൊപ്പിച്ചൊഴിപ്പിച്ചിട്ടകി-
ലതിനുണ്ണാനെന്നാമമാത്യരാക്ഷസൻ 41
മരിച്ചുനന്ദനെക്കുറിച്ചു ഭക്തികൊ-
ണ്ടോർച്ചീടും തന്റെ മനസ്സിലിങ്ങിനെ:— 42
"നിനച്ചുകാൺകിലീ നൃപതി മൌര്യനാം
ജനിച്ചതും നന്ദകുലത്തിൽനിന്നുഷം 43

നിനച്ചിട്ടുവഴിയുറച്ചുരാക്ഷസൻ
മനക്കരുത്തേറുമരിയമൌര്യനെ 44
പൊരുത്തമത്സരംകളഞ്ഞുകണ്ടട-
നിരിക്കമില്ലായ്കവികല്പമെന്നുമെ; 45
അവർകളെക്കുറിച്ചുനേരംഭവാ-
നവിശ്വാസംചെയ്തതുകണ്ടിട്ടെല്ലാ 46
മികവേറുംഭദ്രഭടപ്രഭൃതികൾ
ശിബിരാസനമാശ്രയിച്ചുവന്നതും!” 47
സചിവനാംഭാഗുരായണൻതന്റെ
വചനംകേട്ടുപർവ്വതപുത്രൻചൊന്നാൻ 48
“പരമാർത്ഥംസഖെപറഞ്ഞതൊക്കെയു
നിരന്നിതുനിന്റെവചനമേററവും 49
ചണകജൻതന്റെകല്പനകൊണ്ടോരോ
ജനങ്ങൾമൌര്യനെവെടിഞ്ഞുപോരുന്നു 50
നമുക്കിതുകാലംപടകൊണ്ടുചെന്നി-
ട്ടമർത്തണംമൌര്യചണകജന്മാരെ 51
മമതാതൻതന്നെക്കുറിച്ചിനിയൊരു
മമതയില്ലെന്നുപറയുന്നുജനം 52
കഴിഞ്ഞുപത്തുമാസവുമെന്റയ്യൻ
കഴിഞ്ഞതുമുതലറികെടൊസഖെ! 53
ചതിച്ചുതാതനെക്കൊലചെയ്തമൂലം
പ്രതിജ്ഞയുംകോപിച്ചിവണ്ണംചെയ്തുഞാൻ 54
പിതൃഘന്താവിനെക്കൊലചെയ്യാതെഞാൻ
പിതൃക്രിയചെയ്യുന്നതുമില്ലെന്നുമെ 55
കഠിനനായഞാൻപ്രതിജ്ഞയുംചെയ്തു
പൊറുക്കുന്നതെന്റെബലക്ഷയംതന്നെ 56
ഒരുത്തരികളെവധിച്ചുവൈകാതെ
മരിച്ചുതാതന്റെജലക്രിയചെയ്വാൻ 57
എളുതല്ലാപോർചെയ്തുമരിപ്പനല്ലായ്കിൽ
ഘടിച്ചതൊക്കെവെവൃഥമെടൊസഖെ! 58

അതിനമാത്യൻറെകയ്യെഴുത്തുണ്ടെന്നാകി–
ലിതുകാലംപുനരെളുപ്പമുണ്ടെടോ 59
ശിരസിവേദനകലർന്നാരാക്ഷസൻ
പരവശപ്പെട്ടുകിടന്നിതപ്പോൾ, 60
അതുകൊണ്ടുമന്ത്രിപ്രവരനെക്കാണ്മാൻ
അധികമായിപ്പോളുഴറിവന്നോൻ 61
പുറപ്പെട്ടുകനാമതിന്നുവൈകാതെ
പരക്കെവേണ്ടനമിതവശമതി'' 62
പലതരമിത്ഥംപറഞ്ഞുഴറോടെ
മലയകേതുഭാഗുരായണനുമായ് 63
പുറപ്പെട്ടുചെന്നങ്ങമാത്യൻവാഴുന്ന
പുരത്തിന്നുചെന്നങ്ങടുത്തുതന്നേരം 64
വയസ്യസമനായുള്ളമാത്യരാക്ഷസൻ
കുസുമമന്ദിരത്തിലെവിശേഷങ്ങൾ 65
അറിവതിന്നുതാൻപറഞ്ഞയച്ചോരു
കരഭകനൊരുപഥികവേഷമായ് 66
പരമാർത്ഥമെല്ലാമറിഞ്ഞുവന്നവൻ
തിറമേറുംമന്ത്രിപ്രവരനെക്കണ്ടോൻ 67
പുരംപ്രവിഷ്ടനാമവനെക്കണ്ടുടൻ
ചിരിച്ചമാത്യനുമിവണ്ണംചൊല്ലിനാൻ 68
“പഥികനായന്നോചരിക്കരികിൽനീ
പറകമൌര്യൻറെചരിതമൊക്കവേ” 69
രഹസ്യമാംവണ്ണംപറവതിന്നപ്പോൾ
മഹതാമുള്ളരാക്ഷസൻനിനച്ചുള്ളിൽ 70
ശകടദാസനോടി“വരരേയുംകൊണ്ടി–
അകത്തുപോരികെ”ന്നരുൾചെയ്തീടിനാൻ 71
അഥശകടനുംകരഭകൻതാനു-
മതിഗുണനാകുമുടയമന്ത്രിയും 72
അകത്തുപുക്കുടനിച്ഛവാതിലു-
മിക്കാതെള്ളിത്തുടനിരുന്നാരവരോ 73

മലയകേതുവുംസചിവനുംകൂടി
ചിലകാര്യംനിനച്ചമാത്യനെകാണ്മാൻ 74
പുറപ്പെട്ടനേരമറയിലന്നുകേ-
ട്ടിതു ചതുരംകൂടെയവിടെച്ചെല്ലുമ്പോൾ 75
അറവാതിൽനന്നായടച്ചുകണ്ടപ്പോ-
ളിറപാർത്തുനിന്നാരവരുമന്നേരം 76
കൂട്ടുകേനകരഭകനോടുമന്ത്രി
പതുക്കെച്ചോദിച്ചുതുടങ്ങിയന്നേരം 77
“കരഭകനീയസ്തനകലശനെ
യരിപുരത്തിങ്കൽപ്പുനരവനെയോകണ്ടു?” 78
അതുകേട്ടുകരഭകനും ചൊല്ലിനാൻ
“മതിമാനാമവനെയുംകണ്ടേനഹം” 79
മലയകേതുവുമതുകേട്ടുമോദം
കലർന്നുഭാഗുരായണനോടു ചൊന്നാൻ 80
“അറികനീപുഷ്പപുരവൃത്താന്തമ-
ളറിയിക്കുന്നതുമൊരുവൻമന്ത്രിയെ 81
രഹസ്യമായൊരുവചനം ചൊല്ലുമ്പോൾ
ബഹുജനവൃതമാക്കീടരുതല്ലോപാർത്താൽ 82
ഇറപാർത്തുകേട്ടാലറിയാമെന്നല്ലാ-
തുറവുകളെന്നുധരിക്കെടൊസഖെ” 83
“പരമാർത്ഥമതെന്നാപറഞ്ഞതുഭവാ-
നറിയാമെല്ലാമെ”യെന്നവനും ചൊല്ലിനാൻ 84
അതിവിലക്ഷണനാംകരഭകൻതന്നോ-
ടതുനേരമമന്ത്രിപ്രവരനും ചൊന്നാൻ 85
“മനക്കാമ്പെന്തെന്നുകരഭകയിപ്പോൾ
നിനച്ചകാര്യംഫലിച്ചിതോപാർത്താൽ?” 86
“ഫലിച്ചിതേറ്റവുംതവനയത്തിനൊ
വലിപ്പമുണ്ടെന്നുധരിക്കമാനസെ” 87
അതുകേട്ടുപർവതകപുത്രനും
അതിദുഃഖമുള്ളസഖിയോടോതിനാൻ 88

"നിന്നുള്ളകാര്യമെന്നിതാ പറയുന്നു
ഇനിക്കതെന്തെന്നതറിയുന്നില്ലെടോ" 89
"നൃപതികൾകൂട്ടമകടത്താമേ
കപടമന്ത്രികൾ ചരിതമെങ്ങിനെ 90
അറിയുന്നു പുനരിനിയും പ്രാകൃതബാ-
ലറിയാപ്പേക്ഷ"യെന്നരചെ ചൊല്ലീടിനാൻ 91
അകതളിരന്നേപ്പോളമാത്യരാക്ഷസൻ
അകക്കാമ്പന്നേററം തെളിഞ്ഞു ചൊല്ലിനാൻ 92
"പറക വിസ്തരിച്ചഖിലവുമെടോ"
"പറയാമെങ്കി"ലെന്നവനും ചൊല്ലിനാൻ 93
"തവ നിയോഗത്താലഗതിവേഷംപൂ-
ണ്ടിവിടെന്നപുഷ്പപുരിക്കു വന്നു ഞാൻ 94
സ്ഥാനകളെന്നോടിഷ്ടരായവ
മനസി ചിന്തിതമുരചെയ്തീടിനേൻ 95
ചണകപുത്രനോടവനിശന്മുറ്റവൻ
പിണങ്ങുമന്നേപ്പുറമറിഞ്ഞു നീ 96
ധരണീശൻതന്നെ ... ന്നെന്ന
പറഞ്ഞു മന്ത്രിയെന്നോടു ചൊല്ലീടിനേൻ 97
അതിനെത്തുമൊതകവിനിക്കില്ലെ-
ന്നതിവിലോഭനാമവനും ചൊല്ലിനാൻ 98
അനന്തരം മൌര്യൻ പ്രജകളെയെല്ലാ-
മനാകുലന്തനിധനചിന്തയാ 99
നിജസാധനകളവർക്കു സന്തോഷം
വരുത്തുവാനെന്നു നിനച്ചുകൊണ്ടുള്ളിൽ 100
പുരങ്ങളൊക്കവെയലംകരിപ്പിച്ചി-
ട്ടൊരു ചന്ദ്രോത്സവം തെളിഞ്ഞു കല്പിച്ചാൻ 101
അതിനാലാനന്ദം കലർന്നു ലോകർക്കും
അതിനൊരുദ്യോഗം വളർന്നനന്തരം" 102
ആളുകൾ കേട്ടു കണ്ണിലൂറുന്നവെള്ള-
മധികതാപേന പറഞ്ഞു രാക്ഷസൻ 103

“മൌര്യപൻനന്ദൻധരണിക്കിന്നൊരു
കുമുദബാന്ധവന്മനസന്നിഭൻ 104
ഗുണഗണങ്ങൾക്കുസതതംവാഴ്വാൻ
മണികലശനാംനൃപനെക്കൂടാതെ 105
നിറക്കുമോചന്ദ്രമഹോത്സവമിപ്പോൾ
മറക്കുമോമൌര്യപനെങ്ങനഹോ” 106
ചപലതരമിതഥാപറഞ്ഞമാത്യനു-
മുറിവീണിതുപോലത്തദുഃഖത്താൽ 107
കരഭകൻതാനംശകടനുംകൂടി
പരവശംകണ്ടുപിടിച്ചമാത്യനെ 108
നിവർത്തിനാൻവെള്ളംതളിച്ചുതാപത്തിൻ
നിവൃത്തിയുമൊട്ടുവരുത്തിനാരഹോ 109
കരഭകനോട്ടുപുനരമാത്യനും
“പറകശേഷ”മെന്നരുൾചെയ്തീടിനാൻ 110
അതുകേട്ടുചൊന്നാനവൻ“എങ്കിലോ
ചതിയേറീടുന്നചണകനന്ദനൻ 111
മുടക്കിനാൻചന്ദ്രമഹോത്സവംപിന്നെ
കട്ടപ്പമെങ്ങിനെപറഞ്ഞുകൂടുന്നു?” 112
അതുകേട്ടുമൌര്യൻചണകപുത്രനോ-
ടതികുപിതനായുരചെയ്യുന്നേരം 113
സ്തനകലശനപ്പോഴുമൌര്യന്റെ
ഗുണഗണംവാഴ്ത്തിസ്തുതിച്ചുസാദരം 114
നൃപനാജ്ഞാഭംഗംസഹിച്ചുകൂടാതെ
കപടബുദ്ധിയാംചണകപുത്രനെ 115
അധികാരത്തിങ്കന്നൊഴിപ്പിച്ചാൻതവ
മതിഗുണങ്ങളെപ്രശംസിച്ചുതന്നെ” 116
പറഞ്ഞചാരന്റെവചനംകേട്ടുൾ
നിറഞ്ഞൊരാനന്ദംവഴിഞ്ഞരാക്ഷസൻ 117
പറഞ്ഞാ“നെന്നുടെസ്തനകലശന്റെ
വിരുതുകളതുഫലിച്ചുതുമിപ്പോൾ 118

പെരികനകനേരല്ലോസ്തനകലശത്തിന്റെ
വിരഞ്ഞതുമേലേത്തമുളപ്പിച്ചുവാറും 119
ശിഷ്ടകങ്ങളുംനിജകളിപ്പുളിൽചെയ്യുന്നാൽ
നശിപ്പിച്ചാലതുസഹിക്കയില്ലവർ 120
നരപതനമങ്ങാപ്പുനരാജ്ഞാഭംഗം
പൊറുത്തുപോക്കുന്നമനസിസന്തതം" 121
പലതരമവർപറഞ്ഞതുകേട്ടു
മലയകേതുവുമുരചെയ്തീടിനാൻ 122
"ഇങ്ങനെഭാഗുരായണ!നീകേട്ടില്ലേ
ഇപ്രശംസചെയ്തമാത്യന്റെമെയ്യിൻ 123
ചണകപുത്രനെയൊഴിച്ചുതോക്കുമ്പോൾ
ഇണക്കമുണ്ടെന്നുധരിക്കുന്നോസഖേ" 124
"ഇപ്രശംസകൊണ്ടറിയണമെന്നു"
ചണകപുത്രനെയൊഴിച്ചുതോക്കുമ്പോൾ 125
ഇതിപ്പുരമെന്നോന്നറിവതിനെന്നു"
മതിമാൻഭാഗുരായണനാംചൊല്ലിനാൻ 126
പുനരപികരഭകനോടുമന്ത്രി
വിനയമുൾക്കൊണ്ടുപറഞ്ഞാനിങ്ങിനെ 127
"നരപതിചാണക്യനോടുകോപിപ്പാൻ
നിറമേറുംചന്ദ്രമഹോത്സവത്തിന്റെ 128
മുടക്കംചെയ്തതിലൊട്ടങ്ങിയൊമാറും
കടപ്പമേതാനുമിനിയുംകേട്ടിതോ?" 129
അതുകേട്ടുചൊന്നാൻമലയകേതുവും
മതിമാനായുള്ളസചിവനോടേവം 130
"നരവരൻകോപിച്ചതിൻമൂലംതിര-
ഞ്ഞറിഞ്ഞിട്ടെന്തൊരുഫലംമന്ത്രിക്കിപ്പോൾ?" 131
"ഫലമതിനെന്തെന്നരുൾചെയ്യാ"മെന്നു
മലയകേതുവോടുരചെയ്തീടിനാൻ, 132
"മതിമാനായുള്ള ചണകനന്ദന-
നിതുകാലമൊരുഫലവുംകൂടാതെ 133

നൃപനെക്കോപിപ്പിക്കയുമില്ലപാൎത്താ-
ലുപകാരംചെയ്താൽമറക്കമാരൊരുത്തൻ 134
ശത്രുകൊണ്ടല്ലയൊഗുണമറിഞ്ഞതിനാ-
ഞ്ഞധികാരത്തിങ്കന്നൊഴിച്ചതുമിപ്പോഴും 135
പലപ്രകാരവുംനിരൂപിച്ചുകണ്ടാൽ
നിലവിട്ടവൈരംമുഴുത്തിട്ടുമത്രെ 136
ഞാകന്നിരിക്കയില്ലിവൎക്കിനിയെന്നാ-
തകമെചിന്തിച്ചുപറവാൻകാരണം 137
കരഭകൻമന്ത്രിപ്രവരനോടപ്പോൾ
ചിരിച്ചുചൊല്ലിനാനിനിയുമുണ്ടെടോ 138
മലയകേതുവാംനരപതിയെയും
പലരുമുള്ള ചോദനയുംപിന്നെ 139
കളത്രാതതുമതെളിഞ്ഞിലായൊത്തു-
നിളക്കമുണ്ടതിലറികസാമ്പ്രതം” 140
അതുകേട്ടുമന്ത്രിപ്രവരനത്തെളി-
ഞ്ഞതിസ്നേഹമുള്ള ശകടനോടപ്പോൾ 141
ഉരചെയ്തീടിനാ“നിനിമൊത്തുമെന്റെ
കരത്തിലായിതെന്നറികെടോസഖേ! 142
ഇനിച്ചന്ദനദാസനസ്വയംവന്നു.
നിനക്കണിവനെഗ്രഹണത്തിനാം 143
സ്വയംവന്നസൗഖ്യപ്പറിയുകാരം
സ്വയംവന്ന ബന്ധുജനങ്ങൾക്കമെല്ലാം” 144
മലയകേതുവുമതുകേട്ടനേരം
കലഹമേറെയായ് സചിവനോടേവം 145
പറഞ്ഞിതു“മൈത്ര്യക്കിൽവന്നിരു-
ന്നരചെയ്യുന്നതിന്നായിപ്രാരംഭിപ്പോം 146
കുമെന്തറുംമന്ത്രിപ്രവര[illegible]നോ
നിരവധിമൈത്ര്യസ്വ[illegible]കാലം?” 147
ചിരിച്ചുരാക്ഷസൻ[illegible]
കുമാരനാംമൂച്ചുസ്വ[illegible]നാണാൻ 148

“നൃപശിഖാമണിയതിന്നമറെറാരു
കപടംകാട്ടുന്നു ചാണകനന്ദനൻ? 149
വെടിഞ്ഞമാത്യനാംനൃപതിവീരനോ-
ട്ടടമതേടുവാനഭിപ്രായമെടോ” 150
നൃശംസനായൊരമാത്യനന്നേരം
കരഭകനോടുപറഞ്ഞുപിന്നെയും 151
“അധികാരംവെച്ചു ചാണകജൻവട്ട-
വിളുകാലംകൃതുവസിക്കുന്നതെ ചൊൽനീ?” 162
അവനതുകേട്ടുപറഞ്ഞു“ചാണക്യ-
നവിടന്നൊരുമേഗമിച്ചതില്ലല്ലോ 153
അടവിയിൽപുക്കുതപസ്സുചെയ്യുതി-
നട്ടുള്ളൂയാത്രയെന്നതുകേട്ടേനഹം” 154
മുഖപ്രസാദവുംകുറഞ്ഞുരാക്ഷസ-
നകമേചിന്തിച്ചുശകടനോടപ്പോൾ 155
പറഞ്ഞിതു“തമ്പീവിടഞ്ഞുചാണക്യൻ
നിറഞ്ഞകോപത്തോടധികാരംവെച്ചു 156
പുറപ്പെട്ടുപോകാഞ്ഞതുപ്രതിജ്ഞയെ
വിരവോടുചെയ്യാഞ്ഞതുംനിരൂപിച്ചാൽ 157
ശകടദാസ!കേളതിനുചെറ്റുമി-
ല്ലകമേചിന്തിച്ചാൽവികല്പമുണ്ടെടോ 158
നരവരന്മാർക്കുകടമായുള്ള
നിറമെഴുമെഴുനൃപതിനന്ദന്റെ 559
ഉത്തമാഗ്രാസനംപിഴുകിപ്പോന്നതും
മതിയിലൊട്ടുമേസഹിയാഞ്ഞൊരിവൻ 160
വൃഷലിപുത്രനെനിജബലംകൊണ്ടു
വസുമതിക്കധിപതിയാക്കീടിനാൻ 161
ആരമതികൊണ്ടുള്ളവന്റെയധികാരം
സഹിച്ചുവിടെത്താനിരുന്നതെങ്ങിനെ?” 162
പലവിധമേവംപറഞ്ഞവാക്കുകൾ
മലയകേതുകേട്ടരികിൽവാണീടും 163

പ്രിയസഖിവചനോത്തരം ചെയ്തീടിനാൻ
"പ്രിയസഖേ! ഭവാനിതു ധരിച്ചീലേ 164
ചണകതനയൻ പ്രതിജ്ഞ ചെയ്തിട്ടും
വനം ഗമിച്ചിട്ടുമമാത്യനിക്കാലം 165
ഒരു ഫലമെന്തെന്നറിഞ്ഞതില്ലേ" ഇവ
പറഞ്ഞളവപരനോത്തരം ചെയ്താനവൻ 166
"ഇതു പറവാനൊരു വിഷമമെന്തെടോ?
മതിമാൻ ചാണക്യനകന്നീടുംതോറും 167
തനിക്കമമൈത്ര്യനോട്ടത്തിലുകൊള്ളുവാ-
നനങ്ങളതിന്നതിലുറച്ചു പാർക്കുന്നു" 168
അഥ ശകടദാസനമമാത്യനോ-
ടതിപ്രമോദേന പറഞ്ഞാനിങ്ങനെ 169
"വികല്പമില്ലിതിനിഹ മന്ത്രിപ്രവാ-
ളകപ്പെടുന്നോളിതു കാലം പോരുമോ 170
ചണകപുത്രനെ പരിഭവിക്കുമെന്ന
മനസിരോന്നിതിനിരൂഴ്ച്ചിതെങ്കിലും 171
"അതിനവകാശം പെരികെയുണ്ടല്ലോ
മതിയിൽ മൗര്യനാം നരപതിക്കുമവൻ 172
അഖിലനൃപതികലമിതു കാലം
പകലിരവുവന്നടിപണിയുന്നു 173
ധരണിക്കിന്നതു തൊഴുകറിയാകം
നരപതികളിലധിപതിയെത്രൻ 174
പൊറുക്കമോതീരംഗം വരുന്നതാണേകം
ഉറയ്ക്കുമോ ചാണക്യനമഗ്രമം ചെയ്താൽ 175
കലിയിലാം ചണകജവതൃതിന്റെ
കട്ടമാകൊപിച്ചാൽ പെരുതെന്നാകിലും 176
പ്രതിജ്ഞ ചെയ്ക നില്ലിനിമുന്നമാ-
നതിപ്രയത്നാൽ ചെയ്യാത്തവണ്ണമൊന്നും 177
വിധിബലംകൊണ്ടുകടന്നാനക്കാലം
ആളുപോലവലയെവെച്ചുനയ്ക്കേമോദം 178

കനത്തൊരത്ഥമുണ്ടതിന്നാശയത്തെ
നിനച്ചുശങ്കയുംവളരെയുണ്ടല്ലൊ” 179
“പറഞ്ഞതൊക്കെ”യെന്നുരചെയ്തനേരം
കരഭകൻതന്നിക്കമാത്യരാക്ഷസൻ 180
തരിവളനല്ലപുടവപട്ടുകൾ
പരിചൊടുകൊടുത്തിതുസന്തോഷത്താൽ 181
വിശേഷനായമൌര്യരായനന്നപ്പോ-
ളതിരമുള്ള നൃപനോടുചൊന്നാൻ 182
“ചതിക്കുംനമ്മെരാക്ഷസനെന്നുള്ളൊരു
മതിഭ്രമമെങ്ങുംപുറത്തുകാട്ടാതെ 183
പരുഷമായ്ത്രിപ്രവരനോടൊന്നും
പറയാതെഭവാനടങ്ങിപ്പാർക്കണം 184
പരമാർത്ഥംനമുക്കറിയാമെല്ലായെ”-
ന്നുറപ്പിച്ചീടിനാനവനാംകൃഷ്ണനെ 185
പരമാനന്ദംപൂണ്ടഥകരഭകൻ
പറഞ്ഞുയാത്രയുമമാത്യനോടപ്പോൾ 186
ത്തുറന്നവാതിലുമകത്തുനിന്നവ-
നിറങ്ങുമ്പോൾകണ്ടുതൊഴുതുമന്നനെ 187
ഉടനെമൌര്യരായനനോടുംകൂടെ
കടന്നുപോയ്തദാപർവ്വതതനുജനം 188
അഴകേറുംഗോപകുമാരനെക്കണ്ടി-
ട്ടെഴുന്നേറ്റുനിന്നാനമാത്യരാക്ഷസൻ 189
പരിതോഷംപൂണ്ടുപരിയങ്കംവെച്ചി-
“ട്ടിരുന്നരുളുകെ”ന്നുരചെയ്തീടിനാൻ 190
മലയകേതുവുമിരുന്നുചൊല്ലിനാൻ
“തലനോവിനൊട്ടുശമനംവന്നിതോ? 191
വശക്കേടെന്നുകേട്ടുഴറിവന്നഞാൻ
വസിക്കേണമെന്നുമാനമതല്ലോനില്പാൻ 192
അതുകേട്ടാനന്ദമിയന്നുചൊല്ലിനാ-
നിതുകാലംപൊറുപൊറെചെയ്യുമ്പോൾ 193

ശിരസിപട്ടംകെട്ടുകയൊഴിഞ്ഞതവന്റെ
ശിരസിവേദനശമിക്കുന്നില്ലൊട്ടും 194
